# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നിലമ്പൂർ മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം21/3088/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 03/02/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
നിലമ്പൂർ മുനിസിപ്പാലിറ്റി

സർ,

വിഷയം : നിലമ്പൂർ മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നിലമ്പൂർ മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3)റീജ്യനൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യവകുപ്പ്, കോഴിക്കോട് (ഉപരിപത്രം സഹിതം)
4)കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.എം.പി.എം21/3088/22 തീയ്യതി: 03/02/2023

## മലപ്പുറം ജില്ലയിലെ നിലമ്പൂർ മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ നിലമ്പൂർ മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 04-07-2022 മുതൽ 30-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 42 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 21-12-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സതീഷ് മാവേലി പുത്തൻവീട് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 12-12-2022 | 21-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 12-12-2022 | 21-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ശ്രീ.അബ്ദുൽ ജലീൽ ടി.പി - ഓഡിറ്റ് ഓഫീസർ.(ഹ.ഗ്രേ)
2. ശ്രീ.മുഹമ്മദ് സലീം.ടി - അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3. ശ്രീ.രാമകൃഷ്ണൻ.ടി - സീനിയർ ഗ്രേഡ് ഓഡിറ്റർ
4. ശ്രീ.റഷീദ്.വി - സീനിയർ ഗ്രേഡ് ഓഡിറ്റർ
5. ശ്രീമതി.സുജാത.എം - ഓഡിറ്റർ
6. ശ്രീമതി ഹുസ്ന വിസി,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.മാട്ടുമ്മൽ സലീം | ചെയർമാൻ | 01-04-2021 | 31-03-2022 |
| ശ്രീ.ബിനുജി.ജി | സെക്രട്ടറി | 01-04-2021 | 31-03-2022 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.കൃഷ്ണൻ.പി.പി | ഹെൽത്ത് ഓഫീസർ | 01-04-2021 | 23-06-2021 |
| ശ്രീ ശ്യാംകുമാർ പി കെ | ഹെൽത്ത് ഓഫീസർ | 24-06-2021 | 30-06-2021 |
| ശ്രീ മുഹമ്മദ് ഇഖ്ബാൽ കെ | ഹെൽത്ത് ഓഫീസർ | 01-07-2021 | 22-01-2022 |
| ശ്രീ ശ്യാംകുമാർ പി കെ | ഹെൽത്ത് ഓഫീസർ | 23-01-2022 | 03-02-2022 |
| ശ്രീ ഷമീർ എം | ഹെൽത്ത് ഓഫീസർ | 04-02-2022 | 31-03-2022 |
| ശ്രീമതി.നീതു തങ്കം സി | കൃഷി ഓഫീസർ | 01-04-2021 | 06-05-2021 |
| ശ്രീ അനൂപ് കുമാർ വി എൻ | കൃഷി ഓഫീസർ | 07-05-2021 | 01-07-2021 |
| ശ്രീ ഉമ്മർ കോയ ടി | കൃഷി ഓഫീസർ | 02-07-2021 | 31-03-2022 |
| ഡോ.ഹബീബ.പി.കെ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ.അബൂബക്കർ.എൻ | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 01-04-2021 | 31-03-2022 |
| ഡോ.ജിജോ.എ.പി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ശ്രീമതി.ക്രിസ്റ്റീന തോമസ് | ഹെഡ് മിസ്ട്രസ് (ജി.എം.വി.എച്ച്.എസ്.എസ് നിലമ്പൂർ) | 01-04-2021 | 31-03-2022 |
| ശ്രീ.ജോർജ്ജ്.പി.വർഗ്ഗീസ് | ഹെഡ്മാസ്റ്റർ (ജി.എം.എൽ.പി.എസ് നിലമ്പൂർ) | 01-04-2021 | 30-04-2021 |
| ശ്രീമതി സ്റ്റെല്ല കെ കെ | ഹെഡ് മിസ്ട്രസ്,(ജി എൽ പി സ്കൂൾ കരിമ്പുഴ | 01-05-2021 | 31-03-2022 |
| ഡോ.ഷൗക്കത്തലി | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ പി ശിവപ്രസാദ് | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2021 | 31-03-2022 |
| ശ്രീമതി.സുഫൈറത്ത്.കെ.ടി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീ ശ്യാംകുമാർ പി കെ | പ്രൊജക്റ്റ് ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ. അഫ്സൽ.സി. | മുൻസിപ്പൽ എഞ്ചിനീയർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം (എ സി ആർ പ്രകാരം ) | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് (AUEGS) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | കാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്ക് പരിശോധന -അപാകതകൾ | 1-11 |
| 12 | തൊഴിൽ നികുതി -അപാകതകൾ | 1-12 |
| 13 | വിനോദ നികുതി പിരിച്ചെടുത്തതിലെ അപാകത | 1-13 |
| 14 | തെരുവ് വിളക്കുകളുടെ സ്ഥാപനവും പരിപാലനവും വൈദ്യുതിചാ**ർ**ജും - കണക്കുകൾ വ്യവസ്ഥപ്പെടുത്തി സൂക്ഷിക്കുന്നില്ല | 1-14 |
| 15 | ഭവന പുനരുദ്ധാരണം പദ്ധതി (എസ് സി )- അപാകതകൾ | 1-15 |
| 16 | ഭവന പുനരുദ്ധാരണം പദ്ധതി (എസ് സി ) (സ്പിൽ ഓവർ)- അപാകതകൾ | 1-16 |
| 17 | പി എം എ വൈ ഭവനപദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല. | 1-17 |
| 18 | എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി - പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ് | 1-18 |
| 19 | എസ് ടി വിദ്യാർത്ഥികൾക്ക് പഠനമുറി - പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്. | 1-19 |
| 20 | അഗതി രഹിത കേരളം പദ്ധതി - പ്രവർത്തനം ആശാവഹമല്ല. | 1-20 |
| 21 | മുഴുവൻ ആയുർവേദ മരുന്നുകളും ലഭ്യമായില്ല. | 1-21 |
| 22 | പൊതു ടാപ്പുകളുടെ വെള്ളക്കരം ഭീമമായ തുക ഫൈ**ൻ** ചുമത്തപ്പെടുന്നു. | 1-22 |
| 23 | ആദായ നികുതി ഈടാക്കിയില്ല. | 1-23 |
| 24 | മു**ൻ**കൂ**ർ** ക്രമീകരിച്ചില്ല. | 1-24 |
| 25 | മുനിസിപ്പൽ ഓഫീസിന് സമീപം കുടുംബശ്രീ കാന്റീൻ നിർമാണം; പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. | 1-25 |
| 26 | മണ്ണിന്റെ വിനിയോഗ വിവരം ലഭ്യമല്ല | 1-26 |
| 27 | പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല | 1-27 |
| 28 | നിയമപരമായ കാലാവധിക്കുള്ളിൽ കരാർ ചമക്കാത്തതിന് പിഴ ഈടാക്കിയില്ല. നഷ്ടം 7727 രൂപ. | 1-28 |

| | | |
|---|---|---|
| 29 | ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തിയുടെ ബില്ലിൽ നിന്നും 5% കുറവ് ചെയ്തില്ല. | 1-29 |
| 30 | അളവ് പുസ്തകം, ടെണ്ടർ ഫോം എന്നിവ യഥാരീതിയിൽ സ്റ്റോക്കിലെടുക്കുന്നില്ല. | 1-30 |
| 31 | S T കോളനികളിൽ കക്കൂസും അനുബന്ധ സൗകര്യങ്ങളുമൊരുക്കൽ; അപാകതകൾ. | 1-31 |
| 32 | ഡ്രൈനേജ് /കൾവർട്ട് സ്ലാബ് കോൺക്രീറ്റിന് അധിക നിരക്ക് നൽകി; നഷ്ടം 18212രൂപ. | 1-32 |
| 33 | വെറ്ററിനറി ഹോസ്പിറ്റലിലേക്ക് മരുന്ന് വാങ്ങൽ പദ്ധതി – അപാകതകൾ | 1-33 |
| 34 | കുറ്റികുരുമുളക് വിതരണം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ. | 1-34 |
| 35 | കൂടും കോഴിയും പദ്ധതികൾ - അപാകതകൾ | 1-35 |
| 36 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠന ഉപകരണങ്ങൾ വാങ്ങൽ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ. | 1-36 |
| 37 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന ഉപകരണങ്ങൾ വാങ്ങൽ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ. | 1-37 |
| 38 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിന് സ്കോളർഷിപ്പ് - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ. | 1-38 |
| 39 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി - അപാകതകൾ. | 1-39 |
| 40 | വാടക ഇനത്തിൽ 16,11,352/- രൂപ കുടിശ്ശികയായി അവശേഷിക്കുന്നു | 1-40 |
| 41 | വസ്തു നികുതി - സർക്കാർ ഉത്തരവ് പ്രകാരം നികുതി നിരക്ക് നിശ്ചയിച്ചില്ല | 1-41 |
| 42 | സൗരോർജ്ജാധിഷ്ഠിത ജലതാപന/ പ്രകാശസംവിധാനം സ്ഥാപിക്കാത്ത കെട്ടിടത്തിന് കെട്ടിട നമ്പർ അനുവദിച്ചു. | 1-42 |
| 43 | കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്. | 1-43 |
| 44 | മാലിന്യ സംസ്കരണം ഗാർഹിക തലത്തിൽ - ബയോബിൻ നൽകൽ - 933 ബയോബിന്നുകൾ വിതരണം ചെയ്യാതെ അവശേഷിക്കുന്നു. | 1-44 |
| 45 | പ്ലാസ്റ്റിക് ഷ്രെഡിംഗ് മെഷീൻ , ബെയ്‌ലിംഗ് യൂണിറ്റ് - സ്ഥാപിച്ചില്ല. | 1-45 |
| 46 | വസ്തുനികുതി നിർണ്ണയം- അപാകത | 1-46 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | കൂടും കോഴിയും പദ്ധതികൾ - അധിക തുക നൽകി -നഷ്ടം 17,13,437 രൂപ | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം. | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ . | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്. | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ. | 4-6 |

| | | |
|---|---|---|
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം. | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2021-22 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | പുതുക്കിയ തീരുമാന നം./തിയ്യതി |
|---|---|
| 1/തിയതി 26.02.2021 | - |

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2021-22 | 31-07-2022 | 29-07-2022 |

### 1-3 സാമ്പത്തിക വിശകലനം

ധനകാര്യ പത്രിക പ്രകാരമുള്ള വിവരങ്ങൾ

| | |
|---|---|
| മുന്നിരിപ്പ് | 7,84,25,810.45 |
| വരവ് | 20,76,42,025 |
| ആകെ | 28,60,67,835.45 |
| ചെലവ് | 19,68,78,916 |
| നീക്കിയിരിപ്പ് | 8,91,88,919.45 |

### 1-4 ഫണ്ട് വിനിയോഗം (എ സി ആർ പ്രകാരം )

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 0 | 25864067 | 25864067 | 25864067 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 12768333 | 12768333 | 10577250 | 2191083 |
| വികസന ഫണ്ട് (ടി.എസ് .പി) | | 3060667 | 3060667 | 2751778 | 308889 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 10223696 | 10223696 | 10223696 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 14396753 | 14396753 | 12383741 | 2013012 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 0 | 12580000 | 12580000 | 10005863 | 2574137 |
| ബി ഫണ്ട് | 0 | 96394500 | 96394500 | 96394500 | 0 |
| സെൻട്രൽഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 39294866 | 39294866 | 19613081 | 19681785 |

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 218 | 204620834 | 131 | 111872615 | 11 | 76 | 60.09 |

### 1-6 തൊഴിലുറപ്പ് (AUEGS)

അയ്യങ്കാളി ക്യാഷ് ബുക്കിൽ (ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് ) താഴെ പറയും പ്രകാരമാണ് യഥാർത്ഥ വരവ്- ചെലവ് കണക്കുകൾ രേഖപ്പെടുത്തിയിട്ടുള്ളത്.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 428803 | 17109733 | 17538536 | 17258013 | 280523 |

## 1-7 ക്ഷേമ പദ്ധതികൾ

2021-22 വർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി വേതനം | 4370000 | 300 |
| വിധവാ പെൻഷൻ | 31552400 | 2112 |
| വാർദ്ധക്യകാല പെൻഷൻ | 48350100 | 3476 |
| വികലാംഗ പെൻഷൻ | 9160800 | 611 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2481200 | 168 |
| വിവാഹ ധനസഹായം | 480000 | 16 |

## 1-8 കാഷ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.12.2022 ന് 10.45 Pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തി. പരിശോധനയിൽ 510/-രൂപയുടെ നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

1) മുനിസിപ്പാലിറ്റി ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2) വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള ഗുണഭോക്തൃ ലിസ്റ്റുകൾ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുമ്പോൾ അതിൽ ഭരണസമിതി അംഗീകരിച്ചത് സംബന്ധിച്ച വിവരം ഉൾപ്പെടുത്തുന്നില്ല.

3)ജി ഒ (എം എസ് ) നം. 10/2017/ത.സ്വ.ഭ.വ തി. 09.01.2017 പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി മാറണം. എന്നാൽ സെക്രട്ടറിയുടെ പ്രോജക്റ്റുകൾ ഒന്നും തന്നെ മോണിറ്ററിംഗ് നടത്തിയിട്ടില്ല.

4) മുനിസിപ്പൽ എഞ്ചിനീയർ, പദ്ധതി വിഹിതം, തനത് ഫണ്ട്, CFC ഗ്രാന്റ് എന്നിവയുടെ വരവ്-ചെലവുകൾ രേഖപ്പെടുത്തുന്നതിനായി ഒരേ സമയം മൂന്ന് കാഷ് ബുക്കുകൾ എഴുതി സൂക്ഷിക്കുന്നുണ്ട്. ഇത് ശരിയായ നടപടിയല്ല. എല്ലാ വരവ് ചെലവുകൾക്കുമായി ഒരു കാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ്. (ജി.ഒ.പി. (നം.) 177/2006) Fin. Dt. 12-4-06 ഖണ്ഡിക 18)

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07.01.2013 | 2011-12 | 11.04.2014 |
| എ ജി ഓഡിറ്റ് | 07.09.2018 | 2014-15 മുതൽ 2017-18 വരെ | 05.11.2018 |

## 1-11 വാർഷികകണക്ക് പരിശോധന -അപാകതകൾ

2021-2022 വർഷത്തെ വാർഷികകണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule) ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2) ഡിമാന്റ് രജിസ്റ്ററിൽ വാർഷിക സംഗ്രഹം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ വാർഷികകണക്കിൽ രേഖപ്പെടുത്തിയ താഴെ പറയുന്ന വരവിനങ്ങളുടെ ആധികാരികത പരിശോധിക്കാനായിട്ടില്ല.

| ക്രമനം. | വരവ് ഇനം | എ.എഫ്.എസിൽ വരവായി രേഖപ്പെടുത്തിയ തുക |
|---|---|---|

| | | |
|---|---|---|
| 1 | ബിൽഡിംഗ് പെർമിറ്റ് ഫീസ് | 595142 |
| 2 | ബിൽഡിംഗ് പെർമിറ്റ്-റഗുലറൈസേഷൻ ഫീസ് | 190202 |
| 3 | റോഡ് കട്ടിംഗ് ചാർജ് | 1004660 |

3) രേഖകൾ ലഭ്യമാക്കാത്തതിനാൽ കോൺട്രാക്ടേഴ്സ് രജിസ്ട്രേഷൻ ഫീസ് 9500 രൂപ , സ്കൂളുകളിൽ നിന്നുള്ള വരവ് 118661 രൂപ എന്നീയിനങ്ങളിൽ വരവ് രേഖപ്പെടുത്തിയതിന്റെ ആധികാരികത ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല. കൂടാതെ, രജിസ്റ്ററിൽ വിവരം ലഭ്യമല്ലാത്തതിനാൽ തൊഴിൽ നികുതി (വ്യാപാരികൾ)കുടിശ്ശിക വരവ് -1,64,085രൂപ, നീക്കിബാക്കി - 637303 രൂപ, വാണിജ്യസ്ഥാപനങ്ങളുടെയും വ്യാപാര വ്യവസായ സംരംഭങ്ങൾക്കുമുള്ള ലൈസൻസ് ഇനത്തിൽ കുടിശ്ശികവരവ് 3010രൂപ, കുടിശ്ശിക ബാക്കി - 1,07,034രൂപ എന്നീ തുകകളുടെ ആധികാരികതയും പരിശോധിക്കാനായിട്ടില്ല.

4) താഴെ പറയുന്ന വരവിനങ്ങളിൽ വാർഷികകണക്കിൽ രേഖപ്പെടുത്തിയ തുകയും ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമനം. | വരവ് ഇനം. | വാർഷികകണക്കിൽ രേഖപ്പെടുത്തിയ തുക | രജിസ്റ്ററിൽ രേഖപ്പെടുത്തിയ തുക |
|---|---|---|---|
| 1 | ഷോപ്പിംഗ് കോംപ്ലക്സ് റെന്റ് | ഡിമാന്റ് - 14,73,496<br>കളക്ഷൻ - 6,97,646<br>ബാലൻസ് - 4,08,925<br>(യഥാർത്ഥ ബാലൻസ് 7,75,850രൂപ) | ഡിമാന്റ് - 11,05,681<br>കളക്ഷൻ - 6,97,646<br>ബാലൻസ് - 4,08,925 |
| 2 | ഷോപ്പിംഗ് കോംപ്ലക്സ് റെന്റ് കുടിശ്ശിക | ഡിമാന്റ് - 16,46,295<br>കളക്ഷൻ - 200702<br>ബാലൻസ് - 12,02,427<br>(യഥാർത്ഥ ബാലൻസ്- 14,45,593) | ഡിമാന്റ് - 271039<br>കളക്ഷൻ - 200702<br>ബാലൻസ് - 70337 |
| 3 | പി പി ആർ ലൈസൻസ് ഫീസ് | ഡിമാന്റ് - 28,740<br>കളക്ഷൻ- 28,740 | ഡിമാന്റ് - 12,740<br>കളക്ഷൻ- 12,740 |
| 4 | വസ്തുനികുതി | ഡിമാന്റ് - 1,81,00,000<br>കളക്ഷൻ- 1,35,68,998<br>ബാലൻസ് - 21,99,096 | ഡിമാന്റ്- 1,68,16,488<br>കളക്ഷൻ-1,35,69,797<br>ബാലൻസ് - 32,46,691 |
| 5 | വസ്തുനികുതി കുടിശ്ശിക | ഡിമാന്റ് -62,69,176<br>കളക്ഷൻ- 66,35,186<br>ബാലൻസ് - 40,02,884 | ഡിമാന്റ് -87,68,696<br>കളക്ഷൻ- 66,35,085<br>ബാലൻസ് - 21,33,611 |
| 6 | വാണിജ്യസ്ഥാപനങ്ങളുടെയും വ്യാപാര വ്യവസായ സംരംഭങ്ങൾക്കുമുള്ള ലൈസൻസ് | ഡിമാന്റ് - 15,91,255<br>കളക്ഷൻ- 15,73,255 (അഡ്വാൻസ് ഉൾപ്പെടെ)<br>ബാലൻസ് - 18,000 | ഡിമാന്റ് - 17,03,712<br>കളക്ഷൻ- 16,98,212<br>ബാലൻസ് - 5500 |

5) RP-24 ൽ രേഖപ്പെടുത്തിയ തുകകളുടെ ആധികാരികത വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല

6) ലോൺ രജിസ്റ്ററിൽ ശരിയായി വിവരങ്ങൾ ചേർത്തിട്ടില്ലാത്തതിനാൽ ഷെഡ്യൂൾ B- 5 ൽ രേഖപ്പെടുത്തിയ ലോൺ ഇനങ്ങളുടെ ആധികാരികത പരിശോധിക്കാനായിട്ടില്ല.

7) ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഷെഡ്യൂൾ B- 7 ൽ രേഖപ്പെടുത്തിയ തുകകളുടെ ആധികാരികത പരിശോധിക്കാനായിട്ടില്ല.

8) വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഷെഡ്യൂൾ B-18 ൽ രേഖപ്പെടുത്തിയMiscellaneous Advance ഒഴികെയുള്ള

തുകകളുടെ ആധികാരികത പരിശോധിക്കാനായിട്ടില്ല.

9) ഷെഡ്യൂൾ B-1 ൽ Suspense ഇനത്തിൽ 85,63,139 രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. തുക ഏത് ഇനങ്ങളിൽ വരവായി ലഭ്യമായതാണ് എന്നതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കിയില്ല.

10)പ്രത്യേക എ സി ആർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഷെഡ്യൂൾ B-4 ൽ സി എഫ് സി (ടൈഡ് & അൺടൈഡ് ) ഒഴികെ രേഖപ്പെടുത്തിയ തുകകളുടെ ആധികാരികത പരിശോധിക്കാനായിട്ടില്ല.

11)ഷെഡ്യൂൾ B-4 പ്രകാരം സി എഫ് സി (ടൈഡ് & അൺടൈഡ് ) ഇനത്തിൽ ബാധ്യതയായി രേഖപ്പെടുത്തിയത് 1,35,10,941 രൂപ . എന്നാൽ ആയത് ഷെഡ്യൂൾ B-17 പ്രകാരം 1,40,37,589 രൂപ .5,26,648രൂപ വ്യത്യാസം.

12)വിവിധ ക്ഷേമ പെൻഷനുകൾ ഇനത്തിൽ താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ആയത് വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമനം. | ഇനം | തുക |
|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 43,70,000 |
| 2 | വിധവാ പെൻഷൻ | 3,15,52,400 |
| 3 | വാർദ്ധക്യകാല പെൻഷൻ | 4,83,50,100 |
| 4 | വികലാംഗ പെൻഷൻ | 91,60,800 |
| 5 | വിവാഹ ധനസഹായം | 4,80,000 |
| 6 | 50 വയസ്സിനു മുകളിലുള്ള അവിവാഹിതകളായ സ്ത്രീകൾക്കുള്ള ധനസഹായം | 24,81,200 |

13)AUEGS ഇനത്തിലെ വാർഷികകണക്ക് പ്രകാരം വരവ് 1,30,00,000(RP22) രൂപയും ചെലവ് 1,75,28, 278 രൂപയുമാണ്.(ഷെഡ്യൂൾ 1-14)എന്നാൽ ലഭ്യമാക്കിയ രേഖകൾ (കാഷ്ബുക്ക്)പ്രകാരം ആയത് യഥാക്രമം 1 ,71,09,733രൂപയും , 1,72,58,013 രൂപയുമാണ്. മുന്നിരിപ്പ് വാർഷിക കണക്ക് പ്രകാരം 4,28,003 രൂപയും രേഖകൾ പ്രകാരം 4,28,803 രൂപയുമാണ്.

14)വാർഷികകണക്ക് പ്രകാരം സി എഫ് സി (ടൈഡ് ) ആകെ ചെലവ് തുക 1,92,23,403 രൂപയും സി എഫ് സി (അൺ ടൈഡ് ) ആകെ ചെലവ് തുക 89,36,863 രൂപയുമാണ്. എന്നാൽ എ സി ആർ പ്രകാരം ആയത് യഥാക്രമം 1,96,13,081 രൂപയും ,1,00,05,863 രൂപയുമാണ്.

15)എ സി ആർ, വാർഷികകണക്ക്, സുലേഖ സോഫ്റ്റ് വെയർ എന്നിവ പ്രകാരം താഴെ പറയുന്ന ഫണ്ടിനങ്ങളിൽ ചെലവ്തുക വ്യത്യാസപ്പെട്ടിരിക്കുന്നു.കാരണം വ്യക്തമല്ല.

| ഫണ്ടിനം | എ എഫ് എസ് പ്രകാരം തുക | എ സി ആർ പ്രകാരം തുക | സുലേഖ സോഫ്റ്റ് വെയർ പ്രകാരം തുക |
|---|---|---|---|
| വികസനഫണ്ട് -ജനറൽ | 2,58,64,067 | 2,58,64,067 | 3,21,17,000 |
| വികസനഫണ്ട്-എസ്.സി.പി | 1,03,52,090 | 1,05,77,250 | 1,12,98,757 |
| വികസനഫണ്ട്-ടിഎസ് പി | 27,51,778 | 27,51,778 | 28,05,111 |
| മെയിന്റനൻസ് ഫണ്ട്-റോഡ് | 1,02,23,696 | 1,02,23,696 | 1,62,41,000 |
| മെയിന്റനൻസ് ഫണ്ട് -റോഡിതരം | 1,19,74,612 | 1,23,83,741 | 1,19,74,612 |

16)ബാലൻസ് ഷീറ്റ് B-11 പ്രകാരമുള്ള Fixed Asset Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ (Rate Of Depreciation, Book Value Of Asset, Life Time Of Asset Etc) പരിശോധനക്ക് ലഭ്യമാക്കിയില്ല.

17)2007ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) റൂൾസ് 58 (2) (E),(f),(3) പ്രകാരമുള്ള അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ, വാർഷിക അനുപാതങ്ങൾ, മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

18)2007ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) റൂൾസ് 58 (4) പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ തുകകൾ പൂർണ്ണ രൂപയിലാണ് രേഖപ്പെടുത്തേണ്ടത്. ചില തുകകൾ അംശമായും രേഖപ്പെടുത്തിയിട്ടുണ്ട്.

19) 2007ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) റൂൾസ് 73(2) പ്രകാരമുള്ള സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും നടത്തിയിട്ടില്ല.( B-14 Stock In Hand (Inventories)). ആയതിനാൽ ഷെഡ്യൂൾ B-14 ൽ രേഖപ്പെടുത്തിയ Purchase Of Materials- (Stores) ഇനത്തിൽ രേഖപ്പെടുത്തിയ 925 രൂപയുടെ ആധികാരികത പരിശോധിക്കാനായിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നം. 32/21-22/20.12.22)

## 1-12 തൊഴിൽ നികുതി -അപാകതകൾ

നഗരസഭയിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും വിവിധ സ്ഥാപനങ്ങൾ സമർപ്പിച്ച റിട്ടേണുകളും പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

A) കേരളാ മുനിസിപ്പാലിറ്റി ആക്റ്റ് സെക്ഷൻ 245 പ്രകാരം ഒരു അർദ്ധവർഷത്തിൽ ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ മുൻസിപ്പൽ പ്രദേശത്ത് ബിസിനസ് നടത്തുകയോ തൊഴിലോ കലയോ ജോലിയോ നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളും തൊഴിൽ നികുതി അടവാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ചുവടെ ചേർത്ത സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല. ടി സ്ഥാപനങ്ങൾ റിട്ടേൺ ഫയൽ ചെയ്തിട്ടുമില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | അടവാക്കാത്ത അർദ്ധവർഷം (2021-22) |
|---|---|---|
| 1 | ഇൻഡക്സ് കാൻ പെട്രോളിയം | ഒന്ന്, രണ്ട് |
| 2 | ഗുഡ്ഹോപ്പ് ഇംഗ്ലീഷ് മീഡിയം സ്കൂൾ നിലമ്പൂർ | ഒന്ന്, രണ്ട് |
| 3 | മിൽമ | ഒന്ന്, രണ്ട് |
| 4 | കേരളാ ഫോറസ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് നിലമ്പൂർ | ഒന്ന് |
| 5 | ധനകോടി ചിറ്റ്സ് നിലമ്പൂർ | ഒന്ന്, രണ്ട് |
| 6 | KTC നിലമ്പൂർ | ഒന്ന്, രണ്ട് |
| 7 | മുത്തൂറ്റ് ഫിനാൻസ് നിലമ്പൂർ | ഒന്ന്, രണ്ട് |
| 8 | അപാരാജിത സുന്ദരം ഫൈനാൻസ് നിലമ്പൂർ | ഒന്ന്, രണ്ട് |
| 9 | സൗത്ത് ഇന്ത്യൻ ബാങ്ക് നിലമ്പൂർ | ഒന്ന് |
| 10 | നിലമ്പൂർ കാളിക്കാവ് സഹകരണ സംഘം | ഒന്ന്, രണ്ട് |
| 11 | മലയാള മനോരമ ഓൺലൈൻ സർവ്വീസ് | ഒന്ന് |
| 12 | HDB ഫിനാൻഷ്യൽ സർവ്വീസ് | ഒന്ന്, രണ്ട് |
| 13 | കാത്തലിക് സിറിയൻ ബാങ്ക് നിലമ്പൂർ | രണ്ട് |
| 14 | ഓപ്പോഷോറൂം നിലമ്പൂർ | ഒന്ന്, രണ്ട് |

B)ചുവടെ ചേർത്ത ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| ജീവനക്കാരന്റെ പേര് /സ്ഥാപനം | അടവാക്കാത്ത അർദ്ധവർഷം | കുറിപ്പ് |
|---|---|---|
| ഇബ്രാഹീം കെ (ഗോഡൗൺ കീപ്പർ) State Warehouse നിലമ്പൂർ | ഒന്ന് | റിട്ടേൺ പ്രകാരം 31.05.21 ന് സർവ്വീസിൽ നിന്നും വിരമിച്ചു. (61 ദിവസം ജോലി ചെയ്തിട്ടുണ്ട്. റിട്ടേണിൽ ടി യാന്റെ വരുമാനം രേഖപ്പെടുത്തിയിട്ടില്ല.) |

| | | |
|---|---|---|
| | | |
| ശശിഭൂഷൻ കെ സി (ഡെപ്യൂട്ടിതഹസിൽദാർ) താലൂക്ക് ഓഫീസ് നിലമ്പൂർ | ഒന്ന് | റിട്ടേൺ പ്രകാരം 31.05.21 ന് സർവ്വീസിൽ നിന്നും വിരമിച്ചു. (61 ദിവസം ജോലി ചെയ്തിട്ടുണ്ട്. റിട്ടേണിൽ ടി യാന്റെ വരുമാനം 314064 രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്) |

2. തൊഴിൽ നികുതി അടവാക്കിയതിൽ കുറവ്.

2005 ലെ കേരളാ മുനിസിപ്പാലിറ്റി (തൊഴിൽ നികുതി )ചട്ടങ്ങളിലെ ചട്ടം 3(1) ലെ പട്ടിക പ്രകാരം അർദ്ധവാർഷിക വരുമാനത്തിനു ചുമത്താവുന്ന അർദ്ധവാർഷിക നികുതി എത്രയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ റിട്ടേൺ പരിശോധിച്ചതിൽ ചുവടെ ചേർത്ത ജീവനക്കാരിൽ നിന്നും അർദ്ധവാർഷിക വരുമാനത്തിനനുസരിച്ചുള്ള തെഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ജീവനക്കാരന്റെ പേര് /സ്ഥാപനം | റിട്ടേൺ പ്രകാരം അർദ്ധവാർഷിക വരുമാനം | അടവാക്കിയ തൊഴിൽ നികുതി | യഥാർത്ഥത്തിൽ അടവാക്കേണ്ട തൊഴിൽ നികുതി | കുറവ് |
|---|---|---|---|---|
| രാമകൃഷ്ണൻ കൊടമ്പുഴ<br>ഗവ.ജില്ലാഹോസ്പിറ്റൽ നിലമ്പൂർ | 151660<br>(ഒന്നാം അർദ്ധവർഷം) | 1000 | 1250 | 250 |
| സജീദ ചുള്ളിക്കോടൻ<br>ഗവ.ജില്ലാ ഹോസ്പിറ്റൽ നിലമ്പൂർ | 151660<br>(ഒന്നാം അർദ്ധവർഷം) | 1000 | 1250 | 250 |
| ഷാജു കെ,<br>Forest Central Dippo അരുവാക്കോട് | 108940<br>(ഒന്ന് & രണ്ട് അർദ്ധവർഷം) | 750 | 1000 | 250<br>(500രണ്ട് അർദ്ധവർഷവും കൂടി) |
| മാത്യു<br>Investigation For Water Resource | 147660<br>(രണ്ടാം അർദ്ധവർഷം) | 1000 | 1250 | 250 |

3) മുഴവൻ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2005 ലെ കേരളാ മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3(2) ലെ ക്രമനമ്പർ 10 പ്രകാരം കരാറുകാരിൽ നിന്നും ഓരോ അർദ്ധവർഷവും 1250/- രൂപ വീതം തൊഴിൽ നികുതി ചുമത്താവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2021-22 സാമ്പത്തിക വർഷം നഗരസഭയിൽ 22 കരാറുകാർ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും 5 പേർ മാത്രമാണ് രണ്ട് അർദ്ധവർഷങ്ങളിലുമായി തൊഴിൽ നികുതി അടവാക്കിയിട്ടുള്ളത്. അടവാക്കുവാൻ അവശേഷിക്കുന്ന കരാറുകാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കരാറുകാരുടെ പേര് | ഈടാക്കേണ്ട നികുതി (രണ്ട് അർദ്ധ വർഷങ്ങളിലുമായി ആകെ) |
|---|---|---|
| 1 | അനിൽ റോസ് | 2500 |
| 2 | ലത്തീഫ് എം | 2500 |
| 3 | ഹുസൈൻ പി കെ | 2500 |
| 4 | അൻവർ സാദത്ത് | 2500 |
| 5 | സജാദ് കെ എസ് | 2500 |
| 6 | പി വി മുഹമ്മദലി | 2500 |

| | | |
|---|---|---|
| 7 | ഷൗക്കത്തലി | 2500 |
| 8 | ഗോപകുമാർ കെ വി | 2500 |
| 9 | ഷമീർ അലി | 2500 |
| 10 | രാജൻ എം | 2500 |
| 11 | അജീഷ് ടി | 2500 |
| 12 | ഹസറു സി | 2500 |
| 13 | പി കെ മൊയ്തീൻ | 2500 |
| 14 | ഷാജി ഇ | 2500 |
| 15 | ഷംനാസ് കെ എസ് | 2500 |
| 16 | അബ്ദുൽ ലത്തീഫ് എം | 2500 |
| 17 | താരിഖ് | 2500 |
| | ആകെ | 42500 |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(1/16.12.22) മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-13 വിനോദ നികുതി പിരിച്ചെടുത്തതിലെ അപാകത

തദ്ദേശ സ്വയംഭരണ ( ആർ.ഡി) വകുപ്പിന്റെ 31.08.2019ലെ സ.ഉ(കൈ) നം.112/2019/ത സ്വ ഭ വ നമ്പർ ഉത്തരവ് പ്രകാരം 100 രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5% വിനോദനികുതിയും 100 രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5% വിനോദനികുതിയും ഈടാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിരുന്നു. സിനിമ ടിക്കറ്റുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കൊണ്ടുപോയി സീൽ ചെയ്യേണ്ടതില്ല. പകരം ചരക്ക് സേവന നികുതി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് ആനുപാതികമായി തൊട്ടടുത്ത മാസം 3-ാം തിയ്യതിക്കുള്ളിൽ പിരിച്ച നികുതി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണ്.

നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന ഫെയറിലാന്റ് തിയറ്റർ ഉടമ 2021-2022 സാമ്പത്തിക വർഷം വിനോദനികുതി ഇനത്തിൽ ആകെ 287496/-രൂപ അടവാക്കിയിട്ടുണ്ട്. സ ഉ (സാധാ) നം 2358/2021/ത സ്വ ഭവ തിയതി 22.11.2021 പ്രകാരം കോവിഡ് 19 വ്യാപനത്തെ തുടർന്ന് 2021 ഏപ്രിൽ 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ വിനോദ നികുതിക്ക് ഇളവ് നൽകിയിട്ടുണ്ട്.)

ഫയൽ പരിശോധിച്ചതിൽ തിയേറ്റർ ഉടമ സമർപ്പിച്ച ലിസ്റ്റ് പ്രകാരമുള്ള തുകയാണ് അടവാക്കിയിട്ടുള്ളത്. ചരക്ക് സേവന നികുതി റിട്ടേൺ സ്റ്റേറ്റ്മെന്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. 2021-22 ലെ ചരക്ക് സേവന നികുതി റിട്ടേൺ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിനോദ നികുതി ഈടാക്കാത്തതിന് വിശദീകരണം നൽകുന്നതിനും ചരക്ക് സേവന നികുതി റിട്ടേൺ സ്റ്റേറ്റ്മെന്റ് പരിശോധനക്ക് ലഭ്യമാക്കുന്നതിനുമായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(9/17.12.22) മറുപടി ലഭ്യമാക്കിയിട്ടില്ല. ചരക്കുസേവന നികുതി ഒടുക്കുന്ന മുഴുവൻ ടിക്കറ്റുകൾക്കും വിനോദ നികുതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-14 തെരുവ് വിളക്കുകളുടെ സ്ഥാപനവും പരിപാലനവും വൈദ്യുതിചാർജ്ജും - കണക്കുകൾ വ്യവസ്ഥപ്പെടുത്തി സൂക്ഷിക്കുന്നില്ല

തെരുവ് വിളക്കുകളുടെ സ്ഥാപനം പരിപാലനം വൈദ്യുതി ചാർജ് എന്നീ മേഖലകളിൽ നഗരസഭ ഭീമമായ തുക ചെലവ് ചെയ്യുന്നുണ്ട്. എന്നാൽ ഈ മേഖലകളിലെ ആസൂത്രണം, ചെലവ് അക്കൗണ്ടിംഗ്, സ്ഥിതിവിവരക്കണക്കുകളുടെ സൂക്ഷിപ്പ് എന്നിവ വ്യവസ്ഥാപിതമല്ല എന്നാണ് രേഖകളിൽ നിന്ന് വ്യക്തമാകുന്നത്.

തെരുവ് വിളക്കുകൾ സംബന്ധിച്ച് താഴെ പറയുന്ന വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

1. നഗരസഭയിൽ നിലവിലുള്ള ആകെ തെരുവ് വിളക്കുകളുടെ എണ്ണം, ഇനം,

2. ഇവയിൽ മീറ്റർ വെച്ച് പ്രവർത്തിക്കുന്നവ

3.വൈദ്യുതി ബോർഡ് നൽകിയ കൺസ്യൂമർ നമ്പറുകൾ

ഇവ സംബന്ധിച്ച് വിവരങ്ങൾ നഗരസഭ വ്യവസ്ഥപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

1. തെരുവ് വിളക്കുകളുടെ എണ്ണം :- തെരുവ് വിളക്കുകളുടെ കണക്കുകൾ റജിസ്റ്റർ ആക്കി സൂക്ഷിക്കുന്നതിന ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കാൻ വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 19.4.21 ലെ 3 -ആം നമ്പർ ആയി തീരുമാനിക്കുകയും . 6.5.21 ലെ നഗരസഭാ കൗൺസിൽ 3 ആം നമ്പർ ആയി ഈ തീരുമാനം അംഗീകരിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും തെരുവ് വിളക്കുകളുടെ കണക്കുകൾ ചിട്ടപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

2020-21 ൽ 65,52,206 രൂപ ചെലവഴിച്ച് 2299 തെരുവ് വിളക്ക് നഗരസഭ വാങ്ങിയിട്ടുണ്ട്. ഈ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് KSEB യുടെ അനുമതി നേടിയത് സംബന്ധിച്ചും KSEBക്ക് സൂപ്പർവിഷൻ ചാർജ് നൽകിയതിന്റെയും രേഖകൾ ലഭ്യമല്ല. ഇത് സംബന്ധിച്ച പരാമർശങ്ങൾ 2020-21 വർഷ ഓഡിറ്റ് റിപ്പോർട്ടിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

കെഎസ്ഇബിയുടെ അറിവോ സമ്മതമോ ഇല്ലാതെ രാമംകുത്ത് ഭാഗത്ത് തെരുവ് വിളക്ക് സ്ഥാപിച്ചതായും ഇവിടെ അടിയന്തിരമായി സ്ട്രീറ്റ് മെയിൻ വലിക്കണമെന്നും കെഎസ്ഇബി 9.6.21 ലെ 23/ES-PKM/Street Light/21-22 നമ്പർ കത്ത് വഴി കെഎസ്ഇബി മുനിസിപ്പാലിറ്റിയെ അറിയിച്ചു. ഇത് പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 3600 മീറ്റർ സ്ട്രീറ്റ് മെയിൻ വലിക്കുന്നതിനും 3 ഓട്ടോമാറ്റിക്ക് മീറ്റർ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുമായി രാമംകുത്ത് സ്ട്രീറ്റ് മെയിൻ വലിക്കൽ (207/22) എന്ന പ്രാജക്റ്റ് പ്രകാരം 462324 രൂപ കെഎസ്ഇബിക്ക് നൽകിയിട്ടുണ്ട്. കൂടാതെ 25 തെരുവ് വിളക്കുകളുടെ ഇൻസ്റ്റലേഷൻ, സൂപ്പർവിഷൻ ചാർജായി No-DB/Letter/172/ES/PKM/21-22/15.3.22 കത്ത് പ്രകാരം കെഎസ്ഇബി ആവശ്യപ്പെട്ട 6786 രൂപ 16.4.2022 ലെ ചെക്ക് നമ്പർ 001979 പ്രകാരം മുനിസിപ്പാലിറ്റി കെഎസ്ഇബിക്ക് നൽകിയിട്ടുണ്ട്. എന്നാൽ 25 തെരുവ് വിളക്കുകൾ നഗരസഭ കെഎസ്ഇബിക്ക് നൽകിയതായോ കെഎസ്ഇബി സ്ഥാപിച്ചതായോ കാണുന്നില്ല. തെരുവ് വിളക്കുകളുടെ എണ്ണം, ഇനം എന്നിവ സംബന്ധിച്ച കണക്കുകൾ തയ്യാറാക്കി സൂക്ഷിക്കേണ്ടതും തെരുവ് വിളക്കുകൾ സ്ഥാപിക്കുകയോ റിപ്പയർ ചെയ്യുകയോ ചെയ്യുമ്പോൾ കെഎസ്ഇബിയുമായി ബന്ധപ്പെട്ട നടപടികൾ പാലിക്കേണ്ടതാണ്.

2.തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് :-

തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് സംബന്ധിച്ച് നഗരസഭ ലഭ്യമാക്കിയ റജിസ്റ്ററിൽ 104 കണക്ഷനുകൾ ലിസ്റ്റ് ചെയ്തിട്ടുണ്ട്. എല്ലാ കണക്ഷനുകൾക്കും മീറ്ററിംഗ് സംവിധാനം ഉണ്ടോ എന്ന് വ്യക്തമല്ല. 2021-22 ൽ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് ഇനത്തിൽ ആകെ 2012008 രൂപ ചെലവുണ്ട്. ഇതിൽ 1306841 രൂപ 230100101 Electricity Charges For Street Lights എന്ന ശീർഷകത്തിലും 705167 രൂപ 230100100 Electricity Charges എന്ന ശീർഷകത്തിലും ആണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്. തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് 230100101 Electricity Charges For Street Lights എന്ന ശീർഷകത്തിൽ തന്നെ അക്കൗണ്ട് ചെയ്യേണ്ടതാണ്.

3. സ്ട്രീറ്റ് മെയിനും മീറ്ററിംഗ് സംവിധാനവും :-

സ്ട്രീറ്റ് മെയിൻ വലിക്കൽ, സ്ട്രീറ്റ് ലൈറ്റിനു ഓട്ടോമാറ്റിക് കൺട്രോളർ സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾക്കായി 4963358 രൂപ 2020-21 ൽ വിനിയോഗിക്കുകയും ഇതിന്റെ ഭാഗമായി 52 ഓട്ടോമാറ്റിക് കൺട്രോളറുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. സ്ട്രീറ്റ് ലൈൻ വലിച്ച ഭാഗങ്ങളിൽ അവ പ്രവർത്തനക്ഷമമാകുന്നതിനു 4,655,534 രൂപ ചെലവഴിച്ച് മീറ്ററുകൾ അടിയന്തരമായി സ്ഥാപിക്കുന്നതിനു എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനു 20.6.22 ലെ P1-759/20 നമ്പർ കത്തിലൂടെ നഗരസഭ കെഎസ്ഇബിയോട് ആവശ്യപ്പെട്ടുന്നുമുണ്ട്. എന്നാൽ പിന്നീട് ഈ വിഷയത്തിൽ തുടർനടപടികൾ ഉണ്ടായിട്ടില്ല.

1,15,15,564 രൂപ 2020-21 ലും 462324 രൂപ 2021-22 ലും തെരുവ് വിളക്ക് സ്ഥാപിക്കൽ മേഖലയിൽ മുനിസിപ്പാലിറ്റി വിനിയോഗിച്ചിട്ടുണ്ട്. നഗരസഭ ഭീമമായ തുക ചെലവ് ചെയ്യുന്ന ഈ മേഖലയിലെ കണക്കുകളും നിയന്ത്രണ സംവിധാനങ്ങളും കാര്യക്ഷമമാക്കേണ്ടതാണ്.

## 1-15 ഭവന പുനരുദ്ധാരണം പദ്ധതി (എസ് സി )- അപാകതകൾ

പ്രോജക്റ്റ് നം. 38/22

ഭവന പുനരുദ്ധാരണം പദ്ധതി

വിനിയോഗിച്ച തുക – 16,00,000 (എസ് സി പി )

ബിൽ നം.16/2021-22/ 22.02.22- 2,50,000

ബിൽ നം.9/2021-22/ 14.02.22- 4,00,000

ബിൽ നം.36/2021-22/ 30.03.22- 50,000

ബിൽ നം.24/2021-22/ 23.02.22- 4,50,000

ബിൽ നം.35/2021-22/ 30.03.22- 1,50,000

ബിൽ നം.39/2021-22/ 30.03.22- 3,00,000

നിർവ്വഹണം - പ്രോജക്റ്റ് ഓഫീസർ, നഗരദാരിദ്ര നിർമ്മാർജ്ജന സെൽ

പദ്ധതി പ്രകാരം 30 ഗുണഭോക്താക്കൾക്ക് ഭവനപുനരുദ്ധാരണത്തിനായി 50,000 രൂപ വീതവും ഒരു ഗുണഭോക്താവിന് 1,00,000 രൂപ വീതവും ധനസഹായം നൽകിയിട്ടുണ്ട്. പദ്ധതി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം. 22/2018/തസ്വഭവ തീ.14.02.2018 പ്രകാരം മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കൽ, പൂർത്തിയാവാത്ത ഭവനങ്ങളുടെ പൂർത്തീകരണം, വാസയോഗ്യമല്ലാത്ത ഭവനങ്ങൾ വാസയോഗ്യമാക്കൽ എന്നിവയ്ക്കാണ് ധനസഹായം നൽകാനാവുക. ആയതിനാൽ ഭവനപുനരുദ്ധാരണം പദ്ധതി പ്രകാരം എന്താണ് ലക്ഷ്യം വെച്ചിട്ടുള്ളത് എന്ന് വ്യക്തമല്ല.

2) പുതിയതായി വീട്ട നിർമ്മിച്ച് എട്ടു വർഷമെങ്കിലും പഴക്കമുള്ള ഭവനങ്ങളുള്ള ഗുണഭോക്താക്കൾക്കാണ് മേൽ പദ്ധതികൾ പ്രകാരം ധനസഹായം ലഭിക്കാൻ അർഹത. എന്നാൽ പദ്ധതി ഗുണഭോക്താക്കളുടെ ഭവനങ്ങൾക്ക് നിർമ്മിച്ച് എട്ടു വർഷം പഴക്കമുണ്ട് എന്ന് രേഖപ്പെടുത്തിയ സാക്ഷ്യപത്രം സെക്രട്ടറിയിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. പകരം സെക്ഷൻ ക്ലാർക്ക് വിവരം രേഖപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത് . ആയത് ക്രമപ്രകാരമല്ല. വിവരം 2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ തുടർ നടപടി ഉണ്ടായില്ല.

3) പദ്ധതി ഗുണഭോക്താവായ ഗീതാഞ്ജലി ആര്യണ്യ ആശുപത്രിക്കുന്ന് ഒഴികെ 30 ഗുണഭോക്താക്കൾക്കും 50,000 രൂപ അഡ്വാൻസ് തുകയാണ് 2021-22 വർഷത്തിൽ നൽകിയിട്ടുള്ളത് . പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 25/20.12.22)

## 1-16 ഭവന പുനരുദ്ധാരണം പദ്ധതി (എസ് സി ) (സ്പിൽ ഓവർ)- അപാകതകൾ

പ്രോജക്റ്റ് നം. 176/22

ഭവന പുനരുദ്ധാരണം പദ്ധതി

വിനിയോഗിച്ച തുക – 8,50,000 (എസ് സി പി )

ബിൽ നം.1/2021-22/ 15.01.22- 2,85,000

ബിൽ നം.3/2021-22/ 19.01.22- 1,50,000

ബിൽ നം.8/2021-22/ 14.02.22- 50,000

ബിൽ നം.13/2021-22/ 22.02.22- 1,00,000

ബിൽ നം.25/2021-22/ 23.02.22- 1,00,000

ബിൽ നം.30/2021-22/ 23.02.22- 65,000

ബിൽ നം.36/2021-22/ 30.03.22- 50,000

ബിൽ നം.43/2021-22/ 02.04.22- 50,000

നിർവ്വഹണം - പ്രോജക്റ്റ് ഓഫീസർ, നഗരദാരിദ്ര നിർമ്മാർജ്ജന സെൽ

പദ്ധതി പ്രകാരം 10 ഗുണഭോക്താക്കൾക്ക് ഭവനപുനരുദ്ധാരണത്തിനായി എൽ എസ് ജി ഡി എഞ്ചിനീയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ തുക നൽകുകയാണ് ചെയ്തിട്ടുള്ളത്.പദ്ധതി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം. 22/2018/തസ്വഭവ തീ.14.02.2018 പ്രകാരം മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കൽ, പൂർത്തിയാവാത്ത ഭവനങ്ങളുടെ പൂർത്തീകരണം, വാസയോഗ്യമല്ലാത്ത ഭവനങ്ങൾ വാസയോഗ്യമാക്കൽ എന്നിവയ്ക്കാണ് ധനസഹായം നൽകാനാവുക. ഭവനപുനരുദ്ധാരണം എന്ന പദ്ധതി മേൽ സബ്സിഡി മാർഗ്ഗരേഖയിൽ വരുന്നില്ല. സബ്സിഡി മാർഗ്ഗരേഖയിൽ ഇല്ലാത്ത പദ്ധതിക്ക് തുക നൽകിയത് വിശദമാക്കേണ്ടതാണ്.

2) പുതിയതായി വീട്ട നിർമ്മിച്ച് എട്ടു വർഷമെങ്കിലും പഴക്കമുള്ള ഭവനങ്ങളുള്ള ഗുണഭോക്താക്കൾക്കാണ് മേൽ പദ്ധതികൾ പ്രകാരം ധനസഹായം ലഭിക്കാൻ അർഹത. എന്നാൽ പദ്ധതി ഗുണഭോക്താകളുടെ ഭവനങ്ങൾക്ക് നിർമ്മിച്ച് എട്ടു വർഷം പഴക്കമുണ്ട് എന്ന് രേഖപ്പെടുത്തിയ സാക്ഷ്യപത്രം സെക്രട്ടറിയിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. പകരം സെക്ഷൻ ക്ലാർക്ക് വിവരം രേഖപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത് . ആയത് ക്രമപ്രകാരമല്ല.

3)മാർഗ്ഗ രേഖ പ്രകാരം എൽ എസ് ജി ഡി എഞ്ചിനീയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിലാണ് ഗുണഭോക്താക്കൾക്ക് തുക കൈമാറേണ്ടത്. എന്നാൽ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് അപ്രകാരം മൂല്യനിർണ്ണയം നടത്തിയ രേഖകളുടെ അഭാവത്തിലും തുക കൈമാറിയിട്ടുണ്ട് .

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും വിലാസവും | കൈപ്പറ്റിയ തുക |
|---|---|---|
| 1 | രാമകൃഷ്ണൻ പാണക്കാടൻ ചോലശ്ശേരികുന്ന് , നിലമ്പൂർ | 50,000 |
| 2 | സദാനന്ദൻ പി , പൂക്കോടൻ വീട് , രാമംകുത്ത് പി ഒ | 50,000 |

| | | |
|---|---|---|
| 3 | ഗിരീഷ് കുമാർ.എ അയനിക്കോടൻ രാമംകുത്ത് പി ഒ | 50,000 |
| 4 | സുലോചന പുല്ലറ്റ, രാമംകുത്ത് പി ഒ | 1,00,000 |
| | ആകെ | 2,50,000 |

നിർമ്മിച്ച് എട്ടു വർഷം പഴക്കമുള്ള ഭവനങ്ങൾ ഉള്ള ഗുണഭോക്താക്കൾക്കാണ് ധനസഹായത്തിന് അർഹതയെങ്കിലും മേൽ പട്ടികയിലെ സദാനന്ദൻ പി, പൂക്കോടൻ വീട്, രാമംകുത്ത് പി ഒ എന്ന ഗുണഭോക്താവിന്റെ വീടിന് എട്ടു വർഷം പഴക്കമുണ്ടോയെന്ന് വ്യക്തമാക്കുന്ന രേഖ ലഭ്യമല്ല.

അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (ഓഡിറ്റ് എൻക്വയറി നം. 26/21-22/20.12.22) മറുപടി ലഭ്യമാക്കിയിട്ടില്ല. മൂല്യനിർണ്ണയം നടത്തിയതിന്റെ രേഖ ലഭ്യമാക്കാതെ അനുവദിച്ച 2,50,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-17 പി എം എ വൈ ഭവനപദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല.

നഗരസഭയിൽ പ്രോജക്റ്റ് ഓഫീസർ, നഗരദാരിദ്ര നിർമ്മാർജ്ജന സെൽ നിർവ്വഹണം നടത്തിയ പി എം എ വൈ ഭവനപദ്ധതി പ്രകാരം ഭവന നിർമ്മാണത്തിനായി 2019-20 വർഷത്തിൽ ഉടമ്പടിവെച്ച് വിവിധ ഗഡു ധനസഹായം കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ തുടർന്നുള്ള ഗഡുക്കൾ കൈപ്പറ്റുകയോ ഭവനനിർമ്മാണം പൂർത്തീകരിക്കുകയോ, കൈപ്പറ്റിയ തുക തിരികെ അടവാക്കുകയോ ചെയ്തിട്ടില്ല.അപാകതകൾക്ക് കാരണം വ്യക്തമാക്കേണ്ടതാണ്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും വിലാസവും | കൈപ്പറ്റിയ തുക |
|---|---|---|
| 1 | ഹസ്സൻകുട്ടി തരിയക്കോടൻ ,മുമ്മുള്ളി | 30,000 |
| 2 | ലത കാക്കനാടൻ അരുവാക്കോട് പി ഒ (എസ് സി പി ) | 30,000 + 30,000 |
| 3 | രാമൻ കോട്ട ഈയ്യമട നിലമ്പൂർ ആർ എസ് (പി ഒ)(എസ് സി പി ) | 30,000 + 30,000 |
| 4 | രാധിക കെ പുന്നപ്പാല രാമംകുത്ത് പി ഒ (എസ് സി പി ) | 30,000 + 30,000 |
| 5 | അശ്വനി അമ്പലക്കല മുതീരി (എസ് സി പി ) | 30,000+ 30,000+100000 |
| 6 | തങ്കമ്മ കേച്ചരി കിഴക്കേവീട്ടിൽ പാതിപ്പാറ (എസ് സി പി ) | 2,00,000 |
| 7 | ആമിന പറയങ്കോടൻ ലക്ഷംവീട്,ചാരംകുളം | 30,000 |
| 8 | ലീലാവതി അമ്പലക്കല വീട് ,നിലമ്പൂർ ആർ എസ് (പി ഒ) | 30,000+30,000 |
| 9 | കമലം പഴമ്പാലക്കോട് വീട് ,അരുവാക്കോട് | 30,000 |
| 10 | അനിത അമ്പലക്കല മുമ്മുള്ളി പി ഒ | 30,000 |
| 11 | നഫീസ കൊളക്കാടൻ ലക്ഷം വീട് | 30,000+100000 |
| 12 | സറഫുന്നീസ മൂത്തേടത്ത് ലക്ഷം വീട് | 2,30,000 |
| 13 | സുന്ദരൻ മഠത്തിൽ മുതീരി | 30,000+90,000 |
| 14 | റംഷീലത്ത് ചെമ്മൺന്തറ മുതുകാട് | 30,000+1,00,000 |
| 15 | ഫാത്തിമാ സുഹ്റ ചെമ്മൺന്തറ മുതുകാട് | 30,000+1,00,000 |
| 16 | രാജേഷ് അരുവാക്കല്ലൻ വീട്, മുതീരി | 30,000 |
| 17 | ഷൗക്കത്ത് ഹുസൈൻ മാട്ടുമ്മൽ ചന്തകുന്ന് | 2,30,000 |
| 18 | മുണ്ടിച്ചി കുട്ടഞ്ചേരി മുമ്മുള്ളി (എസ് സി പി ) | 30,000+30,000 |
| 19 | രജനി പനയങ്കോടൻ വല്ലപ്പുഴ | `30,000+1,00,000 |
| 20 | സജ്ന രാമംകുത്ത് വീട് ,രാമംകുത്ത് പി ഒ(2018-19 വർഷത്തിൽ ഉടമ്പടി വെച്ചത് ) | `30,000+1,00,000 |
| 21 | അബ്ദുൾ അസീസ് കുലവീട്ടിൽ,അയ്യാർപൊയിൽ | 30,000 |
| 22 | ജാബിർ പി പന്ത്രോലി വീട് , പാടിക്കുന്ന് | `30,000+1,00,000 |

അപാകതകൾക്ക് കാരണം വ്യക്തമാക്കേണ്ടതും തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം. 27/21-22/20.12.22)

## 1-18 എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി - പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്

പ്രോജക്റ്റ് നം. 42/22

എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി

വിനിയോഗിച്ച തുക – 8,00,000 (എസ് സി പി )

ബിൽ നം.7/2021-22/ 14.02.22- 50,000

ബിൽ നം.15/2021-22/ 22.02.22- 50,000

ബിൽ നം.42/2021-22/ 18.03.22- 3,50,000

ബിൽ നം.29/2021-22/ 23.02.22- 1,00,000

ബിൽ നം.34/2021-22/ 30.03.22- 1,50,000

ബിൽ നം.38/2021-22/ 30.03.22- 1,00,000

നിർവ്വഹണം - പ്രോജക്റ്റ് ഓഫീസർ, നഗരദാരിദ്ര നിർമ്മാർജ്ജന സെൽ

പദ്ധതി പ്രകാരം 12 ഗുണഭോക്താക്കൾക്ക് പഠനമുറി നിർമ്മാണത്തിനായി 50,000 രൂപ വീതവും ഒരു ഗുണഭോക്താവിന് 2,00,000 രൂപയും ധനസഹായം നൽകിയിട്ടുണ്ട്.

പദ്ധതി ഗുണഭോക്താവായ സ്വപ്ന കെ കല്ലേമ്പാടത്ത് വീട്, വി കെ റോഡ് നിലമ്പൂർ ഒഴികെ 12 ഗുണഭോക്താക്കൾക്കും 50,000രൂപ അഡ്വാൻസ് തുകയാണ് 2021-22വർഷത്തിൽ നൽകിയിട്ടുള്ളത്. മേൽ ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 28/21-22/20.12.22)

## 1-19 എസ് ടി വിദ്യാർത്ഥികൾക്ക് പഠനമുറി - പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്.

പ്രോജക്റ്റ് നം. 43/22

എസ് ടി വിദ്യാർത്ഥികൾക്ക് പഠനമുറി

വിനിയോഗിച്ച തുക – 50,000 ('ടി എസ് പി )

ബിൽ നം.28/2021-22/ 23.03.22- 50,000

നിർവ്വഹണം - പ്രോജക്റ്റ് ഓഫീസർ, നഗരദാരിദ്ര നിർമ്മാർജ്ജന സെൽ

പദ്ധതി പ്രകാരം സജീനി W/o ഗിരീഷ് അമ്പലക്കുന്നൻ ഈയ്യമട ,നിലമ്പൂർ ആർ എസ്( പി ഒ) എന്ന ഗുണഭോക്താവിന് പഠനമുറി നിർമ്മാണത്തിനായി 50000 രൂപ ധനസഹായം നൽകിയിട്ടുണ്ട്. അഡ്വാൻസ് തുകയാണ് നൽകിയിട്ടുള്ളത് പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 33/21-22/20.12.22)

## 1-20 അഗതി രഹിത കേരളം പദ്ധതി - പ്രവർത്തനം ആശാവഹമല്ല.

2019-20 സാമ്പത്തിക വർഷമാണ് അഗതി രഹിത കേരളം പദ്ധതി നഗരസഭയിൽ ആരംഭിച്ചിട്ടുള്ളത് . ഭക്ഷ്യധാന്യങ്ങൾ കിറ്റ് നൽകൽ,വീട് നിർമ്മാണത്തിന് ധനസഹായം നൽകൽ,വിദ്യാഭ്യാസ കിറ്റ് നൽകൽ എന്നിവയാണ് 2021-22 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയിട്ടുള്ളത്. അഗതി രഹിത കേരളം പദ്ധതിയുടെ ബാങ്ക് ഓഫ് ബറോഡ അക്കൗണ്ടിൽ (നം.40238101062371) 30.04.2022 ൽ, 15,65,218 രൂപ നീക്കിയിരിപ്പുണ്ട്.

അഗതി രഹിത കേരളം പദ്ധതി സംബന്ധിച്ച സ.ഉ (എം എസ് )നം. 252/2017/തസ്വഭവ തി.12.12.2017 നം. ഉത്തരവ് പ്രകാരം എ എ വൈ കാർഡില്ലാത്ത അഗതി കുടുംബങ്ങൾക്ക് ആയത് ലഭ്യമാകുന്നത് വരെ റേഷൻ കടകളിൽ നിന്നോ മറ്റ സിവിൽ സപ്ലൈസ് സ്ഥാപനങ്ങളിൽ നിന്നോ ഭക്ഷ്യധാന്യം വാങ്ങി നൽകാവുന്നതും, ഭക്ഷ്യധാന്യങ്ങളുടെയും പരിപ്പുവർഗ്ഗങ്ങളുടെയും വിതരണം സി ഡി എസും ബന്ധപ്പെട്ട അയൽക്കൂട്ടങ്ങളും ഉറപ്പു വരുത്തേണ്ടതുമാണ്. റേഷൻ കടകളിൽ നിന്നും ലഭ്യമാകുന്നതിൽ കൂടുതൽ ധാന്യം നൽകേണ്ടതുണ്ടെങ്കിൽ മാത്രമാണ് സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളിൽ നിന്നും വാങ്ങി നൽകാവുന്നത്. റേഷൻ കാർഡില്ലാത്ത അഗതി കുടുംബങ്ങൾക്ക് ആയത് ലഭ്യമാകുന്നത് വരെ പരമാവധി ഒരു വർഷത്തേക്ക് മാത്രമാണ് നൽകാവുന്നത്. ഇതിനും പുറമേ പോഷകാഹര കിറ്റും പ്രതിമാസം നൽകാവുന്നതാണ്.ഒരു അംഗത്തിന് പ്രതിമാസം 500 രൂപയും, രണ്ട് അംഗങ്ങളുള്ള കുടുംബത്തിന് 700 രൂപയും, മൂന്നോ അതിൽ കൂടുതലോ അംഗങ്ങളുള്ള കുടുംബത്തിന് 900 രൂപയുമാണ് ഇക്കാര്യത്തിൽ വിനിയോഗിക്കാവുന്നത്. പോഷകാഹരകുറവുള്ള ഗുണഭോക്താക്കൾക്ക് ആവശ്യമായ ഭക്ഷണ സാധനങ്ങൾ പി എച്ച് സി മെഡിക്കൽ ഓഫീസറുടെ സഹായത്തോടെ തിട്ടപ്പെടുത്തേണ്ടതും, പോഷണത്തിൽ ഉണ്ടാകുന്ന പുരോഗതി വിലയിരുത്തേണ്ടതും ഒരു ഹെൽത്ത് കാർഡിൽ വിവരം രേഖപ്പെടുത്തി നിരീക്ഷിക്കേണ്ടതുമാണ്. ഭക്ഷണം പാചകം ചെയ്യുന്നതിന് ശേഷിയില്ലാത്തവർക്ക് ഭക്ഷണം പാചകം ചെയ്ത് വിതരണം നടത്താവുന്നതുമാണ്. ഇത്തരത്തിൽ ധാരാളം പദ്ധതി നടപ്പാക്കാമെങ്കിലും ദൗർഭാഗ്യവശാൽ ഭക്ഷ്യധാന്യങ്ങൾ വാങ്ങി നൽകൽ എന്ന പ്രവൃത്തി മാത്രമാണ് നഗരസഭ നടപ്പാക്കിയിട്ടുള്ളത്. മേൽ മാർഗ്ഗരേഖയിലെ ചുവടെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടു കാണുന്നില്ല.

(I) 2.5.5 പ്രകാരം അഗതി കുടുംബങ്ങളെ സന്ദർശിച്ച് പദ്ധതി പ്രകാരമുള്ള സഹായങ്ങൾ ലഭ്യമാകുന്നുണ്ടോയെന്ന് പരിശോധിച്ച് ആയതിന്റെ രജിസ്റ്റർ സൂക്ഷിക്കണം. എന്നാൽ ആയത് പാലിക്കുന്നില്ല.

(Ii) 2.5.7 പ്രകാരം എല്ലാമാസവും ഭക്ഷ്യധാന്യവും പോഷകാഹാര കിറ്റും ലഭ്യമാക്കണം എന്നാൽ 2021 ഒക്ടോബർ മാസത്തിൽ കിറ്റ്

നൽകിയിട്ടില്ല. കിറ്റുകൾ വിതരണം ചെയ്യുന്നതിൽ സമയക്ലിപ്തത പാലിക്കുന്നതിലും സ്ഥിരമായി വീഴ്ചവരുന്നുണ്ട്. മിക്കപ്പോഴും രണ്ടുമാസത്തെ കിറ്റുകൾ ഒന്നിച്ചാണ് വിതരണം നടത്തുന്നത്. സ്ഥിരമായി ഒരേ ഇനങ്ങൾ തന്നെയാണ് വിതരണം നടത്തുന്നത്.

കൂടാതെ, പദ്ധതി പ്രകാരം അഗതികൾക്ക് ആരോഗ്യ സേവനങ്ങൾ നൽകുന്നതിനുള്ള നോഡൽ ഓഫീസറായി നഗരസഭാ പ്രദേശത്തെ അലോപ്പതി *ആയുർവേദം*/ഹോമിയോ വിഭാഗങ്ങളിലെ ഏതെങ്കിലും ഒരു മെഡിക്കൽ ഓഫീസറെ ചുമതലപ്പെടുത്തണം. എന്നാൽ നാളിതുവരെയും അപ്രകാരം ഒരു നടപടി സ്വീകരിച്ചിട്ടില്ല.

ഡി പി ആർ പ്രകാരം വിവിധ ഇനങ്ങളിൽ ഗുണഭോക്താക്കളുടെ ആവശ്യങ്ങൾ താഴെ പറയും പ്രകാരമാണ്.

| ക്രമ നം. | ഇനം. | ആവശ്യക്കാരുടെ എണ്ണം | സഹായം ലഭ്യമായ ഗുണഭോക്താക്കളുടെ വിവരം |
|---|---|---|---|
| 1 | ഭക്ഷണം | 157 | 161 |
| 2 | ചികിത്സ | 13 | 0 |
| 3 | വിദ്യാഭ്യാസം | 43 | 0 |
| 4 | വീട് | 40 | 0 |
| 5 | ഭൂമി | 1 | 0 |
| 6 | വസ്ത്രം | 119 | 0 |

ചികിത്സാ സഹായം ആവശ്യമുള്ള 13 ഗുണോക്താക്കൾ ഉണ്ടങ്കിലും നാളിതുവരെയും ആർക്കും തന്നെ ചികിത്സ സൗകര്യം ലഭ്യമായിട്ടില്ല. അഗതി രഹിത കേരളം പദ്ധതി അംഗീകാരത്തിന് നൽകുന്നതിന് മുൻപു തന്നെ എല്ലാവിഭാഗം മെഡിക്കൽ ഓഫീസർമാരെയും വിദഗ്ധരെയും ഉൾക്കൊള്ളിച്ച് മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ച് ഹെൽത്ത് കാർഡ് അനുവദിക്കാത്തതാണ് കാരണം. അഗതി രഹിത കേരളം പദ്ധതി അംഗീകാരത്തിന് നൽകുന്നതിന് മുൻപ് തന്നെ ഈവിധം മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ച് ഹെൽത്ത് കാർഡ് അനുവദിക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളതാണെങ്കിലും ആയത് പാലിച്ചിട്ടില്ല. പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള രോഗികളുടെ ശാരീരിക മാനസിക വിശദാംശങ്ങൾ ഉൾപ്പെടെ വിശദ വിവരങ്ങൾ അടങ്ങിയ ഒരു ഫയൽ പി എച്ച് സി കളിൽ സൂക്ഷിക്കേണ്ടതാണങ്കിലും ആയതും പാലിച്ചിട്ടില്ല. പദ്ധതി ഗുണഭോക്താക്കൾക്ക് ആർക്കും ചികിത്സാ സൗകര്യം ലഭിച്ചിട്ടില്ല.

സ.ഉ(എം എസ് ) നം. 126/2018/തസ്വഭവ തീ. 14.09.2018 പ്രകാരം ഭൂരഹിതരായ എല്ലാ അഗതി കുടുംബങ്ങളും ലൈഫ് പദ്ധതിയുടെ ഗുണഭോക്താക്കളായി ഉൾപ്പെട്ടിട്ടുണ്ട് എന്ന് കുടുംബശ്രീ ഉറപ്പാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ആയത് പാലിച്ചിട്ടില്ല. ഭൂരഹിതരായ ഒരു ഗുണഭോക്താവിന് ഭൂമി ലഭ്യമാകാൻ നടപടി സ്വീകരിച്ചിട്ടില്ല.

ഡി പി ആർ പ്രകാരം ഭവനം ആവശ്യമുള്ള 40 ഗുണഭോക്താക്കൾ ഉണ്ടെങ്കിലും 2021-22ൽ ഒരാൾക്ക് പി എം എ വൈ ഭവനപദ്ധതിയിൽ ഉൾപ്പെടുത്താതെ ധനസഹായം അനുവദിച്ചു വരുന്നുണ്ട്.ആയത് എപ്രകാരമെന്ന് വ്യക്തമല്ല.

മേൽ പട്ടിക പ്രകാരം 119 കുടുംബങ്ങൾക്ക് വസ്ത്രം ആവശ്യമുണ്ടെങ്കിലും നാളിതുവരെയും ഈക്കാര്യത്തിൽ നടപടി സ്വീകരിച്ചിട്ടില്ല. പദ്ധതിയുടെ പുരോഗതി വിലയിരുത്തുവാൻ ചുമതലപ്പെട്ട വിലയിരുത്തൽ സമിതിയുടെ പ്രവർത്തനവും നാമമാത്രമാണ്. 15.07.2019 ന് ഒരു തവണ യോഗം ചേർന്നതൊഴിച്ചാൽ പദ്ധതിയുടെ പ്രവർത്തനം സംബന്ധിച്ച് മോണിറ്ററിംഗ് നടത്തുകയോ മറ്റുതരത്തിലുള്ള ഇടപെടലുകളോ സമിതി നടത്തിയിട്ടില്ല.

ചലഞ്ച് ഫണ്ട് രണ്ടു ഗഡുമാത്രമാണ് ഈക്കാലയളവിൽ ലഭിച്ചിട്ടുള്ളൂ. മൂന്നാംഗഡു ലഭ്യമായിട്ടില്ല.

ആവശ്യത്തിന് തുക നീക്കിയിരിപ്പുണ്ടായിട്ടും പദ്ധതി പുരോഗതി കൈവരിക്കാത്തതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.31/21-22/20.12.2022)

## 1-21 മുഴുവൻ ആയുർവേദ മരുന്നുകളും ലഭ്യമായില്ല.

പ്രോജക്റ്റ് നം. 37/22

കിടപ്പിലായ രോഗികൾക്ക് ഹോംകെയർ വഴി ആയുർവേദ മരുന്നുകൾ ലഭ്യമാക്കൽ പദ്ധതി

വിനിയോഗിച്ച തുക – 2,00,000 രൂപ (ധനകാര്യ കമ്മീഷൻ ഗ്രാൻറ് )(Sanction No. P1-15337/21-1 Dt. 15-1-22)

നിർവ്വഹണം - മെഡിക്കൽ ഓഫീസർ(ആയുർവേദം )

പദ്ധതി പ്രകാരം 2,00,000 രൂപ ഔഷധി, തൃശ്ശൂരിന് നൽകിയിട്ടുണ്ട്. ആയതിൽ ഇൻവോയിസ് നം.90249488/04.03.22 പ്രകാരമുള്ള 1,78,416 രൂപക്കുള്ള മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. അവശേഷിച്ച 21,584 രൂപയുടെ മരുന്നുകൾ ലഭ്യമായതിന്റെ വിവരം, സ്റ്റോക്ക്, ഇഷ്യൂ വിവരം എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.24/20.12.22)

## 1-22 പൊതു ടാപ്പുകളുടെ വെള്ളക്കരം ഭീമമായ തുക ഫൈൻ ചുമത്തപ്പെടുന്നു.

മുനിസിപ്പാലിറ്റി 2021-22 വർഷം 53 പൊതു വാട്ടർ ടാപ്പുകളുടെ വെള്ളക്കരം എല്ലാ മാസവും അടയ്ക്കുന്നുണ്ട്. വർഷങ്ങളായി കേരള വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം കുടിശ്ശിക വരുത്താതെ അടവാക്കുന്നുണ്ടെങ്കിലും

വാട്ടർ അതോറിറ്റി മുനിസിപ്പാലിറ്റിക്ക് നൽകുന്ന ഡിമാന്റ് നോട്ടീസിൽ ഭീമമായ തുക കുടിശ്ശികയും ഫൈനും ഡിമാന്റ് ചെയ്യുന്നുണ്ട്. 2021 മാർച്ച്, 2022 മാർച്ച് മാസങ്ങളിലെ ഡിമാന്റ് വിവരങ്ങൾ താഴെ ചേർക്കുന്നു.

| | 2021 മാർച്ച് | 2022 മാർച്ച് |
|---|---|---|
| കുടിശ്ശിക | 4287416 | 5371408 |
| ഫൈൻ | 84099 | 105361 |
| തൻമാസം | 34821 | 36561 |

നഗരസഭ എല്ലാ മാസവും തൻമാസ ഡിമാന്റ് തുക മാത്രമേ അടയ്ക്കുന്നൊള്ളൂ. കുടിശ്ശിക തുക ഏതു കാലയളവിൽ നിലവിൽ ഉള്ളതാണെന്നോ, എത്രതുക അടവാക്കിയിട്ടുണ്ടെന്നോ സംബന്ധിച്ച് കൃത്യമായ വിവരം ജല അതോറിറ്റിയുടെ കൈവശമോ നഗരസഭയുടെ കൈവശമോ ലഭ്യമല്ല എന്നാണ് ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമാവുന്നത്. ശരിയായ ഡിമാന്റ് സംബന്ധിച്ച് തീരുമാനത്തിലെത്തി തീർപ്പ് കൽപ്പിക്കാതിരുന്നാൽ ഭീമമായ തുക മുനിസിപ്പാലിറ്റി പിഴ ഇനത്തിൽ വാട്ടർ അതോറിറ്റിക്ക് നൽകേണ്ടി വരും. 2021-22ൽ മാത്രം 105361 രൂപ പിഴ ഡിമാന്റ് ചെയ്തിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് കുടിശ്ശിക തുക സംബന്ധിച്ച് കൃത്യത വരുത്തി വിഷയം തീർപ്പാക്കേണ്ടതാണ്.

## 1-23 ആദായ നികുതി ഈടാക്കിയില്ല.

നഗരസഭ എഞ്ചിനീയറിംഗ് വിഭാഗത്തിന് കരാർ അടിസ്ഥാനത്തിൽ വാഹനം വിളിക്കുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചതിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത ശ്രീ. അബ്ദുൾ ഹക്കീം ചുങ്കത്ത് വീട് , ചന്തക്കുന്ന് പി ഒ എന്നയാളുടെ ക്വട്ടേഷൻ (പ്രതി മാസം 32,000 രൂപ ) അംഗീകരിക്കുകയും താഴെ പറയും പ്രകാരം ടിയാന് വാഹന വാടക നൽകുകയും ചെയ്തിട്ടുണ്ട്.

| ക്രമനം. | വൗച്ചർ നം. / തീയ്യതി | വാഹന വാടക നൽകിയത് |
|---|---|---|
| 1 | 22100015/8.4..2021 | 32,000 |
| 2 | 22100131/3.5.21 | 32,000 |
| 3 | 22100237/1.6.21 | 32,000 |
| 4 | 22100351/5.7.21 | 32,000 |
| 5 | 22100443/3.8.21 | 32,000 |
| 6 | 22100573/3.9.21 | 32,000 |
| 7 | 22100695/4.10.21 | 32,000 |
| 8 | 22100835/3.11.21 | 32,000 |
| 9 | 22100934/3.12.21 | 32,000 |
| 10 | 22101098/7.1.22 | 32,000 |
| 11 | 22101241/4.2.22 | 32,000 |
| 12 | 22101406/4.3.22 | 28600 |
| ആകെ | | 380600 |

ഇൻകം ടാക്സ് നിയമം സെക്ഷൻ 194 C പ്രകാരം വാഹന വാടക ഇനത്തിൽ ഒരു വ്യക്തിക്ക് ഒരു വർഷം നൽകുന്ന തുക 100000 രൂപയിൽ കൂടുതൽ ആണ് എങ്കിൽ 1% ആദായ നികുതി ഈടാക്കേണ്ടതുണ്ട്. എന്നാൽ 3806 (1% Of 380600) രൂപ ആദായ നികുതി ഇനത്തിൽ ഈടാക്കാതെ മുഴുവൻ തുകയും നൽകുകയാണ് ചെയ്തിട്ടുള്ളത്. കരാറുകാരനിൽ നിന്നോ വീഴ്ചക്ക് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ തുക ഈടാക്കി ഐ ടി അടവാക്കി വിവരം അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 15/17.12.22 ക്ക് മറുപടി ലഭിച്ചിട്ടില്ല.

## 1-24 മുൻകൂർ ക്രമീകരിച്ചില്ല.

2021-22 വർഷം നൽകിയ താഴെ പറയുന്ന മുൻകൂറുകൾ ക്രമീകരിച്ചതായി കാണുന്നില്ല.

| വൗച്ചർ | തുക | കൈപറ്റിയ ആൾ | ആവശ്യം |
|---|---|---|---|
| 22101055/1.1.22 | 5000 | ഡിന്റോ . കെ പി (JHI) | ലഹരിക്കെതിരെ ജനകീയറാലി സംഘടിപ്പിക്കുന്നതിനു |
| 22101197/2.1.22 | 4800 | ഡിന്റോ . കെ പി (JHI) | GMVHSS ലെ മരം മുറിക്കുന്നതിനു |
| 2210180/19.3.22 | 6300 | ഡിന്റോ . കെ പി (JHI) | ജില്ലാ ആശുപത്രിയിലെ ലെ മരം മുറിക്കുന്നതിനു |
| ആകെ | 16100 | | |

കേരള ഫിനാൻഷ്യൽ കോഡ് വോള്യം I ആർട്ടിക്കിൾ 99 പ്രകാരം തുക വിനിയോഗിച്ച് മൂന്ന് മാസത്തിനകം വിശദമായ വൗച്ചറുകൾ സഹിതം ക്രമീകരിക്കേണ്ടതും അല്ലാത്തപക്ഷം 18% പലിശ സഹിതം ഒറ്റ തവണയായി തിരികെ ഈടാക്കേണ്ടതുമാണ്. മുൻകൂർ ക്രമീകരിച്ചതിന്റെ വിവരം /ചെലവുരേഖകൾ ലഭ്യമാക്കുകയോ തുക പലിശ സഹിതം ഈടാക്കുകയോ ചെയ്യേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 7/17-12-22 ക്ക് മറുപടി നൽകിയിട്ടില്ല.

## 1-25 മുനിസിപ്പൽ ഓഫീസിന് സമീപം കുടുംബശ്രീ കാന്റീൻ നിർമാണം; പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

നിർവ്വഹണോദ്യോഗസ്ഥൻ : മുനിസിപ്പൽ എഞ്ചിനീയർ

പ്രവൃത്തി : മുനിസിപ്പൽ ഓഫീസിന് സമീപം കുടുംബശ്രീ കാന്റീൻ നിർമാണം (157/22)

അടങ്കൽ : 42,08,240 രൂപ (വികസന ഫണ്ട്- ജനറൽ)

ഭരണാനുമതി: 1/22-3-18

സാങ്കേതികാനുമതി: 107913/18-19

കരാറുകാരൻ: അൻവർ സാദത്ത്

കരാർ: 241/18-19/19-2-19

അളവ് പുസ്തകം: 47,48/20-21

ചെലവ്: 3129716 രൂപ

ബിൽ നമ്പർ: 78/20-21/11-5-20: 1267500

ബിൽ നമ്പർ: 15/21-22/15-3-22: 1862216

2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം വാങ്ങിയ മേൽ പദ്ധതി മുനിസിപ്പൽ കോമ്പൗണ്ടിൽ മുനിസിപ്പൽ ഓഫീസിന് സമീപത്തായി ഒരു കുടുംബശ്രീ കാന്റീൻ നിർമിക്കുന്നതിനുള്ളതാണ് . ആയതിന് മേൽ പ്രകാരം 31,29,716 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി നാളിതുവരെ പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. മേൽ പ്രകാരം നിർമിച്ച കെട്ടിടത്തിനും തൊട്ട് ചേർന്നുള്ള, നഗരസഭയുടെ MCF (മാലിന്യ ശേഖരണത്തിനുള്ള കെട്ടിടം) കെട്ടിടത്തിനും പൊതുവായ ഗോവണിയാണുള്ളത്. MCF കെട്ടിടം, കാന്റീൻ കെട്ടിടം എന്നിവ ഒറ്റ കെട്ടിടമായാണ് നിലവിൽ ഉള്ളത്. MCF കെട്ടിടത്തിൽ ശേഖരിച്ചിട്ടുള്ള മാലിന്യങ്ങൾ MCF കെട്ടിടത്തിന് മുമ്പിലും പുതുതായി നിർമിച്ച കാന്റീൻ കെട്ടിടത്തിനോട് ചേർന്നും കൂട്ടിയിട്ടിരിക്കുകയാണ് ചെയ്തിട്ടുള്ളത്. ആയതിനാൽ തന്നെ നിലവിൽ ഈ കെട്ടിടം കാന്റീനിന് വേണ്ടി ഉപയോഗിക്കുക എന്നുള്ളത് പ്രായോഗികമല്ല. കാന്റീൻ കെട്ടിടം ഉപയോഗിക്കാത്തതിനാൽ തന്നെ പൊടി പിടിച്ച അവസ്ഥയിലാണ്. മാത്രമല്ല, മുകൾ നിലയിലെ ടോയ്‌ലെറ്റ് ഉപയോഗരഹിതമായിട്ടുമുണ്ട്. കാന്റീൻ കെട്ടിടം ഉപയോഗപ്രദമാക്കാത്തത് വിശദമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 35/20-12-22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും പദ്ധതിയുടെ ലക്ഷ്യം കൈവരിക്കാൻ തുടർ നടപടി സ്വീകരിച്ച് അക്കാര്യം അറിയിക്കേണ്ടതുമാണ്.

## 1-26 മണ്ണിന്റെ വിനിയോഗ വിവരം ലഭ്യമല്ല

2021-22 ൽ നഗരസഭയിൽ നടപ്പിലാക്കിയ പല പ്രവൃത്തികളിലും വിവിധ അളവുകളിൽ പദ്ധതി സ്ഥലത്ത് നിന്ന് മണ്ണ് കിളച്ച് മാറ്റുന്നുണ്ട്. എന്നാൽ, പദ്ധതി സ്ഥലത്ത് നിന്ന് കിളച്ച് മാറ്റിയ മണ്ണ് അതേ പ്രവൃത്തിക്ക് ഉപയോഗിക്കുകയോ മറ്റേതെങ്കിലും പ്രവൃത്തിക്ക് ഉപയോഗിക്കുകയോ ഉപയോഗിക്കാത്ത പക്ഷം ആയത് സ്റ്റാക്ക് ചെയ്ത് സെക്രട്ടറിക്ക് കൈമാറുകയോ ചെയ്തതായി കാണുന്നില്ല. അളവ് പുസ്തകത്തിൽ വിനിയോഗം സംബന്ധിച്ച യാതൊരു വിവരവും രേഖപ്പെടുത്തിയിട്ടില്ല. നിലവിൽ വളരെയധികം ആവശ്യകതയുള്ള ഒരു മെറ്റീരിയൽ ആണ് മണ്ണ്. ആയതുകൊണ്ട് തന്നെ, പദ്ധതി സ്ഥലത്ത് നിന്ന് ലഭ്യമാവുന്ന മണ്ണിന്റെ വിനിയോഗത്തിൽ സൂക്ഷ്മത പുലർത്താത്തത് ശരിയായ നടപടിയല്ല.

ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതി വിശദാംശം | ചെയ്ത പ്രവൃത്തിയുടെ അളവ് | കിളച്ച മണ്ണ് മാറ്റുന്നതിന് നൽകിയ/അനുവദിച്ച തുക |
|---|---|---|
| മുതുകാട് പാട്ടരാക്ക തോട് സൈഡ് കെട്ടി സംരക്ഷിക്കൽ 114/22<br>അടങ്കൽ: 100000 രൂപ ( CFC ഗ്രാന്റ്)<br>കരാറുകാരൻ: ശ്രീ ഷൗക്കത്തലി<br>കരാർ: 5/21-22/24-8-21<br>അളവ് പുസ്തകം: 61/21-22<br>ചെലവ്: 827889 രൂപ<br>ബിൽ നമ്പർ: 32/30-3-22: Rs | ഇനം (1): 241.71 M3 | 34322.82 രൂപ<br>(+ 12% GST) |

| | | |
|---|---|---|
| 727699<br>ബിൽ നമ്പർ: 5/20-7-22: Rs 100190 | | |
| വിവിധ ഡ്രൈനേജ് പ്രവൃത്തികൾ 164/22<br>അടങ്കൽ: 5500000 രൂപ (CFC ഗ്രാന്റ്)<br>കരാറുകാരൻ: ശ്രീ ദിനീഷ് എം<br>കരാർ: 1/21-22/2-6-21<br>അളവ് പുസ്തകം: 1, 32/21-22<br>ചെലവ്: 5464559 രൂപ<br>ബിൽനമ്പർ:10/21-22/19-7-21:R 1750438<br>ബിൽ നമ്പർ: 19/21-22 /25-2-22: Rs 2914368<br>ബിൽ നമ്പർ: 25/21-22 /19-3-22: Rs 799753 | ഇനം (1, E4): 1310.61 M3 | 268901.86രൂപ<br>(+ 12% GST) |
| ആകെ | 1552.32 M3 | |

വലിയ അളവിൽ മണ്ണ് പദ്ധതി സ്ഥലത്ത് നിന്ന് കിളച്ച് മാറ്റിയിട്ടും ആയത് വിനിയോഗിക്കാത്തത് ക്രമപ്രകാരമല്ല. ആയതിനാൽ മണ്ണിന്റെ വിനിയോഗ വിവരം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം മണ്ണിന്റെ വില തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 38/21-12-22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ, മേൽ പരാമർശിച്ച മണ്ണിന്റെ വിനിയോഗ വിവരം അറിയിക്കുകയോ അല്ലാത്തപക്ഷം മണ്ണിന്റെ വില/റോയൽറ്റി മണ്ണ് ഉപയോഗിച്ചവരിൽ നിന്നീടാക്കി അറിയിക്കുകയോ ചെയ്യേണ്ടതാണ്.

## 1-27 പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല

നി.ഉദ്യോഗസ്ഥൻ : മുനിസിപ്പൽ എഞ്ചിനീയർ .

(A) GO(P) 13/2012/PWD/01-02-2012 പ്രകാരമുള്ള കേരള പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2005, 2112 എന്നിവ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാർ AE മുഖേന കരാർ കാലാവധി തീരുന്നതിന്ന് മുമ്പായി, അപേക്ഷിക്കേണ്ടതും നിർവ്വഹണോദ്യോഗസ്ഥൻ ഇക്കാര്യത്തിൽ തീരുമാനമെടുത്ത് പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25 % ഗ്രേസ് പിരീഡ് പരമാവധി അനുവദിക്കാവുന്നതുമാണ്.

(B) കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, കരാറുകാർ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും പ്രസ്തുത അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1 % പിഴ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25 % വരെ (പരമാവധി 6 മാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ഭരണസമിതിയുടെ അംഗീകാരത്തോടെ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, 2 % പിഴ ഈടാക്കണം. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണസമയത്തിന്റെ 50 % ൽ അധികരിക്കാവുന്നതല്ല.

(C) തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18-8-2018 ലെ എ സി 2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ 3 മാസക്കാലയളവിന് 1 % നിരക്കിലും തുടർന്നുള്ള ഓരോ 3 മാസത്തിനും 2 % നിരക്കിലും ഈടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുമുണ്ട്.

എന്നാൽ, താഴെ പറയുന്ന പ്രവൃത്തികൾ സാങ്കേതികാനുമതി പ്രകാരമുള്ള പൂർത്തീകരണ കാലാവധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ല. ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാർ AE മുഖേന നൽകുകയോ കാലാവധി ദീർഘിപ്പിച്ച് നൽകുകയോ ചെയ്തിട്ടില്ല. കരാറുകാർ ചമച്ച കരാർ പ്രകാരം പൂർത്തീകരണ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെങ്കിൽ പിഴ ഈടാക്കി മാത്രമേ പ്രവൃത്തി പൂർത്തിയാക്കാവൂ എന്ന് നിഷ്കർഷിക്കുകയും കരാറുകാർ ആയത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ താഴെ പറയും പ്രകാരം പിഴ ഈടാക്കേണ്ടതാണ്.

ആദ്യ മൂന്ന് മാസം, PAC യുടെ 1% : (Minimum Rs.1000, Rs.maximum 50000)

അടുത്ത ഓരോ മൂന്ന് മാസം: PAC യുടെ 2% : (Minimum Rs.2000, Rs.maximum 100000)

വിശദാംശം താഴെ കൊടുക്കുന്നു.

| ക്ര നം | പദ്ധതി വിശദാംശം | ഈടാക്കേണ്ട പിഴ |
|---|---|---|
| 1 | പ്രവൃത്തി : റെയിൽവേ രാമൻകുത്ത് ഹെൽത്ത് സെന്റർ ചക്കാലക്കുത്ത് റോഡ് പുനരുദ്ധാരണം 140/22<br>അടങ്കൽ: 15,00,000 രൂപ<br>(തനത് ഫണ്ട്-100000, M Groad 500000)<br>കരാറുകാരൻ: ശ്രീ അൻവർ സാദത്ത് കെ<br>കരാർ: 33/19-20/1-10-19<br>പ്രവൃത്തിസ്ഥലം കൈമാറിയത് : 1-10-19<br>PAC: 1148733 രൂപ<br>അളവ് പുസ്തകം: 141/19-20<br>ചെലവ്: 1283237രൂപ<br>ബിൽ നമ്പർ: 9/21-22/15-8-21: 112581<br>ബിൽ നമ്പർ: 16/21-22/18-2-22: 170656<br>ചെക്ക് നമ്പർ 22115023/26-7-21: 1000000<br>കരാർ കാലവധി: 6 മാസം<br>Covid Relaxation: 6 മാസം<br>പൂർത്തീകരിക്കേണ്ട തീയതി: 30-9-20<br>പൂർത്തീകരിച്ച തീയതി: 22-12-20<br>(അളവ് പുസ്തകം പേജ് 41) | 1-10-20 To 22-12-20 @ 1 %: (83 Days)<br>11487.33 X 83/92 = 10363.56<br>le 10364 രൂപ |
| 2 | പ്രവൃത്തി: LIC റോഡും വൈഢൂര്യ ജ്വല്ലറി റോഡും പുനരുദ്ധാരണം 135/22<br>അടങ്കൽ: 957000 രൂപ (MG Road ഗ്രാന്റ്)<br>കരാറുകാരൻ: ശ്രീ P H ഹുസൈൻ<br>കരാർ: 148 A/18-19/17-11-18<br>പ്രവൃത്തിസ്ഥലം കൈമാറിയത്: 17-11-18<br>PAC: 772720 രൂപ<br>അളവ് പുസ്തകം: 129/19-20<br>ചെലവ്: 772721രൂപ<br>ബിൽ നമ്പർ: 5/21-22/19-7-21<br>കരാർ കാലവധി: 6 മാസം<br>പൂർത്തീകരിക്കേണ്ട തീയതി: 16-5-19<br>പൂർത്തീകരിച്ച തീയതി: 28-5-20<br>(അളവ് പുസ്തകം പേജ് 31) | 17-5-19 To 16-8-19 @ 1 %: 7727.20<br>17-8-19 To 16-11-19 @ 2 %: 15454.40<br>17-11-19 To 16-2-20 @ 2 %: 15454.40<br>17-2-20 To 16-5-20 @ 2 %:15454.40<br>17-5-20 To 28-5-20 @ 2%: (12 Days)<br>15454.40 X 12/92 = 2015.79<br>TOTAL: 56106.19<br>അടവ്: 38636 (ഫൈനൽ ബില്ലിൽ നിന്ന് കുറവ് ചെയ്തത്)<br>ബാക്കി: 17470.19<br>le 17470 രൂപ |

മേൽ പ്രകാരമുള്ള പിഴ 27834 രൂപ (10364+17470) മേൽ പ്രവൃത്തികളുടെ കരാറുകാരിൽ നിന്ന് ഈടാക്കി അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 12/17-12-22 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ, ഈയിനത്തിലുള്ള നഷ്ടം 27834 രൂപ ഈ പ്രവൃത്തികളുടെ കരാറുകാരിൽ നിന്നോ അല്ലാത്തപക്ഷം പ്രവൃത്തികളുടെ ഫൈനൽ ബിൽ അനവദിച്ച മുനിസിപ്പൽ എഞ്ചിനീയറിൽനിന്നോ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-28 നിയമപരമായ കാലാവധിക്കുള്ളിൽ കരാർ ചമക്കാത്തതിന് പിഴ ഈടാക്കിയില്ല. നഷ്ടം 7727 രൂപ.

നി.ഉദ്യോഗസ്ഥൻ: മുനിസിപ്പൽ എഞ്ചിനീയർ.

GO(P) 13/2012/PWD/01-02-2012 പ്രകാരമുള്ള കേരളപൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2009-6 പ്രകാരം ഒരു പ്രവൃത്തിയുടെ ടെൻഡർ സ്വീകരിച്ച് ഏഴ് ദിവസത്തിനകം കരാറുകാരന് ടെൻഡർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് (സെലക്ഷൻ

നോട്ടീസ്) നൽകണം. സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമക്കാൻ നോട്ടീസിൽ വ്യക്തമാക്കണം. 14 ദിവസത്തിനകം കരാർ ചമക്കാത്ത പക്ഷം 14 ദിവസത്തിന് ശേഷമുള്ള 10 ദിവസത്തിനകം കരാർ തുകയുടെ (PAC) 1% പിഴ ഈടാക്കിക്കൊണ്ട് (മിനിമം 1000 രൂപ, പരമാവധി 25000 രൂപ) കരാർ ചമക്കാവുന്നതാണ്. എന്നാൽ, താഴെ പറയുന്ന പ്രവൃത്തിയുടെ കരാർ മേൽ പറഞ്ഞ 14 ദിവസത്തിന് ശേഷമാണ് ചമച്ചതെങ്കിലും കരാർ തുകയുടെ 1% പിഴ ഈടാക്കിയിട്ടില്ല. കൂടാതെ,മേൽ പറഞ്ഞ 14 ദിവസത്തിന് ശേഷം കരാർ ചമച്ചില്ലെങ്കിൽ അപ്രകാരമുള്ള ടെൻഡർ റദ്ദാക്കുകയും EMD കണ്ട്കെട്ടി ടെൻഡർ നിബന്ധനകളിലെ മറ്റ് വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും തുടർന്ന് തൊട്ടടുത്ത കരാറുകാരനോട് ഇതേ നിരക്കിലും നിബന്ധനയിലും കരാറേറ്റെടുത്ത് നടത്താമോയെന്ന് നെഗോഷ്യേറ്റ് ചെയ്യേണ്ടതും ഇത് സാദ്ധ്യമല്ലെങ്കിൽ റീ ടെണ്ടർ ചെയ്യേണ്ടതുമാണെന്ന നിബന്ധന പാലിക്കാതെ അതേ കരാറുകാരനെ തന്നെ കരാർ ചമക്കാൻ അനുവദിച്ചതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

വിശദാംശം താഴെ കൊടുക്കുന്നു.

| പ്രവൃത്തിയുടെ വിശദാംശം | |
|---|---|
| പ്രവൃത്തി: LIC റോഡും വൈഡൂര്യ ജ്വല്ലറി റോഡും പുനരുദ്ധാരണം 135/22 | |
| അടങ്കൽ | 957000 രൂപ (MG Road ഗ്രാന്റ്) |
| കരാറുകാരൻ | ശ്രീ P H ഹുസൈൻ |
| കരാർ | 148 A/18-19/17-11-18 |
| PAC | 772720 രൂപ |
| അളവ് പുസ്തകം | 129/19-20 |
| ചെലവ് | 772721രൂപ |
| ബിൽ നമ്പർ | 5/21-22/19-7-21 |
| സെലക്ഷൻ നോട്ടീസ് | Pw1- S 122/19/24-9-18 |
| സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയത് | 8-10-18 |
| പിഴയില്ലാതെ കരാർ ചമക്കേണ്ട അവസാന തീയതി | 22-10-18 |
| കരാർ ചമച്ച തീയതി | 17-11-18 |
| ഈടാക്കേണ്ട പിഴ,( PAC യുടെ 1%) | 7727.20 Rounded To: 7727 രൂപ. |

മേൽ പ്രകാരം പിഴ ഈടാക്കാത്തത് വിശദമാക്കേണ്ടതും മേൽ സൂചിപ്പിച്ച പിഴ കരാറുകാരനിൽ നിന്ന് ഈടാക്കി അറിയിക്കേണ്ടതുമാണെന്നാവശ്യപ്പെട്ട് നൽകിയ 16/17-12-22 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ, ഈയിനത്തിലുള്ള നഷ്ടം 7727 രൂപ ഈ പ്രവൃത്തിയുടെ ഫൈനൽ ബിൽ അനുവദിച്ച മുനിസിപ്പൽ എഞ്ചിനീയറിൽ നിന്നീടാക്കി അറിയിക്കേണ്ടതാണ്.

## 1-29 ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തിയുടെ ബില്ലിൽ നിന്നും 5% കുറവ് ചെയ്തില്ല.

ജി.ഒ (പി)30/2016 ഫിൻ തീ. 29.02.2016 പ്രകാരം ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് 7.5% ഓവർ ഹെഡ് ചാർജ് നൽകാമെന്നും, ആവശ്യമായ നികുതികൾ ഗുണഭോക്തൃ സമിതികളിൽ നിന്നും ഈടാക്കണമെന്നും ഉത്തരവായിട്ടുള്ളതാണ്. PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിൽ 7.5% ഓവർഹെഡ് ചാർജ് ഉൾപ്പെട്ടിട്ടുണ്ട്. 01.07.2017 മുതൽ GST നിലവിൽ വന്നിട്ടുള്ളതിനാൽ 5% VAT ഈടാക്കേണ്ടതില്ലെന്നും 5% തുക കുറവ് ചെയ്തതിനു ശേഷം തുക അനുവദിച്ചാൽ മതിയെന്നും കേരള തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ കേരള തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് അയച്ച നം. ഡിബി3-9058/17/സിഇ/ldസ്വഭവ തീയതി 16.03.2018 കത്തിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. 2021-22 വർഷത്തിൽ ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രവൃത്തിയിൽ നിന്നും മേൽ സൂചിപ്പിച്ച പ്രകാരം 5% തുക കുറവ് ചെയ്യാതെ ഫൈനൽ ബിൽ അനുവദിച്ചതായി കാണുന്നു.

വിശദവിവരം താഴെ ചേർക്കുന്നു.

1) നിലമ്പൂർ GMUPS റിപ്പയർ 162/22

അടങ്കൽ: 1000000 രൂപ (M G Road ഫണ്ട്)

കൺവീനർ: ശ്രീമതി ഷീബ വർഗ്ഗീസ്

കരാർ: 36/20-21/4-11-20

അളവ് പുസ്തകം: 35/20-21

ചെലവഴിച്ച തുക: 997343രൂപ

ബിൽ നമ്പർ 141/20-21/27-3-21: 849255 രൂപ

ബിൽ നമ്പർ 12/21-22/28-12-21: 148088 രൂപ

ട്രഷറിയിൽ നിന്ന് പിൻവലിച്ച തുക: 997343 രൂപ

ട്രഷറിയിൽ നിന്ന് പിൻവലിക്കേണ്ട തുക: 950955 രൂപ

അധികം പിൻവലിച്ച തുക : 46388 രൂപ

| അധികം നൽകിയ തുകയുടെ വിശദാംശം | | | | |
|---|---|---|---|---|
| ഇനം | നൽകിയ തുക | നൽകേണ്ട തുക | അധികം | കുറിപ്പ് |
| മൂല്യനിർണ്ണയം | 890485 | 890485 | | |
| (-) OH 5% | ----------- | 41418<br>(890485 X 5/107.5) | | |
| ബാക്കി | 890485 | 849067 | | |
| (+) GST 12% | 106858 | 101888 | | |
| Total | 997343 | 950955 | 46388 | ആകെ അധികം |
| (-) Tax 5% | 44525 | 42455 | 2070 | ടാക്സിലെ അധികം |
| കൺവീനർക്ക് | 952818 | 908500 | 44318 | അറ്റ തുകയിലെ അധികം |

2) താമരക്കുളം അംഗനവാടി പൂർത്തീകരണം 146/22

അടങ്കൽ: 639333 രൂപ (തനത് ഫണ്ട്)

കൺവീനർ: ശ്രീമതി റംസാബി K M

കരാർ: 37/20-21/4-11-20

അളവ് പുസ്തകം: 39/20-21

ചെലവഴിച്ച തുക: 600000രൂപ

വൗച്ചർ നമ്പർ 1/21-22/26-7-21: 478620 രൂപ

വൗച്ചർ നമ്പർ 5/21-22/11-8-21: 121380 രൂപ

ട്രഷറിയിൽ നിന്ന് പിൻവലിച്ച തുക: 60000 രൂപ

ട്രഷറിയിൽ നിന്ന് പിൻവലിക്കേണ്ട തുക: 572093 രൂപ

അധികം പിൻവലിച്ച തുക : 27907 രൂപ

| അധികം നൽകിയ തുകയുടെ വിശദാംശം | | | | |
|---|---|---|---|---|
| ഇനം | നൽകിയ തുക | നൽകേണ്ട തുക | അധികം | കുറിപ്പ് |
| മൂല്യനിർണ്ണയം | 535714 | 535714 | | |
| (-) OH 5% | ----------- | 24917<br>(535714 X 5/107.5) | | |
| ബാക്കി | 535714 | 510797 | | |
| (+) GST 12% | 64280 | 61296 | | |
| Total | 600000 | 572093 | 27907 | ആകെ അധികം |
| (-) Tax 5% | 26785 | 25540 | 1245 | ടാക്സിലെ അധികം |
| കൺവീനർക്ക് | 573215 | 546553 | 26662 | അറ്റ തുകയിലെ അധികം |

കൺവീനർമാർക്ക് അധികം നൽകിയ 70980 രൂപ (44318 + 26662) അതാത് കൺവീനർമാരിൽ നിന്നീടാക്കേണ്ടതും മറ്റു വകുപ്പുകൾക്ക് അധികം നൽകിയ3315 രൂപ (2070 + 1245) അതാത് ഫണ്ടിൽ നിന്നീടാക്കുകയോ അല്ലാത്തപക്ഷം ക്രമീകരിക്കുകയോ ചെയ്യേണ്ടതുമാണ്. അല്ലാത്തപക്ഷം അധികച്ചെലവ് ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറുടെ

ബാധ്യതയായി നിജപ്പെടുത്തുന്നതാണ്. കൂടാതെ കൺവീനർമാർക്ക് അനുവദിച്ച 12% നിരക്കിലുള്ള GST 171138 രൂപ (106858 + 64280) GST വകുപ്പിൽ അടവാക്കിയതിന്റെ രേഖ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 14/17-12-22 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ, കൺവീനർമാർക്ക് അധികം നൽകിയ 70980 രൂപ (44318 + 26662) അതാത് കൺവീനർമാരിൽ നിന്നോ അല്ലാത്ത പക്ഷം മേൽ പ്രവൃത്തികളുടെ ഫൈനൽ ബിൽ അനുവദിച്ച മുനിസിപ്പൽ എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 1-30 അളവ് പുസ്തകം, ടെണ്ടർ ഫോം എന്നിവ യഥാരീതിയിൽ സ്റ്റോക്കിലെടുക്കുന്നില്ല.

1) അളവ് പുസ്തകം

കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2109 പ്രകാരം K.P.W. Form 84 മാതൃകയിൽ അളവ് പുസ്തകങ്ങൾക്ക് ഒരു സ്റ്റോക്ക് ആന്റ് ഇഷ്യൂ രജിസ്റ്റർ സൂക്ഷിക്കണം. ഇതിൽ അളവ് പുസ്തകത്തിന്റെ ക്രമ നമ്പർ ഇഷ്യൂ ചെയ്യുന്ന തീയ്യതി എന്നിവ രേഖപ്പെടുത്തണം. കൈപ്പറ്റുന്ന ഉദ്യോഗസ്ഥന്റെ ഒപ്പ് വാങ്ങിക്കണം. നഗരസഭയിൽ അളവ് പുസ്തകങ്ങളുടെ സ്റ്റോക്ക് സൂക്ഷിപ്പ് സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. നഗരസഭ കൈപ്പറ്റുന്ന അളവ് പുസ്തകങ്ങൾക്ക് ക്രമ നമ്പർ നൽകി സ്റ്റോക്കിലെടുക്കുകയും, മുനിസിപ്പൽ എഞ്ചിനീയർ/തൊഴിലുറപ്പ് അസിസ്റ്റന്റ് എഞ്ചിനീയറുടെ അപേക്ഷകളുടെ അടിസ്ഥാനത്തിൽ ആയത് ആവശ്യാനുസരണം ഇഷ്യൂ ചെയ്യുകയും ചെയ്യേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്.

<u>അപാകതകൾ</u>

1) സ്റ്റോക്ക് രജിസ്റ്ററിൽ നീക്കിയിരിപ്പ് ഉള്ളതിനേക്കാൾ കൂടുതൽ സ്റ്റോറിൽ നീക്കിയിരിപ്പുണ്ട്.

നഗരസഭയിൽ ലഭിക്കുന്ന അളവ് പുസ്തകങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്യുത് സ്റ്റോക്ക് ആന്റ് ഇഷ്യൂ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും സ്റ്റോക്ക് രജിസ്റ്ററിലെ നീക്കിയിരിപ്പ് യഥാർത്ഥ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ പേജ് 89 പ്രകാരം 150 അളവ് പുസ്തകങ്ങളാണ് നീക്കിയിരിപ്പുള്ളത്. എന്നാൽ സ്റ്റോറിൽ, സെക്ഷൻ ക്ളാർക്കിന്റെ സാന്നിദ്ധ്യത്തിൽ നടത്തിയ പരിശോധനയിൽ ഏകദേശം 400 ൽ അധികം (വലിയ പെട്ടിയിൽ ആയതിനാൽ എണ്ണിത്തിട്ടപ്പെടുത്താൻ കഴിഞ്ഞിട്ടില്ല) അളവ് പുസ്തകങ്ങൾ സ്റ്റോറിൽ കാണപ്പെട്ടു.

2) അസിസ്റ്റന്റ് എഞ്ചിനീയർ അളവ് പുസ്തകങ്ങൾക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുക പോലും ചെയ്യുന്നില്ല. അളവ് പുസ്തകങ്ങൾ ലഭിച്ചതിന്റെയും യാതൊരു രേഖകളും അസിസ്റ്റന്റ് എഞ്ചിനീയർ സൂക്ഷിക്കുകയോ പരിശോധനക്ക് ഹാജരാക്കുകയോ ചെയ്തിട്ടില്ല. അതേ സമയം അളവ് പുസ്തകം സ്റ്റോക്കിലെടുക്കാതെ കൈവശം വെച്ച് ഒരു ഇഷ്യൂ രജിസ്റ്ററിൽ ആവശ്യാനുസരണം ക്രമനമ്പർ രേഖപ്പെടുത്തി ഉപയോഗിച്ച് വരുകയാണ് ചെയ്യുന്നത്.

തൊഴിലുറപ്പ് വിഭാഗത്തിലും അളവ് പുസ്തകങ്ങൾ സ്റ്റോക്കിലെടുക്കുന്നില്ലെങ്കിലും ആയത് സ്റ്റോക്കിലെടുക്കാതെ കൈവശം വെച്ച് ഒരു ഇഷ്യൂ രജിസ്റ്ററിൽ ആവശ്യാനുസരണം ക്രമനമ്പർ രേഖപ്പെടുത്തി ഉപയോഗിച്ച് വരുകയാണ് ചെയ്യുന്നത്.

2) ടെണ്ടർ ഫോം

സെക്രട്ടറി, മുനിസിപ്പൽ എഞ്ചിനീയർ, തൊഴിലുറപ്പ് അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ ആയതിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 37/21-12-22 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ, മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും ആയവ പരിഹരിച്ച് അറിയിക്കേണ്ടതുമാണ്.

## 1-31 S T കോളനികളിൽ കക്കൂസും അനുബന്ധ സൗകര്യങ്ങളുമൊരുക്കൽ; അപാകതകൾ.

നിർവ്വഹണോദ്യോഗസ്ഥൻ: മുനിസിപ്പൽ എഞ്ചിനീയർ

പ്രവൃത്തി: S T കോളനികളിൽ കക്കൂസും അനുബന്ധ സൗകര്യങ്ങളുമൊരുക്കൽ (58/22)

അടങ്കൽ: 950000 രൂപ

TSP: 614000

തനത് ഫണ്ട്: 336000

ഭരണാനുമതി: 1/27-11-21

സാങ്കേതികാനുമതി: 65128/21-22

കരാറുകാരൻ: ഗോപകുമാർ കെ വി

കരാർ: 54/21-22/24-2-22

അളവ് പുസ്തകം: 50,51/21-22

ചെലവ്: 852198 രൂപ

വൗച്ചർ നമ്പർ: 17/21-22/30-3-22: 238198

ബിൽ നമ്പർ: 28/21-22/30-3-22: 614000

വരടേംപാടം (1 എണ്ണം), വല്ലപ്പുഴ (6 എണ്ണം) എന്നീ S T കോളനികളിൽ ആകെ 7 കക്കൂസുകൾ നിർമിക്കുന്നതിനുള്ള മേൽ പദ്ധതി പ്രകാരം ആകെ 852198 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ടിന്റെ പേര് 'എസ്. ടി. കോളനികളിൽ കക്കൂസും അനുബന്ധ സൗകര്യങ്ങളും ഒരുക്കൽ' എന്നാണെങ്കിലും കോളനികളിലെ 7 പേർക്ക് വ്യക്തിഗത ആനുകൂല്യങ്ങൾ എന്ന നിലയിൽ അവരവരുടെ സ്ഥലത്ത് 7 കക്കൂസുകൾ നിർമ്മിച്ച് നൽകുകയാണ് ചെയ്തിട്ടുള്ളത്. ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ 6-11-21 ലെ TE-6126/20(1) പ്രകാരമുള്ള ഫീസിബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് മേൽ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. എന്നാൽ വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പാലിച്ചല്ല ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുള്ളത്.

കേരളത്തിൽ വെളിയിട വിസർജ്ജന പ്രദേശങ്ങളുടെ വ്യാപ്തിയിലുണ്ടായ കുറവിന്റെയും വെളിയിട വിസർജ്ജന വിമുക്ത മേഖലയായി പ്രഖ്യാപിക്കുകയും ചെയ്തതിന്റെയും അടിസ്ഥാനത്തിൽ നിലവിലുള്ള 13-ാം പദ്ധതി മാർഗ്ഗരേഖ/സബ്സിഡി മാർഗ്ഗരേഖയിൽ, കക്കൂസ് നിർമാണത്തിന് സബ്സിഡി സംബന്ധിച്ച വിശദാംശം ഒഴിവാക്കിയിട്ടുണ്ട്. കേന്ദ്ര കുടിവെള്ളവും ശുചിത്വവും മന്ത്രാലയത്തിന്റെ 14-3-18 ലെ S. 18013/2/2014 O/o Dir SBM Part (1) കത്തിന്റെ അടിസ്ഥാനത്തിൽ, ത സ്വ ഭ D C വകുപ്പിന്റെ 21-7-18 ലെ 334/DC.1/18/ ത സ്വ ഭ വ സർക്കുലർ പ്രകാരം, പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ നൽകുന്ന 'പെർഫോമൻസ് ബെയ്സ്ഡ് ഇൻസെന്റീവ് ഗ്രാന്റ് ' വ്യക്തിഗത ഗാർഹിക കക്കൂസ് നിർമാണം/അറ്റകുറ്റപ്പണികൾ എന്നിവക്ക് ഉപയോഗിക്കാവുന്നതാണെന്ന് ഉത്തരവായിട്ടുണ്ട്. ആയത് പ്രകാരം വ്യക്തിഗത ഗാർഹിക കക്കൂസ് നിർമാണത്തിന് 15400 രൂപയും അറ്റകുറ്റപ്പണികൾക്ക് പരമാവധി 9240 രൂപയും വിനിയോഗിക്കാവുന്നതാണെന്ന് ഈ സർക്കുലറിൽ നിഷ്കർഷിക്കുന്നുണ്ട്.

എന്നാൽ മേൽ നിർദ്ദേശത്തിന് വിരുദ്ധമായിട്ടാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതി നടത്തിപ്പിലെ പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

1) സർക്കുലർ പ്രകാരം ഈ പദ്ധതിക്ക് മൊത്തം ചെലവഴിക്കാവുന്ന പരമാവധി തുക 107800 (7 X 15400) രൂപയാണ്. എന്നാൽ മേൽ പരാമർശിച്ച പ്രകാരം 852198 രൂപ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. 744398 രൂപയുടെ (852198-107800) അധികച്ചെലവ് ഉണ്ടായി.

2) 2021-22 വർഷത്തേക്ക് ബാധകമായ സർക്കാർ ഉത്തരവ് (കൈ) നമ്പർ 11/2018/ത സ്വ ഭ വ/ തീയതി 29-1-18 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 11.3 പ്രകാരമാണ് വ്യക്തിഗതാനുകൂല്യങ്ങൾക്കുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടതാണ്. എന്നാൽ ഏഴ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് ഉത്തരവ് പ്രകാരമുള്ള യാതൊരു നിർദ്ദേശങ്ങളും പാലിച്ചതായി കാണുന്നില്ല.

3) വ്യക്തിഗത കക്കൂസ് നിർമാണം എന്ന പദ്ധതിയുടെ നിർവ്വഹണം മുനിസിപ്പൽ എഞ്ചിനീയറുടെ ചുമതലയിൽ വരുന്നതല്ല. മുനിസിപ്പൽ എഞ്ചിനീയറെ ഈ പദ്ധതിയുടെ നിർവ്വഹണം ഏല്പിച്ചത് എപ്രകാരമാണെന്ന് വ്യക്തമല്ല.

ആയതിനാൽ പദ്ധതി നടപ്പിലാക്കിയതിന് ആധികാരികമായ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 36/20-12-22 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും മേൽ വിവരിച്ച പ്രകാരമുള്ള രേഖകൾ/വിശദീകരണം പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്. ആയത് വരെ ചെലവ് തുക 852198 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-32 ഡ്രൈനേജ് /കൾവർട്ട് സ്ലാബ് കോൺക്രീറ്റിന് അധിക നിരക്ക് നൽകി; നഷ്ടം 18212രൂപ.

മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തികളിൽ ഡ്രൈനേജിന്റെ സ്ലാബ് കോൺക്രീറ്റ് (M25)/ കൾവർട്ട് സ്ലാബ് കോൺക്രീറ്റ് (M25) ചെയ്തതിന് മോർഡ് സ്പെസിഫിക്കേഷൻ കോഡ് 13.1.2 പ്രകാരമുള്ള നിരക്കാണ് (9599.70/m3,കോസ്റ്റ് ഇൻഡക്സ്: 31.06 % ഉൾപ്പെടെ) നൽകിയിട്ടുള്ളത്. ഈ കോഡ് പ്രകാരമുള്ള നിരക്ക്, 5 മീറ്റർ വരെ ഉയരമുള്ള സൂപ്പർ സ്ട്രക്ചർ പ്രവൃത്തിക്ക് ബാധകമായ നിരക്കാണ്. കോഡ് 13.1.2 പ്രകാരമുള്ള നിരക്കിൽ കോൺക്രീറ്റിങ്ങിന് വേണ്ടി സ്റ്റേജ് നിർമ്മിക്കുന്നതും ഉൾപെടുന്നുണ്ട്. ഈ ഡ്രൈനജിന്റെ ഉയരം 2.00 മീറ്ററിൽ താഴെ മാത്രമായതിനാൽ സ്റ്റേജ് ആവശ്യമില്ല എന്ന് വ്യക്തമാണ്. 2 മീറ്ററിൽ താഴെ ഉയരമുള്ള ഇത്തരം പ്രവൃത്തിയിൽ സബ്സ്ട്രക്ചർ കോൺക്രീറ്റിന് ബാധകമായ മോർഡ് സ്പെസിഫിക്കേഷൻ കോഡ് 12.5.4 പ്രകാരമുള്ള നിരക്കാണ് (8840.08 M3) നൽകേണ്ടിയിരുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | ഇനം/അളവ് | നൽകിയ തുക കോഡ് 13.1.2 | നൽകാവുന്ന തുക കോഡ് 12.5.4 | അധികം നൽകിയ തുക |
|---|---|---|---|---|---|
| 1 | ആശുപത്രിറോഡ് ഡ്രൈനേജ് സ്ളാബിടലുംവീതി കൂട്ടി കോൺക്രീറ്റ് ചെയ്യലും (167/22) അടങ്കൽ: 440000 (MG Road ഗ്രാന്റ്) | ഇനം 8 11.57 M3 | 111068.53 @9599.70/m3 | 102279.72 @ 8840.08/m3 | 8788.80 രൂപ (+) 12% GST: 1054.65 Total: |

| | | | | | |
|---|---|---|---|---|---|
| | സാങ്കേതികാനുമതി:<br>31955/19-20/25-9-19<br>ബിൽ നമ്പർ: 21/21-22/11-3-22<br>തുക 439376<br>കരാർ 33/20-21/4-11-20 (E R)<br>കരാറുകാരൻ:ശ്രീ.ഷൗക്കത്തലി സി<br>അളവ് പുസ്തകം 41/20-21<br>കോസ്റ്റ് ഇൻഡക്സ്: 31.06 % | | | | 9843<br>രൂപ<br>(Rounded) |
| 2 | വിവിധ ഡ്രൈനേജ് പ്രവൃത്തികൾ (164/22)<br>അടങ്കൽ: 5500000<br>(CFC ഗ്രാന്റ്)<br>സാങ്കേതികാനുമതി:<br>103933/20-21/18-2-21<br>ബിൽ നമ്പർ: 10/21-22 /19-7-21: Rs 1750438<br>ബിൽ നമ്പർ: 19/21-22 /25-2-22: Rs 2914368<br>ബിൽ നമ്പർ: 25/21-22 /19-3-22: Rs 799753<br>ആകെ: 5464559<br>കരാർ 1/21-22/2-6-21 (@ 4893618.23)<br>കരാറുകാരൻ: ശ്രീ. ദിനീഷ് എം<br>അളവ് പുസ്തകം 1/21-22, 32/21-22<br>കോസ്റ്റ് ഇൻഡക്സ്: 31.06 % | ഇനം E3<br>9.959 M3 | 94418.79<br>@9480.75/m3<br>(9599.70-1.24%)<br>ടെണ്ടർ കുറവ്<br>(Item Rate) | 86946.65<br>@ 8730.46/m3<br>(8840.08-1.24%) | 7472.14<br>രൂപ<br>(+) 12% GST:<br>896.65<br>Total:<br>8369<br>രൂപ<br>(Rounded) |
| ആകെ അടങ്കൽ | | | | | 18212<br>രൂപ |

അധികനിരക്ക് നൽകിയതിന് വിശദീകരണം നൽകേണ്ടതും അധികം നൽകിയ 18212 രൂപ അതാത് പ്രവൃത്തിയുടെ കരാറുകാരിൽ നിന്ന് തിരികെ ഈടാക്കേണ്ടതുമാണെന്നാവശ്യപ്പെട്ട് നൽകിയ 13/17-12-22 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ, ഈയിനത്തിലുള്ള നഷ്ടം 18212 രൂപ ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും എസ്റ്റിമേറ്റിന് അംഗീകാരം നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ/എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 1-33 വെറ്ററിനറി ഹോസ്പിറ്റലിലേക്ക് മരുന്ന് വാങ്ങൽ പദ്ധതി - അപാകതകൾ

പ്രോജക്റ്റ് നം. 29/22

വെറ്ററിനറി ഹോസ്പിറ്റലിലേക്ക് മരുന്ന് വാങ്ങൽ പദ്ധതി

വിനിയോഗിച്ച തുക - 3,00,000 (മെയിന്റനൻസ് ഫണ്ട് - റോഡിതരം)

ബിൽ നം. 2/2021-22/06.01.2022 - 3,00,000രൂപ

നിർവ്വഹണം - സീനിയർ വെറ്ററിനറി സർജൻ

പദ്ധതി പ്രകാരം, വെറ്ററിനറി ഹോസ്പിറ്റലിലേക്ക് മരുന്ന വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത ജെ ജെ ഫാർമ, നിലമ്പൂർ എന്ന സ്ഥാപനത്തിൽ നിന്നും 3,00,000 രൂപയുടെ മരുന്നുകൾ വാങ്ങിയിട്ടുണ്ട്. പദ്ധതി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാതകകൾ ചുവടെ ചേർക്കുന്നു.

1) പദ്ധതിക്കായി ക്ഷണിച്ച ടെണ്ടറിന്റെ - ടെണ്ടർ നോട്ടീസ് , ടെണ്ടർ സർക്കാർ വെബ് സൈറ്റിലും, പത്രത്തിലും

പ്രസിദ്ധികരിച്ചതിന്റെ വിവരം, ഇ എം ഡി, പെർഫോർമൻസ് ഗ്യാരണ്ടി എന്നിവ ഈടാക്കിയതിന്റെ വിവരങ്ങൾ വിതരണക്കാരനമായി പ്രഥമികമായും, അന്തിമമായും കരാർ വെച്ചതിന്റെ വിവരം എന്നിവ ( ജി ഒ(പി )നം. 03/2013/ എസ് പി ഡി തീ. 21-06-2013 ) പരിശോധനക്ക് ലഭ്യമാക്കിയില്ല. ആയതിനാൽ സ്റ്റോർ പർച്ചേസ് നടപടിക്രമങ്ങൾ പാലിച്ചാണോ സ്ഥാപനത്തെ തെരഞ്ഞെടുത്തത് എന്ന് വ്യക്തമല്ല.

2) ഇൻവോയിസ് നം. J15881/28.12.2021 പ്രകാരം വിതരണം നടത്തിയ മരുന്നിനങ്ങളിൽ ക്രമനം.28 INTACAL IM 45ML 20 എണ്ണത്തിന്റെ ഉപയോഗകാലാവധി 8/22 വരെയാണ് . എന്നാൽ മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ ആയതിന് ശേഷം 2.09.22, 06.09.22, 12.09.22 എന്നി തീയ്യതികളിൽ മേൽ മരുന്ന് വിതരണം നടത്തിയിട്ടുണ്ട്. കൂടാതെ തുടർന്നും 7 എണ്ണം ബാക്കിയുള്ളതായും കണ്ടെത്തി. ഉപയോഗ കാലാവധി കഴിഞ്ഞ മരുന്ന് വിതരണം നടത്തിയത് എപ്രകാരമെന്ന് വ്യക്തമാക്കേണ്ടതാണ്.

3)സെൻട്രൽ ടാക്സ് നോട്ടിഫിക്കേഷൻ നം.50/2018 തീ.13.09.18 പ്രകാരം, സപ്ലൈ ചെയ്ത സാധനങ്ങളുടെ മൊത്തം മൂല്യം രണ്ടര ലക്ഷം രൂപയിൽ അധികമാകുന്ന പക്ഷം നൽകിയ തുകയുടെ 2% TDS (GST TDS) ഈടാക്കി സർക്കാറിലേക്ക് അടവാക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളതാണ്. ഈ നോട്ടിഫിക്കേഷന് 01.10.2018 മുതൽ പ്രബല്യമുണ്ടായിരിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ ബിൽ തുക അനുവദിച്ചപ്പോൾ യാതൊരു തരത്തിലുള്ള കുറവുകളും വരുത്തിയിട്ടില്ല. ഇൻവോയിസ് നം. J15881/28.12.2021 പ്രകാരം ലഭ്യമായ 3,00,000 രൂപയുടെ മരുന്നുകൾക്ക് ജി എസ് ടി കുറച്ചുള്ള (11430.13+ 11430.13)2,77,140 രൂപക്ക് 2% TDS (GST TDS) ഈടാക്കാത്തതിന് മതിയായ കാരണം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 34/21-22/20.12.22)

## 1-34 കുറ്റികുരുമുളക് വിതരണം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 10/22 |
| പ്രൊജക്ടിന്റെ പേര് | കുറ്റികുരുമുളക് വിതരണം. |
| അടങ്കൽ തുക | 11,20,000/- രൂപ |
| വിനിയോഗിച്ച തുക | 4,85,000/- രൂപ (വികസന ഫണ്ട് - ജനറൽ) |
| ബിൽ നമ്പർ / തീയതി | 2115074700120050 7948 തീയതി.08.10.2021 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കുറ്റികുരുമുളക് വിതരണം എന്ന പദ്ധതി പ്രകാരം 4,85,000/- രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. പോത്തുകല്ല് ഗ്രാമപഞ്ചായത്തിലെ എക്കോഷോപ്പായ കുടുംബശ്രീ വിപണന കേന്ദ്രത്തിൽ നിന്നാണ് തൈകൾ വാങ്ങിയിട്ടുള്ളത്.

പദ്ധതി വിശദാംശം ചുവടെ ചേർക്കുന്നു.

ലഭ്യമാക്കിയ രേഖകൾ പ്രകാരമുള്ള ഗുണഭോക്തൃ ലിസ്റ്റിലുള്ള ഗുണഭോക്താക്കളുടെ എണ്ണം, തൈകൾ വിതരണം ചെയ്തത്, ലഭിച്ച അപേക്ഷകളുടെ എണ്ണം എന്നിവയുടെ വാർഡ് തിരിച്ചുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| വാർഡ് നമ്പർ | ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം ഗുണഭോക്താക്കളുടെ എണ്ണം. | ലഭിച്ച അപേക്ഷകളുടെ എണ്ണം. | വിതരണ ലിസ്റ്റ് പ്രകാരം തൈകൾ കൈപ്പറ്റിയവരുടെ എണ്ണം. |
|---|---|---|---|
| 1 | 223 | 11 | 10 |
| 2 | 227 | 232 | 165 |
| 3 | 215 | 107 | 215 |
| 4 | 58 | 59 | 48 |
| 5 | 255 | 45 | 45 |
| 6 | 125 | 16 | 118 |
| 7 | 43 | 43 | 43 |
| 8 | 259 | 229 | 211 |
| 9 | 159 | 56 | 67 |
| 10 | 196 | 94 | 57 |
| 11 | 297 | 42 | 42 |
| 12 | 29 | 29 | 29 |
| 13 | 88 | 79 | 25 |
| 14 | 48 | 47 | 48 |
| 15 | 6 | 6 | 6 |
| 16 | 442 | 0 | 0 |

| | | | |
|---|---|---|---|
| 17 | 403 | 51 | 55 |
| 18 | 120 | 39 | 13 |
| 19 | 382 | 22 | 22 |
| 20 | 97 | 61 | 96 |
| 21 | 319 | 11 | 11 |
| 22 | 107 | 100 | 107 |
| 23 | 0 | 0 | 0 |
| 24 | 9 | 9 | 9 |
| 25 | 117 | 58 | 56 |
| 26 | 37 | 35 | 35 |
| 27 | 109 | 106 | 108 |
| 28 | 342 | 147 | 288 |
| 29 | 339 | 24 | 338 |
| 30 | 164 | 127 | 130 |
| 31 | 14 | 14 | 14 |
| 32 | 42 | 14 | 14 |
| 33 | 294 | 31 | 229 |
| ആകെ | 5565 | 1944 | 2654 |

ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1). ഗുണഭോക്തൃ ലിസ്റ്റ് കൗൺസിൽ അംഗീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല.

ഗുണഭോക്തൃ ലിസ്റ്റ് സെക്രട്ടറി സാക്ഷ്യപ്പെടുത്തി നിർവ്വഹണ ഉദ്യോഗസ്ഥന് നൽകിയിട്ടുണ്ടെങ്കിലും ആയത് കൌൺസിൽ അംഗീകരിച്ചതിന്റെ തീരുമാനം നമ്പർ, തീയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഗുണഭോക്തൃ ലിസ്റ്റ് കൌൺസിൽ അംഗീകരിച്ചിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

2). ഇൻവോയിസിൽ തിരുത്തൽ വരുത്തി.

കുടുംബശ്രീ വിപണന കേന്ദ്രം എക്കോഷോപ്പ്, പോത്തുകല്ലിന്റെ 05.10.2021 തീയതിയിലെ 127 ാം നമ്പർ ഇൻവോയിസിൽ 100 രൂപ നിരക്കിൽ 4852 തൈകൾക്ക് ആകെ 4,85,200/- രൂപയാണ് വില കാണിച്ചിട്ടുള്ളത്. ഈ ഇൻവോയിസ് പ്രകാരം ബിൽ തയ്യാറാക്കി ട്രഷറിയിൽ സമർപ്പിച്ച് തുക സ്ഥാപനത്തിന് അനുവദിച്ചതിന് ശേഷം ഇൻവോയിസിന്റെ പകർപ്പിൽ നിരക്ക് 80/- രൂപയായും തൈകളുടെ എണ്ണം 6065 ആയും തിരുത്തൽ വരുത്തിയിട്ടുണ്ട്. തൈകളുടെ വില സംബന്ധിച്ച് പരാതി ഉയർന്ന സാഹചര്യത്തിലാണ് ഇപ്രകാരം തിരുത്തൽ വരുത്തിയിട്ടുള്ളത്.

3). വാങ്ങൽ നടപടികളിലെ അവ്യക്തത.

എക്കോഷോപ്പുകളിൽ നിന്നും തൈകൾ വാങ്ങുന്നതിന് അനുമതിയുണ്ടെങ്കിലും മതിയായ വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. നിലമ്പൂർ നഗരസഭയിൽ നിന്നോ, സമീപ പഞ്ചായത്തുകളുടെ എക്കോ ഷോപ്പുകളിൽ നിന്നോ, സമീപത്തുള്ള ചുങ്കത്തറ ജില്ലാ കൃഷി ഫാമിൽ നിന്നോ വാങ്ങാതെ പോത്തുകല്ലിലെ എക്കോ ഷോപ്പിൽ നിന്നും തൈകൾ വാങ്ങാനുള്ള കാരണം വ്യക്തമല്ല. ഇപ്രകാരം വാങ്ങൽ നടത്തുന്നതിന് പ്രൊക്യുർമെന്റ് കമ്മിറ്റിയുടേയോ കൗൺസിലിന്റേയോ അംഗീകാരം ലഭിച്ചതായും കാണുന്നില്ല.

4). തൈകൾ വിതരണം ചെയ്തതിന്റെ ലിസ്റ്റിലെ അപാകതകൾ.

ഗുണഭോക്തൃ ലിസ്റ്റിലെ അതേ ക്രമത്തിൽ പേര് ടൈപ്പ് ചെയ്ത് തയ്യാറാക്കിയ വിതരണ ലിസ്റ്റിൽ തൈകൾ കൈപ്പറ്റിയവരുടെ ഒപ്പ് രേഖപ്പെടുത്തി ഒരു ഗുണഭോക്താവിന് രണ്ട് തൈകൾ എന്ന തോതിൽ 2654 ഗുണഭോക്താക്കൾക്ക് 5308 തൈകൾ മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. ഗുണഭോക്തൃ ലിസ്റ്റിൽ ക്രമ നമ്പർ. 1917 പ്രകാരമുള്ള ഗുണഭോക്താവിന്റെ പേര് രേഖപ്പെടുത്തിയിട്ടില്ല. വിതരണ ലിസ്റ്റിലും ഈ ക്രമ നമ്പർ പ്രകാരമുള്ള ഗുണഭോക്താവിന്റെ പേര് രേഖപ്പെടുത്താതെ തൈ വിതരണം ചെയ്തതായി കാണിച്ചിരിക്കുന്നു. കൈപ്പറ്റിയത് ആരാണെന്ന് വ്യക്തമല്ല. വിതരണ ലിസ്റ്റിലെ പല പേരുകളും പേന കൊണ്ട് വെട്ടി മറ്റ് പേരുകൾ രേഖപ്പെടുത്തിയാണ് വിതരണം ചെയ്തിട്ടുള്ളത്. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ഗുണഭോക്തൃ ലിസ്റ്റിലെ ക്രമ നമ്പർ | ഗുണഭോക്തൃ ലിസ്റ്റിലെ പേരും വിലാസവും. | തൈകൾ കൈപ്പറ്റിയ ആളുടെ പേരും വിലാസവും. |
|---|---|---|
| 243 | മോഹൻദാസ്, കുറ്റിക്കാട്ടിൽ | അബ്ദുള്ള ചെമ്മല |
| 780 | സുലൈമാൻ കോടാലി | സീനത്ത് കാക്കപ്പാറ |
| 781 | റുഖിയ കാക്കപ്പാറ | വസന്ത അശോകൻ |
| 786 | രാജു വണ്ടാലി | മഞ്ജുഷ |

| | | |
|---|---|---|
| 1156 | സ്മിത ഉണ്ണികൃഷ്ണൻ | സുരേഷ് ബാബു കുന്നത്ത് |
| 1339 | വർണ്ണമോൾ പള്ളിയാളിത്തൊടി | ചന്ദ്രമതി അറവക്കാട്ടിൽ |
| 1343 | ഷഫ്ന പള്ളിക്കത്തൊടി | രാജൻ പാറോൽ |
| 1347 | ദിവ്യ.എം.ബേബി | മോഹൻദാസ് |
| 1349 | സഫ്ന.കെ.ടി, പള്ളിക്കത്തൊടി | വിശാലാക്ഷി മച്ചിങ്ങൽ. |
| 1382 | മോഹൻദാസ് കിളിക്കുത്ത് | ബിന്ദു പാലപ്പറ്റ |
| 1387 | രാജേന്ദ്രൻ പണിക്കരുവീട്ടിൽ | രമേശ് വിജി ക്വാർട്ടേഴ്സ് |
| 1389 | ശാന്ത വടക്കേതിൽ | മിനി മണലേപറമ്പിൽ |
| 1398 | സജീർ പള്ളിയാളിൽ | തോമസ്.പി.ജോൺ |
| 1400 | ജതീഷ് മച്ചിങ്ങൽ | ധന്യ.എസ്.നായർ |
| 1402 | ജംഷാദ്ദ മച്ചിങ്ങൽ | രാമകൃഷ്ണൻ പാണക്കാടൻ |
| 1472 | ജാനകി കടപ്പിലാവിൽ | വിപിൻദാസ്/റാണി |
| 1476 | വി.കെ.അനിൽകുമാർ പുളിക്കൽ | റുബീന കുഴിപ്പുറത്ത് |
| 1477 | രാജേന്ദ്രൻ നാരായണത്തുവീട് | ട്വിങ്കിൾ ജെയിംസ് |
| 1479 | ലീലാപോൾ പട്ടളാട് | ലക്ഷ്മി പറമ്പാടൻ |
| 1480 | കിളിക്കുണ്ട് പറമ്പിൽ സുരേഷ് | തങ്കം കുഴിയംകുത്ത് |
| 2824 | ഉണ്ണികൃഷ്ണൻ ചെറുവത്ത്. | കിരാദദാസൻ കളപ്പൂർകെല്ലേരി. |

പതിനാറാം വാർഡിൽ 442 പേർ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും ഈ വാർഡിലെ ഗുണഭോക്താക്കൾക്കാർക്കും തൈകൾ വിതരണം ചെയ്തിട്ടില്ല. ഗുണഭോക്തൃ ലിസ്റ്റിലെ മുൻഗണനാ ക്രമം പാലിച്ച് കൊണ്ടല്ല വിതരണം നടത്തിയിട്ടുള്ളത്.

5). അപേക്ഷകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

ഗുണഭോക്തൃ ലിസ്റ്റിൽ 5565 ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ട്. വിതരണ ലിസ്റ്റ് പ്രകാരം 2654 പേർക്ക് തൈകൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ 1944 അപേക്ഷകൾ മാത്രമാണ് ഓഡിറ്റിന് ലഭ്യമാക്കിയത്.

6). മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ.30/20.12.2022) മറുപടി ഹാജരാക്കിയില്ല. മേൽ രേഖകളുടെ/വിശദീകരണത്തിന്റെ അഭാവത്തിൽ ചെലവ് തുകയായ 4,85,000/- രൂപ തടസ്സം ചെയ്യുന്നു.

## 1-35 കൂട്ടം കോഴിയും പദ്ധതികൾ - അപാകതകൾ

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) പ്രോജക്റ്റ് നം. 54/22

കൂട്ടം കോഴിയും പദ്ധതി (വനിത-ജനറൽ)

വിനിയോഗിച്ച തുക – 11,44,000 രൂപ (പ്ലാൻ ജനറൽ)

ബിൽ നം.6/21-22/ 28.01.22 – 6,50,000രൂപ

ബിൽ നം.9/21-22/ 26.02.22 – 3,90,000രൂപ

ബിൽ നം.13/21-22/ 23.03.22 – 1,04,000രൂപ

2)പ്രോജക്റ്റ് നം. 57/22

കൂട്ടം കോഴിയും പദ്ധതി (എസ് സി )

വിനിയോഗിച്ച തുക – 19,70,000 രൂപ (പ്ലാൻ - എസ് സി പി )

ബിൽ നം.3/21-22/ 06.01.22 – 3,50,000രൂപ

ബിൽ നം.4/21-22/ 06.01.22 – 6,50,000രൂപ

ബിൽ നം.7/21-22/ 19.02.22 – 5,00,000രൂപ

ബിൽ നം.14/21-22/ 23.03.22 – 1,20,000രൂപ

ബിൽ നം.17/21-22/ 27.03.22 – 3,50,000രൂപ

3)പ്രോജക്റ്റ് നം. 63/22

കൂട്ടം കോഴിയും പദ്ധതി (എസ് ടി )

വിനിയോഗിച്ച തുക – 12,77,750 രൂപ (പ്ലാൻ - ടി എസ് പി )

ബിൽ നം.9/21-22/ 05.03.22 – 5,91,800രൂപ

ബിൽ നം.15/21-22/ 23.03.22 – 4,84,200രൂപ

ബിൽ നം.16/21-22/ 27.03.22 – 2,01,750രൂപ

നിർവ്വഹണം - സീനിയർ വെറ്ററിനറി സർജൻ

Vet Amana Pets Medical Traders LLP ,Kottakkal എന്ന സ്ഥാപനത്തിൽ നിന്നും കോഴികുഞ്ഞുങ്ങളെയും , മമ്മു എ മച്ചിൻഞ്ചേരി വീട്, എടയൂർ നോർത്ത് (പി ഒ), വളാഞ്ചേരി, മലപ്പുറം എന്ന വ്യക്തിയിൽ നിന്നും ഹൈ ഡെൻസിറ്റി ഫ്രൈയിം കൂടും വാങ്ങിയാണ് പദ്ധതി കൾ നടപ്പിലാക്കിയിട്ടുള്ളത് .

കൂടും കോഴിയും (വനിത-ജനറൽ) പ്രോജക്റ്റ് പ്രകാരം 155 എണ്ണം കൂടും, 1550 എണ്ണം കോഴികളെയും , കൂടും കോഴിയും പദ്ധതി (എസ് സി ) പ്രകാരം 197 എണ്ണം കൂടും, 1970 എണ്ണം കോഴികളെയും, കൂടും കോഴിയും പദ്ധതി (എസ് ടി ) പ്രകാരം 95 എണ്ണം കൂടും, 950 എണ്ണം കോഴികളെയുമാണ് വിതരണം നടത്തിയിട്ടുള്ളത്. 10 കോഴികൾ വീതം ഒരാൾക്ക് എന്ന ക്രമത്തിലാണ് മൂന്ന പദ്ധതികളിലും കോഴി വിതരണം നടത്തിയിട്ടുള്ളത്.

പദ്ധതി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)ഇൻകം ടാക്സ് ഈടാക്കിയില്ല.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) സ്റ്റോർ പർച്ചേസ് മാന്വൽ 2013 ( സ. ഉ (പി ) നം. 03/2013/എസ് പി ഡി തീ. 21. 06. 2013 )പ്രകാരം 5 ലക്ഷം രൂപക്ക് മുകളിലുള്ള വാങ്ങലുകൾക്ക് ഇ- ടെണ്ടർ നിർബന്ധമാക്കിയിട്ടുള്ളതാണ്.എന്നാൽ മേൽ മൂന്ന് പ്രോജക്റ്റുകളിലായി ആകെ 15,64,250 രൂപക്ക് കോഴി കുഞ്ഞുങ്ങളെ Vet Amana Pets Medical Traders LLP, Kottakkal എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയത് എപ്രകാരമെന്ന് വ്യക്തമല്ല. സ്ഥാപനവുമായി എഗ്രിമെൻ്റ് വെച്ചതായും കാണുന്നില്ല.

കൂടാതെ, 28,27,250 രൂപയുടെ കൂട് ലഭ്യമാക്കിയ ശ്രീ. മമ്മു എ മച്ചിൻഞ്ചേരി വീട്, എടയൂർ നോർത്ത് (പി ഒ), വളാഞ്ചേരി, മലപ്പുറം എന്ന വ്യക്തിയെ തെരഞ്ഞെടുത്തതും എപ്രകാരമെന്നും വ്യക്തമല്ല. കൂടും കോഴിയും പദ്ധതി (എസ് ടി ) ക്കായി ടെണ്ടർ ക്ഷണിച്ചതായും ലഭ്യമായ രണ്ട് ടെണ്ടറിൽ നിന്നും കൂടൊന്നിന് 9950 രൂപ നിരക്ക് രേഖപ്പെടുത്തിയ ടിയാന്റെ ടെണ്ടർ അംഗീകരിച്ചതായും ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പദ്ധതിക്കായി ക്ഷണിച്ച ടെണ്ടറിന്റെ വിവരം-ടെണ്ടർ നോട്ടീസ്, ടെണ്ടർ സർക്കാർ വെബ് സൈറ്റിലും, പത്രത്തിലും പ്രസിദ്ധികരിച്ചതിന്റെ വിവരം, ഇ എം ഡി, പെർഫോർമൻസ് ഗ്യാരണ്ടി എന്നിവ ഈടാക്കിയതിന്റെ വിവരം, വിതരണക്കാരനുമായി പ്രഥമികമായും, അന്തിമമായും കരാർ വെച്ചതിന്റെ വിവരം എന്നിവ ഫയലിൽ കാണുന്നില്ല. ഹൈ ഡെൻസിറ്റി ഫ്രൈയിം കൂടാണോയെന്നും വ്യക്തമല്ല. മൂന്ന് പദ്ധതിക്കുമായി ഒരു ഇ- ടെണ്ടർ ക്ഷണിക്കുന്നതിന് പകരം ഒരു പദ്ധതിക്ക് മാത്രമായി ടെണ്ടർ ക്ഷണിച്ചതിന്റെ ഉദ്ദേശവും വ്യക്തമല്ല. സ്ഥാപനവുമായി എഗ്രിമെന്റും വെച്ചിട്ടില്ല.

2) സബ്സിഡിമാർഗ്ഗരേഖ സ.ഉ (കൈ)22/2018/തസ്വഭവ തീ.14.02.2018 പ്രകാരം കൂടിന്റെ വിലയുടെ 25% തുക മാത്രമാണ് സബ്സിഡിയായി അനുവദിക്കാവുന്നത്. കൂടാതെ, കൂടിന്റെ വിലയുൾപ്പെടെ യൂനിറ്റ് കോസ്റ്റും പക്ഷികളുടെ എണ്ണവും ജില്ലാതലത്തിൽ നിശ്ചയിക്കണം എന്നും വ്യക്തമാക്കിയിട്ടുണ്ട്.

17.02.2021 ന് മലപ്പുറം ജില്ലാ കളക്ടറുടെ ചേമ്പറിൽ ചേർന്ന വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള യൂനിറ്റ് കോസ്റ്റ് നിശ്ചയിക്കുന്നതിനുള്ള ജില്ലാതല സമിതി 2021-22 വർഷത്തേക്ക് 4x2x2 Ft വലിപ്പമുള്ള കൂടിന് 10,000 രൂപയാണ് നിശ്ചയിച്ചിട്ടുള്ളത്. കൂടിന് 25% സബ്സിഡിയാണ് മാർഗ്ഗരേഖ പ്രകാരം അനുവദിക്കാവുന്നത് . ആയത് പ്രകാരം അനുവദിക്കാവുന്ന തുകയിലും അധികരിച്ച് 17,13,437 രൂപ ചെലവഴിച്ചിട്ടുണ്ട്. (വിശദമായി ഭാഗം 3, ഖണ്ഡിക 3-1 ൽ ചേർത്തിട്ടുണ്ട്.)

നിർമ്മിച്ചിരിക്കുന്ന കൂടുകൾ 4x2x2 Ft വലിപ്പമുള്ള (HDF/Metal)1/2 Inch X 1/2 Inch X 1/2 Inch (G) Mesh മേൽക്കൂര Power Coated Corrugated Sheet കളാണോയെന്നും വ്യക്തമല്ല. കൂടിന്റെ സ്പെസിഫിക്കേഷൻ ഫയലിൽ ലഭ്യമല്ല. ഹൈ ഡെൻസിറ്റി ഫ്രൈയിം കൂട് എന്നു മാത്രമാണ് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. മേൽ സ്പെസിഫിക്കേഷൻ പ്രകാരമുള്ള കൂടാണോ സ്ഥാപിച്ചത് എന്ന വസ്തുത പരിശോധിച്ച് ഉറപ്പു വരുത്തിയതായും കാണുന്നില്ല.

3) മൂന്നു പദ്ധതികൾക്കും വ്യത്യസ്ത നിരക്കാണ് കൂടിന് ഈടാക്കിയിട്ടുള്ളത്. പ്രോജക്റ്റ് നം. 63/22, കൂടും കോഴിയും പദ്ധതി (എസ് ടി ) പദ്ധതിയിൽ കൂടിന് 9950 രൂപ നിരക്കിലും, പ്രോജക്റ്റ് നം. 54/22, കൂടും കോഴിയും പദ്ധതി (വനിത-ജനറൽ) പദ്ധതിയിൽ 116 പേർക്ക് കൂടിന് 3000രൂപ നിരക്കിലും, 39 പേർക്ക് കൂടിന് 6500രൂപ നിരക്കിലും, പ്രോജക്റ്റ് നം.57/22 കൂടും കോഴിയും പദ്ധതി (എസ് സി ) യിൽ കൂടിന് 6500രൂപ നിരക്കിലുമാണ് സബ്സിഡി അനുവദിച്ചിട്ടുള്ളത്. മൂന്ന് പദ്ധതിയിലും വ്യത്യസ്ത നിരക്ക്(ഒരു പദ്ധതിയിൽ തന്നെ രണ്ട് നിരക്കും) ഈടാക്കാനുണ്ടായ സാഹചര്യം വ്യക്തമല്ല.

4)പരിശോധനക്ക് ലഭ്യമാക്കിയ ഗുണഭോക്തൃ പട്ടികയിൽ, നഗരസഭ കൗൺസിൽ അംഗീകരിച്ചതിന്റെ വിവരം രേഖപ്പെടുത്താത്തതും സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതുമാണ്. ആയതിനാൽ ഗുണഭോക്തൃ ലിസ്റ്റ് കൗൺസിൽ അംഗീകരിച്ചിട്ടുണ്ടോ എന്നും ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

5)കൂടും കോഴിയും (വനിത-ജനറൽ) പ്രോജക്റ്റ് അപേക്ഷകൾ പരിശോധിച്ചതിൽ ആകെ 155 അപേക്ഷകളിൽ 59 ഗുണഭോക്താക്കളുടെ കൈപ്പറ്റ് രശീതി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഇവർ കൂടും കോഴിയും കൈപ്പറ്റിയിട്ടുണ്ടോയെന്നും വ്യക്തമല്ല.

6)സബ്സിഡിമാർഗ്ഗരേഖ സ.ഉ (കൈ)22/2018/തസ്വഭവ തീ.14.02.2018 പ്രകാരം മൃഗസംരക്ഷണം പദ്ധതികൾക്ക് കുടുംബ വാർഷിക വരുമാനം 5 ലക്ഷം രൂപയിൽ അധികരിക്കാൻ പാടില്ല. എന്നാൽ ഗുണഭോക്താക്കളുടെ അപേക്ഷകൾ പരിശോധിച്ചതിൽ അപ്രകാരമൊരു വസ്തുത പരിഗണിച്ചിട്ടില്ല ആനുകൂല്യം നൽകിയിട്ടുള്ളതെന്ന് വ്യക്തമായി . അപാകതക്ക് കാരണം/വിശദീകരണം വ്യക്തമാക്കേണ്ടതാണ്.

അപാകതകൾ പരാമർശിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം.39/21-22/21.12.22) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-36 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠന ഉപകരണങ്ങൾ വാങ്ങൽ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 249/22 |
| പ്രൊജക്ടിന്റെ പേര് | എസ്.ടി വിദ്യാർത്ഥികൾക്ക് മേശയും കസേരയും നൽകൽ. |
| അടങ്കൽ തുക | 4,00,000/- രൂപ |
| വിനിയോഗിച്ച തുക | 2,09,916/- രൂപ (വികസന ഫണ്ട് - ടി.എസ്.പി) |
| ബിൽ നമ്പർ / തീയതി | 2115074700240I517035 തീയതി.30.03.2022 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ (ജി.എൽ.പി.എസ്) |

എസ്.ടി വിദ്യാർത്ഥികൾക്ക് പഠന ഉപകരണങ്ങൾ വാങ്ങൽ എന്ന പദ്ധതി പ്രകാരം 2021-22 സാമ്പത്തിക വർഷത്തിൽ സിഡ്കോയിൽ നിന്നും 42 മേശയും 42 കസേരയും (സ്റ്റീൽ) വാങ്ങിയിട്ടുണ്ട്. (ഒരു വിദ്യാർത്ഥിക്ക് 4998 രൂപയുടെ പഠനോപകരണം). സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ)നം.22/2018/തസ്വഭവ തീയതി.14.02.2018) ഖണ്ഡിക 7.2.7 പ്രകാരം, സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രകാരമായിരിക്കണം ഫർണിച്ചറുകൾ വാങ്ങി നൽകേണ്ടത് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരമുള്ള ലിസ്റ്റ് ലഭ്യമാക്കിയിട്ടില്ല. സ്ഥാപന മേധാവികളുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുള്ളത്. താഴെ പറയുന്ന രണ്ട് കുട്ടികൾ സ്ഥാപന മേധാവികളുടെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഇവർ വിദ്യാർത്ഥികൾ ആണെന്ന് ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

| ക്രമ നമ്പർ | പേരും വിലാസവും |
|---|---|
| 1 | വിഷ്ണുഗോപൻ, നല്ലംതണ്ണി കോളനി, വളവ് |
| 2 | നിരഞ്ജൻ.എം, മുക്കർശ്ശി കോളനി, നല്ലംതണ്ണി.പി.ഒ |

അപാകതകക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. രണ്ട് വിദ്യാർത്ഥികൾക്ക് നൽകിയ പഠനോപകരണത്തിന്റെ വിലയായ 9,996/- രൂപ തടസ്സം ചെയ്യുന്നു.

(എൻക്വയറി നമ്പർ.20/19.12.2022 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-37 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന ഉപകരണങ്ങൾ വാങ്ങൽ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 50/22 |
| പ്രൊജക്ടിന്റെ പേര് | എസ്.സി വിദ്യാർത്ഥികൾക്ക് മേശയും കസേരയും. |
| അടങ്കൽ തുക | 14,90,000/- രൂപ |
| വിനിയോഗിച്ച തുക | 13,49,430/- രൂപ (വികസന ഫണ്ട് - എസ്.എസി.പി) |
| ബിൽ നമ്പർ / തീയതി | 2115074700240I066125 തീയതി.05.02.2022 – 3,99,841/- രൂപ. |
| | 2115074700240I517057 തീയതി.30.03.2022 – 4,99,768/- രൂപ. |
| | 2115074700240I517044 തീയതി.30.03.2022 – 4,49,821/- രൂപ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ (ജി.എൽ.പി.എസ്) |

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠന ഉപകരണങ്ങൾ വാങ്ങൽ എന്ന പദ്ധതി പ്രകാരം 2021-22 സാമ്പത്തിക വർഷത്തിൽ സിഡ്കോയിൽ നിന്നും 270 മേശയും 270 കസേരയും (സ്റ്റീൽ) വാങ്ങിയിട്ടുണ്ട്. (ഒരു വിദ്യാർത്ഥിക്ക് 4998 രൂപയുടെ പഠനോപകരണം) സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ)നം.22/2018/തസ്വഭവ തീയതി.14.02.2018) ഖണ്ഡിക 7.2.7 പ്രകാരം, സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രകാരമായിരിക്കണം ഫർണിച്ചറുകൾ വാങ്ങി നൽകേണ്ടത് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ സ്ഥാപന മേധാവികളുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് പഠനോപകരണങ്ങൾ നൽകിയിട്ടുള്ളത്. ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1). വിദ്യാർത്ഥിയാണെന്ന് തെളിയിക്കുന്നതിന് സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

ചുവടെ ചേർത്തിരിക്കുന്ന ഗുണഭോക്താക്കൾ വിദ്യാർത്ഥികളാണെന്ന് ഉറപ്പ് വരുത്തുന്നതിന്, സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| ക്രമ | പേരും വിലാസവും. |
|---|---|

| നമ്പർ | |
|---|---|
| 1 | വീണ.കെ, കാരാടൻ, പാലാങ്ങര കോളനി ( 2018-19 അദ്ധ്യയന വർഷത്തിൽ പഠിച്ചതായുള്ള മർത്തോമ ഹയർസെക്കണ്ടറി സ്കൂൾ പ്രിൻസിപ്പാളിന്റെ സാക്ഷ്യപത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്). |
| 2 | നവ്യ കൃഷ്ണ.പി, പാലപ്പറ്റ ഹൌസ്, കല്ലേമ്പാടം, നിലമ്പൂർ.പി.ഒ |
| 3 | കാർത്തിക, പടിക്കൽ ഹൌസ്, മുതുകാട്, രാമങ്കുത്ത്.പി.ഒ |
| 4 | അജയ് കൃഷ്ണ.യു, ഊട്ടുപുറത്ത് ഹൌസ്, മുതുകാട്. |
| 5 | അശ്വന്ത് സുരേഷ്, വെളുത്ത കണക്കൻ, നല്ലംതണ്ണി, കുട്ടിക്കുന്ന്, നിലമ്പൂർ. |
| 6 | ശരണ്യ രാജൻ, പുല്ലാളി ഹൌസ്, ജവഹർകോളനി. |
| 7 | നിവേദ്യ (അപേക്ഷയും അനുബന്ധ രേഖകൾ ഒന്നും തന്നെ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. |

2). മുൻവർഷങ്ങളിൽ ലഭിച്ചിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തിയിട്ടില്ല.

ഒരു വിദ്യാർത്ഥിക്ക് പഠന കാലയളവിൽ ഒരിക്കൽ മാത്രമേ ഈ ആനുകൂല്യം നൽകാവൂ. എന്നാൽ ഈ വിദ്യാർത്ഥികൾക്ക് ആർക്കെങ്കിലും മുൻവർഷങ്ങളിൽ നഗരസഭയിൽ നിന്നോ, വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സുകളിൽ നിന്നോ ഈ ആനുകൂല്യം ലഭിച്ചിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തിയിട്ടില്ല.
അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ലാത്ത ഏഴ് വിദ്യാർത്ഥികളുടെ പഠനോപകരണങ്ങളുടെ വിലയായ 34,986/- രൂപ തടസ്സം ചെയ്യുന്നു.

(എൻക്വയറി നമ്പർ.21/17.12.2022 – മേൽ പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-38 പട്ടികജാതി വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിന് സ്കോളർഷിപ്പ് - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 33/22 |
| പ്രൊജക്റ്റിന്റെ പേര് | എസ്.സി വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിന് സ്കോളർഷിപ്പ്. |
| അടങ്കൽ തുക | 14,50,000/- രൂപ |
| വിനിയോഗിച്ച തുക | 13,20,000/- രൂപ (വികസന ഫണ്ട് - എസ്.സി.പി) |
| ബിൽ നമ്പർ / തീയതി | 21150747002401347458 തീയതി.16.03.2022 – 10,50,000/- രൂപ. |
| | 21150747002401445967 തീയതി.24.03.2022 – 1,50,000/- രൂപ. |
| | 21150747002401486263 തീയതി.26.03.2022 – 1,20,000/- രൂപ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ (ജി.എൽ.പി.എസ്) |

പട്ടികജാതി വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിന് സ്കോളർഷിപ്പ് എന്ന ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1). തുക അധികമായി അനുവദിച്ചു.

2021-22 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ) നം.22/2018/തസ്വഭവ തീയതി. 14.02.2018) ഖണ്ഡിക 7.2.5 പ്രകാരം മെഡിക്കൽ കോഴ്സിന് 30,000/- രൂപ, എഞ്ചിനീയറിംഗ് കോഴ്സിന് 25,000/- രൂപ, ബിരുദം 20,000/- രൂപ, ബിരുദാനന്തര ബിരുദം 30,000/- രൂപ, ഗവേഷണ വിദ്യാർത്ഥികൾ 30,000/- രൂപ, പോളിടെക്നിക് 20,000/- രൂപ, മറ്റെല്ലാ സർക്കാർ അംഗീകൃത റഗുലർ കോഴ്സുകൾക്കും 15,000/- രൂപ എന്ന നിരക്കിൽ സ്കോളർഷിപ്പ് തുക അനുവദിക്കാവുന്നതാണ്. എന്നാൽ താഴെ പറയുന്ന രണ്ട് വിദ്യാർത്ഥികൾക്ക് അധിക നിരക്കിൽ സ്കോളർഷിപ്പ് അനുവദിച്ചത് മൂലം 10,000/- രൂപയുടെ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | വിദ്യാർത്ഥിയുടെ പേരും വിലാസവും. | കോഴ്സ്, സ്ഥാപനം | അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികം അനുവദിച്ച തുക. |
|---|---|---|---|---|---|
| 1 | കുമാരി.മേഘ.കെ, കാരക്കാട്ട് ഹൌസ്, ജവഹർകോളനി, ചന്തക്കുന്ന്.പി.ഒ | ഡിപ്ലോമ ഇൻ മെക്കാനിക്കൽ എഞ്ചിനീയറിംഗ്, ഗവ.പോളി ടെക്നിക് കോളേജ്, മഞ്ചേരി. | 25,000/- രൂപ | 20,000/- രൂപ | 5,000/- രൂപ |
| 2 | കുമാരി.രേഖ.എം, മണ്ണൂർക്കര ഹൌസ്, മുമ്മുള്ളി, നിലമ്പൂർ | എം.എൽ.ടി, മൌലാന കോളേജ് ഓഫ് പാരാമെഡിക്കൽ | 20,000/- രൂപ | 15,000/- രൂപ | 5,000/- രൂപ |

| | | | | | |
|---|---|---|---|---|---|
| | R.S. പി.ഒ | സയൻസ്, പെരിന്തൽമണ്ണ. | | | |

അധികം നൽകിയ തുക തിരികെ ഈടാക്കി അറിയിക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, ക്രമ നമ്പർ.1 പ്രകാരമുള്ള തുക അടവാക്കുന്നതിന് വിദ്യാർത്ഥിനിയുടെ പിതാവിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ക്രമ നമ്പർ.2 പ്രകാരമുള്ള വിദ്യാർത്ഥിനി ബി.എസ്.സി (എം.എൽ.ടി) ക്കാണ് പഠിക്കുന്നതെന്നും അപാകത പരിഹരിച്ച് കൊണ്ടുള്ള സാക്ഷ്യപത്രം സ്ഥാപന മേധാവിയിൽ നിന്നും ലഭ്യമാക്കാമെന്ന് വിദ്യാർത്ഥിനിയുടെ പിതാവ് അറിയിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. ക്രമ നമ്പർ 1 പ്രകാരമുള്ള അധിക തുക ഈടാക്കി അറിയിക്കേണ്ടതും ക്രമ നമ്പർ.2 പ്രകാരമുള്ള വിദ്യാർത്ഥിനിയുടെ യഥാർത്ഥ കോഴ്സ് സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതുമാണ്. അർഹതയില്ലാത്ത പക്ഷം അധിക തുക ഈടാക്കേണ്ടതുമാണ്. ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുന്നത് വരെ 10,000 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

2). കുറഞ്ഞ നിരക്കിൽ സ്കോളർഷിപ്പ് നൽകി.

പോളിടെക്നിക് വിദ്യാർത്ഥികൾക്ക് 20,000/- രൂപ വീതമാണ് സ്കോളർഷിപ്പ് അനുവദിക്കേണ്ടത്. എന്നാൽ അഭിജിത്.എം, മലേരിയൻ ഹൌസ്, നെടുമുണ്ടക്കുന്ന്, നിലമ്പൂർ എന്ന വിദ്യാർത്ഥിക്ക് 15,000/- രൂപയാണ് സ്കോളർഷിപ്പ് അനുവദിച്ചിട്ടുള്ളത്. ആയതിന്റെ കാരണം വ്യക്തമല്ല.

3). രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.2.5 പ്രകാരം, സ്കോളർഷിപ്പ് അനുവദിക്കുന്ന വിദ്യാർത്ഥികളുടെയും കോഴ്സുകളുടേയും വർഷവും വിവരങ്ങളും രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കണം. എന്നാൽ ഈ വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. 10,000/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

(എൻക്വയറി നമ്പർ.22/19.12.2022 – ക്രമ നമ്പർ.2, 3 പ്രകാരമുള്ള പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-39 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി - അപാകതകൾ.

2021-22 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള പ്രവൃത്തികളുടെ ബില്ലുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1). അധിക വേതനം അനുവദിച്ചു.

താഴെ പറയുന്ന പ്രവൃത്തികളിൽ മസ്റ്റർ റോളുകളിൽ ഒപ്പ് രേഖപ്പെടുത്തിയ ദിവസങ്ങളേക്കാൾ അധികം ദിവസങ്ങൾക്ക് തൊഴിൽ ദിനം കണക്കാക്കി വേതനം നൽകിയിട്ടുണ്ട്. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പർ/തീയതി & തുക | പ്രവൃത്തിയുടെ പേര് | തൊഴിലാളിയുടെ പേര് | വേതനം അനുവദിച്ച തൊഴിൽ ദിനങ്ങൾ. | യഥാർത്ഥ തൊഴിൽ ദിനങ്ങൾ. | അധികം അനുവദിച്ച വേതനം. |
|---|---|---|---|---|---|---|
| 1 | 22101546/31.03.2022 – 1,14,490/- | 27 -ാം വാർഡിലെ ഭൂവികസന പ്രവൃത്തികൾ. | മിനി പൂകുന്നപറമ്പിൽ | 36 | 32 | 4 X 291 = 1,164/- |
| 2 | 22101546/31.03.2022 – 1,14,490/- | 27 -ാം വാർഡിലെ ഭൂവികസന പ്രവൃത്തികൾ. | സൌമിനി കാരാട്ടുകുളങ്ങര | 6 | 5.50 | 0.5 X 291 = 145.50 |
| 3 | 22101546/31.03.2022 – 1,14,490/- | 27 -ാം വാർഡിലെ ഭൂവികസന പ്രവൃത്തികൾ. | ഷീജ ചെട്ടിപ്പറമ്പിൽ | 45 | 44.50 | 0.5 X 291 = 145.50 |
| 4 | 22101547/31.03.2022 – 86,210/- | രണ്ടാം വാർഡിലെ തോടുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ. | സെറീന.കെ | 14 | 13 | 1 X 291 = 291 |
| 5 | 22101484/21.03.2022 – 87,665/- | 33 - ാം വാർഡിലെ തോട് വൃത്തിയാക്കൽ. | ദീപ മുന്നത്ത് | 13 | 11 | 2 X 291 = 582 |

| | | | | | | |
|---|---|---|---|---|---|---|
| 6 | 22101450/14.03.2022 – 60,967/- | 13-ാം വാർഡിലെ ഏനാന്തി വാഴത്തോപ്പ് ഡ്രൈനേജ് ക്ലീനിംഗ്. | വിലാസിനി | 19 | 18 | 1 X 291 = 291 |
| 7 | 22101450/14.03.2022 – 60,967/- | 13-ാം വാർഡിലെ ഏനാന്തി വാഴത്തോപ്പ് ഡ്രൈനേജ് ക്ലീനിംഗ്. | വിജയലക്ഷ്മി | 8 | 7.5 | 0.50 X 291 = 145.50 |
| 8 | 22101528/24.03.2022 – 1,93,828/- | ഏഴാം വാർഡിലെ ഭൂവികസന പ്രവൃത്തികൾ. | കുഞ്ഞുമോൾ | 10 | 9 | 1 X 291 = 291 |
| 9 | 22101528/24.03.2022 – 1,93,828/- | ഏഴാം വാർഡിലെ ഭൂവികസന പ്രവൃത്തികൾ. | സുലോചന | 21 | 20 | 1 X 291 = 291 |
| 10 | 22101528/24.03.2022 – 1,93,828/- | ഏഴാം വാർഡിലെ ഭൂവികസന പ്രവൃത്തികൾ. | ഷാഹിന | 21 | 19.5 | 1.5 X 291 = 436.50 |
| ആകെ | | | | 193 | 180 | 13 X 291 = 3783 |

ആകെ 3783 രൂപ ഇനത്തിൽ അധികം അനുവദിച്ചിട്ടുണ്ട്.

2). മസ്റ്റർ റോളുകളിൽ വൈറ്റനർ ഉപയോഗിച്ചതിന് ശേഷം തിരുത്തലുകൾ വരുത്തിയിരിക്കുന്നു.

താഴെ പറയുന്ന പ്രവൃത്തികളുടെ മസ്റ്റർ റോളുകളിൽ വൈറ്റനർ ഉപയോഗിച്ചതിന് ശേഷം തിരുത്തലുകൾ വരുത്തിയതായി കാണുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പർ/തീയതി | ചെലവഴിച്ച തുക | പ്രവൃത്തിയുടെ പേര് |
|---|---|---|---|
| 1 | 22101484/21.03.2022 | 87,665/- രൂപ | 33-ാം വാർഡിലെ തോട് വൃത്തിയാക്കൽ. |
| 2 | 22101544/31.03.2022 | 72,680/- രൂപ | 26-ാം വാർഡിലെ എല്ലാ ഡ്രൈനേജുകളും വൃത്തിയാക്കൽ. |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ.42/21.12.2022), അധികം നൽകിയ 3,783/- രൂപ 2022-23 സാമ്പത്തിക വർഷത്തിലെ പ്രവൃത്തികളിൽ നിന്നും അതാത് തൊഴിലാളികളിൽ നിന്നും ഈടാക്കി ക്രമീകരിച്ച് അറിയിക്കുന്നതാണെന്നും, ക്രമ നമ്പർ.2 പ്രകാരമുള്ള അപാകത ഭാവിയിൽ ആവർത്തിക്കില്ലായെന്നുമാണ് മറുപടി ലഭ്യമാക്കിയത്. തുക ക്രമീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-40 വാടക ഇനത്തിൽ 16,11,352/- രൂപ കുടിശ്ശികയായി അവശേഷിക്കുന്നു

നിലമ്പൂർ നഗരസഭയുടെ 2021-22 വർഷത്തിലെ വാടക ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ പരിശോധിച്ചതിൽ നിന്ന് വാടകക്കാരിൽ നിന്നും ഭീമമായ കുടിശ്ശിക തുക പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ഡിമാന്റ് | കളക്ഷൻ | അടവാക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|
| കുടിശ്ശിക | | | |
| എ.എഫ്.എസ് പ്രകാരം | 16,46,295 | 200702 | 12,02,427 (യഥാർത്ഥ ബാലൻസ്- |

| | | | |
|---|---|---|---|
| | | | 14,45,593) |
| വാടക രജിസ്റ്റർ പ്രകാരം | 271039 | 200702 | 70337 |
| തൻവർഷം | | | |
| എ.എഫ്.എസ് പ്രകാരം | 1470996 | 697646 | 4,08,925 (യഥാർത്ഥ ബാലൻസ്- 7,73,350) |
| വാടക രജിസ്റ്റർ പ്രകാരം | 1105681 | 697646 | 408035 |

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വാടക ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ പൊരുത്തപ്പെടുന്നില്ല. കൂടാതെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വാടക ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാടക ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള തുകകളുമായും പൊരുത്തപ്പെടുന്നില്ല.

2021-22 വർഷത്തിൽ വാർഷിക ധനകാര്യ പത്രിക പ്രകാരം 16,11,352/- (12,02,427 +4,08,925 ) രൂപയും വാടക ഡിമാന്റ് രജിസ്റ്റർ പ്രകാരം 4,78,372 രൂപയും വാടക ഇനത്തിൽ കുടിശ്ശികയായി അവശേഷിക്കുന്നു. വാർഷിക ധനകാര്യ പത്രികയും ഡിമാന്റ് രജിസ്റ്ററും തമ്മിൽ 11,32,980 രൂപയുടെ വ്യത്യാസം കാണുന്നു. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. യഥാർത്ഥ കുടിശ്ശികയുടെ വിശദവിവരവും കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരവും ലഭ്യമാക്കേണ്ടതാണ്.

( ഓഡിറ്റ് എൻക്വയറി 2/16-12-2022 മറുപടി ലഭ്യമാക്കിയില്ല )

## 1-41 വസ്തു നികുതി - സർക്കാർ ഉത്തരവ് പ്രകാരം നികുതി നിരക്ക് നിശ്ചയിച്ചില്ല

സ.ഉ (അ) നം 52/2020/ത.സ്വ.ഭ.വ തി.08.09.2020 പ്രകാരം തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ് മൈക്രോ സ്മാൾ & മീഡിയം എന്റർപ്രൈസസ് ഡവലപ്മെന്റ് ആക്ട് 2006 പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ, റസിഡൻഷ്യൽ ഹോം സ്റ്റേ കെട്ടിടങ്ങൾ എന്നിവയുടെ നികുതി നിരക്ക് പരിഷ്കരിച്ചിട്ടുണ്ട്. ഇപ്രകാരമുള്ള നികുതി നിരക്ക് നിലമ്പൂർ നഗരസഭയിൽ പരിഷ്കരിച്ചിട്ടില്ല/പരിഷ്കരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. നഗരസഭ സഞ്ചയയിൽ നിന്ന് ലഭ്യമാക്കിയ കെട്ടിട ഗണങ്ങളുടെ വസ്തുനികുതി നിരക്ക് പട്ടികയിൽ മേൽ ഉത്തരവ് പ്രകാരമുള്ള കെട്ടിടങ്ങളുടെ നികുതി നിരക്കുകൾ സെറ്റ് ചെയ്യുകയോ പ്രസ്തുത കെട്ടിടങ്ങളുടെ വസ്തു നികുതി ഉൾപ്പെടുത്തി നിലമ്പൂർ നഗരസഭ വിജ്ഞാപനം ചെയ്യുകയോ ചെയ്തിട്ടില്ല. സർക്കാർ ഉത്തരവ് പാലിക്കാത്തതിനും സർക്കാർ ഉത്തരവ് പ്രകാരം നികുതി നിരക്ക് പരിഷ്കരിച്ച് വിജ്ഞാപനം ചെയ്യാത്തതിനും വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 3/16-12-2022 ന് 2021-22 വർഷ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ മേൽ ഉത്തരവ് പ്രകാരമുള്ള കെട്ടിടങ്ങൾക്ക് നികുതി നിരക്ക് നിശ്ചയിക്കുന്ന വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 23.10.2022 ലെ 9-ാം നമ്പർ തീരുമാന പ്രകാരം ബഹുമാനപ്പെട്ട കൗൺസിലിലേക്ക് ശുപാർശ ചെയ്തിട്ടുണ്ടെന്നും ആയത് അംഗീകരിക്കുന്ന മുറക്ക് നികുതി നിരക്ക് വിജ്ഞാപനം ചെയ്യുന്നതാണെന്നും മറുപടി നൽകി. സർക്കാർ ഉത്തരവ് പ്രകാരം നികുതി നിരക്ക് പരിഷ്കരിച്ച് വിജ്ഞാപനം ചെയ്യേണ്ടതും സഞ്ചയയിൽ നികുതി നിരക്കുകൾ സെറ്റ് ചെയ്യേണ്ടതുമാണ്.

## 1-42 സൗരോർജ്ജാധിഷ്ഠിത ജലതാപന/ പ്രകാശസംവിധാനം സ്ഥാപിക്കാത്ത കെട്ടിടത്തിന് കെട്ടിട നമ്പർ അനുവദിച്ചു.

0കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 77 പ്രകാരം 400 ചതുരശ്ര മീറ്ററിൽ കൂടുതൽ നിർമ്മിത വിസ്തൃതിയുള്ള ഏക കുടുംബ പാർപ്പിട കെട്ടിടങ്ങളുടെ സംഗതിയിൽ Rooftop Solar Energy Installations ( Rooftop PV System) ഏർപ്പെടുത്തേണ്ടതാണ്. കൂടാതെ ചട്ടം78 പ്രകാരം 400 ചതുരശ്ര മീറ്ററിൽ കൂടുതൽ നിർമ്മിത വിസ്തൃതിയുള്ള ഏക കുടുംബ പാർപ്പിട കെട്ടിടങ്ങളുടെ സംഗതിയിൽ സൗരോർജ്ജ സഹായത്താലുള്ള ജലതാപന സംവിധാനങ്ങളും ഏർപ്പെടുത്തേണ്ടതാണ്. എന്നാൽ താഴെപ്പറയുന്ന 400 ചതുരശ്ര മീറ്ററിൽ കൂടുതൽ നിർമ്മിത വിസ്തൃതിയുള്ള ഏക കുടുംബ വാസഗൃഹ കെട്ടിടങ്ങൾക്ക് ഈ സംവിധാനം ഏർപ്പെടുത്താതെയാണ് കെട്ടിട നമ്പർ അനുവദിച്ചിട്ടുള്ളത്.

1). ശ്രീ. ഷിഹാബുദ്ദീൻ.എം, മുസ്ല്യാരകത്ത്, നിലമ്പൂർ എന്നവർ നിലമ്പൂർ വില്ലേജിൽ 92/259/15 ൽപ്പെട്ട 809 ച.മീ സ്ഥലത്ത് നിർമ്മാണം പൂർത്തീകരിച്ച 594.79 ച.മീ വിസ്തൃതിയിലുള്ള ഏക കുടുംബ വാസഗൃഹ കെട്ടിടത്തിന് ഈ സംവിധാനം ഏർപ്പെടുത്താതെയാണ് കെട്ടിട നമ്പർ (23/24 A -24.11.2021) അനുവദിച്ചിട്ടുള്ളത്. അപേക്ഷയിൽ അപേക്ഷകൻ ഹാജരാക്കിയിട്ടുള്ള പൂർത്തീകരണ പ്ലാനിൽ ആയത് സംബന്ധിച്ചുള്ള ഡ്രോയിംഗ് ഒന്നും ഉൾപ്പെടുത്തിയിട്ടില്ല. സൈറ്റ് പരിശോധിച്ച എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ റിപ്പോർട്ടിൽ സൗരോർജ്ജ സംവിധാനം ഏർപ്പെടുത്തുന്നതു സംബന്ധിച്ച അപാകത/ നിർദ്ദേശം രേഖപ്പെടുത്തിയതായും കാണുന്നില്ല. ചട്ടങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താതെയാണ് നിർമ്മാണം കെട്ടിടനിർമ്മാണ ചട്ടങ്ങൾ പാലിക്കുന്നുണ്ടെന്ന് ഓവർസിയർ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ചട്ട പ്രകാരമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്താതെ തന്നെ കെട്ടിട നമ്പർ അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2). ശ്രീ. മുജീബ് റഹ്മാൻ,പള്ളിക്കൽ ഹൗസ്, രാമുകുത്ത് എന്നവർ നിലമ്പൂർ വില്ലേജിൽ 93/44-9-4 ൽപ്പെട്ട 556 ച.മീ സ്ഥലത്ത് നിർമ്മാണം പൂർത്തീകരിച്ച 402.63 ച.മീ വിസ്തൃതിയിലുള്ള ഏക കുടുംബ വാസഗൃഹ കെട്ടിടത്തിന് ഈ സംവിധാനം ഏർപ്പെടുത്താതെയാണ് കെട്ടിട നമ്പർ (4/288B- 22.10.2021) അനുവദിച്ചിട്ടുള്ളത്. അപേക്ഷയിൽ അപേക്ഷകൻ ഹാജരാക്കിയിട്ടുള്ള പൂർത്തീകരണ പ്ലാനിൽ ആയത് സംബന്ധിച്ചുള്ള ഡ്രോയിംഗ് ഒന്നും ഉൾപ്പെടുത്തിയിട്ടില്ല. സൈറ്റ് പരിശോധിച്ച എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ റിപ്പോർട്ടിൽ സൗരോർജ്ജ സംവിധാനം ഏർപ്പെടുത്തുന്നതു സംബന്ധിച്ച അപാകത/ നിർദ്ദേശം രേഖപ്പെടുത്തിയതായും കാണുന്നില്ല. ചട്ടങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താതെയാണ് നിർമ്മാണം കെട്ടിടനിർമ്മാണ ചട്ടങ്ങൾ പാലിക്കുന്നുണ്ടെന്ന് ഓവർസിയർ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ചട്ട പ്രകാരമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്താതെ തന്നെ കെട്ടിട നമ്പർ അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 4/17-12-2022 മറുപടി ലഭിച്ചില്ല)

## 1-43 കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

പരിശോധനക്കായി ലഭ്യമാക്കിയ നഗരസഭയുടെ 2021-22 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് B 15 ഷെഡ്യൂൾ പ്രകാരം വിവിധ നികുതി നികുതിയിതര വരവിനങ്ങളിൽ ഈടാക്കാനവശേഷിക്കുന്ന കുടിശ്ശികയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | കുടിശ്ശിക |
|---|---|
| Property Tax | 6201980 |
| Rent | 1611352 |
| Profession Tax-Institutions/Proffessionals/Traders | 780899 |
| Advertisement Tax | 181344 |
| License Fees | 125034 |
| Other Receivables | 2706894 |

മേൽ കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വസ്തുനികുതി പിരിവ് 90% ആക്കണമെന്ന സർക്കാർ നിർദ്ദേശ പ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ബിൽകളക്ടർമാരെ ഉപയോഗിച്ച് നികുതി പിരിവ് ഊർജ്ജിതമാക്കി വരുന്നുണ്ടെന്ന് അറിയിച്ചു. കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 11/17-12-2022 )

## 1-44 മാലിന്യ സംസ്കരണം ഗാർഹിക തലത്തിൽ - ബയോബിൻ നൽകൽ - 933 ബയോബിന്നുകൾ വിതരണം ചെയ്യാതെ അവശേഷിക്കുന്നു.

നിലമ്പൂർ നഗരസഭയെ മാലിന്യമുക്ത നഗരസഭയാക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായാണ് 2021-22 വർഷത്തിൽ ഹെൽത്ത് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

| | |
|---|---|
| പ്രൊജക്റ്റ് | SO 187/22<br>മാലിന്യ സംസ്കരണം ഗാർഹിക തലത്തിൽ - ബയോബിൻ നൽകൽ |
| നിർവ്വഹണം | ഹെൽത്ത് ഓഫീസർ |
| അടങ്കൽ | 6396113 (CFC) + 5368440 (കേന്ദ്രാവിഷ്കൃത ഫണ്ട്) + 3573847 (സംസ്ഥാനാവിഷ്കൃത ഫണ്ട്) = 15338400 |
| ചെലവ് | 24,89,490/- (CFC) ബി.നം 3/21-22/31.03.2022 |

പ്രസ്തുത പദ്ധതി പ്രകാരം ബയോബിൻ വിതരണം ചെയ്യുന്നതിനായി ഇ – ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറവുതുക ക്വാട്ട് ചെയ്ത (ഒരു യൂണിറ്റിന് 1990 രൂപ) വെൽഫയർ സർവ്വീസസ് എറണാകുളം എന്ന സ്ഥാപനത്തിന് 22.03.2022 ലെ 5-ാം നമ്പർ തീരുമാന പ്രകാരം സപ്ലൈ ഓർഡർ നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഇ.നം.0216/30.03.2022 പ്രകാരം 3000 ബയോബിന്നുകൾ ( Bio Clean, Bin With Bioculom) ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇൻവോയ്സ് പ്രകാരം തുക 5970000/- (1990 X 3000) രൂപയാണ്. ആയതിൽ 24,89,490/- രൂപ 2021-22 വർഷത്തിൽ നൽകി.
3000 ബയോബിന്നുകൾ ലഭ്യമായതിൽ 2067 എണ്ണം മാത്രമാണ് നാളിതുവരെയായി (17.12.2022) വിതരണം ചെയ്തിട്ടുള്ളത്. 933 ബയോബിന്നുകൾ വിതരണം ചെയ്യാതെ അവശേഷിക്കുന്നു. ഇത്തരത്തിൽ ബയോബിന്നുകൾ നാളിതുവരെയായും വിതരണം ചെയ്യാൻ സാധിച്ചിട്ടില്ലാത്തതിനാൽ പദ്ധതിയുടെ ലക്ഷ്യം പൂർത്തീകരിച്ചില്ലെന്ന് വ്യക്തമാകുന്നു. ബയോബിന്നുകളുടെ വിതരണ രേഖകൾ പരിശോധിച്ചതിൽ നിന്ന് നഗരസഭയിലെ 33 വാർഡുകളിൽ വാർഡ് 1, 2, 3, 6, 13, 16, 18, 22, 23, 27, 33 എന്നീ വാർഡുകളിൽ ഇതുവരെ ഒരു ബിൻ പോലും വിതരണം ചെയ്തിട്ടില്ലെന്ന് കാണുന്നു. ആയത് പദ്ധതി നിർവ്വഹണത്തിലെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ബയോബിന്നുകൾ വിതരണം ചെയ്യാതെ സൂക്ഷിക്കുന്നതിന് /വിതരണം ചെയ്യാൻ സാധിക്കാത്തതിന്റെ സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 17/19-12-2022 നൽകിയതിന് ബയോബിന്നുകൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നതായി മറുപടി ലഭ്യമാക്കി. ഗുണഭോക്താക്കളെ കണ്ടെത്തി ബയോബിന്നുകൾ വിതരണം ചെയ്യേണ്ടതും, വിതരണം പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 1-45 പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് മെഷീൻ , ബെയ്‌ലിംഗ് യൂണിറ്റ് - സ്ഥാപിച്ചില്ല.

| | |
|---|---|
| പ്രൊജക്റ്റ് | SO 182/22<br>പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് മെഷീൻ , ബെയ്‌ലിംഗ് യൂണിറ്റ് |
| നിർവ്വഹണം | ഹെൽത്ത് ഓഫീസർ |
| അടങ്കൽ | 606823 (CFC) |
| ചെലവ് | 163323/- (CFC) ബി.നം 1/21-22/26.03.2022 |

പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് മെഷീൻ , ബെയ്‌ലിംഗ് യൂണിറ്റ് - സ്ഥാപിക്കുന്നതിനായി ക്ലീൻ കേരള കമ്പനി ലിമിറ്റഡുമായി നഗരസഭ എഗ്രിമെന്റ് വെക്കുകയും (10.01.2018) ആയതിന്റെ അടിസ്ഥാനത്തിൽ 982943/- രൂപ വകയിരുത്തി 2017-18 ൽ 414/18 (പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് മെഷീൻ , ബെയ്‌ലിംഗ് യൂണിറ്റ് - സ്ഥാപിക്കൽ ) പദ്ധതി പ്രകാരം 3,93,177/- രൂപ ക്ലീൻ കേരള കമ്പനി ലിമിറ്റഡിന് നൽകുകയും ചെയ്തിരുന്നു. എന്നാൽ തുടർ നടപടികൾ ഒന്നും ടി പദ്ധതിയിൽ നടന്നില്ല. 25.02.2020 ലെ ജി.ഒ(ആർ.ടി) നം 469/2020/ LSGD നമ്പർ ഉത്തരവ് പ്രകാരം ഇനി ആരംഭിക്കുന്ന ആർ ആർ എഫുകളിൽ (നിലവിൽ പ്രൊജക്റ്റ് വെച്ചവയുൾപ്പെടെ) ബെയ്‌ലിംഗ് മെഷീൻ മാത്രം സ്ഥാപിച്ചാൽ മതി എന്നതിനാൽ ബെയ്‌ലിംഗ് മെഷീന്റെ തുക 556500/- രൂപയിൽ മുനിസിപ്പാലിറ്റി മുൻകൂർ അടച്ച 3,93,177/- രൂപ കഴിഞ്ഞ് ബാക്കി തുകയായ 163323/- രൂപ അടവാക്കേണ്ടതാണെന്നും തുക അടച്ച് അറിയിക്കുന്ന മുറക്ക് മെഷീൻ സപ്ലൈ ചെയ്യുന്നതാണെന്നും ക്ലീൻ കേരള കമ്പനി ലിമിറ്റഡ്, മാനേജിംഗ് ഡയറക്ടർ C33/CKCL/2018 തി. 23.03.2022 നമ്പർ കത്തിലൂടെ അറിയിച്ചിട്ടുണ്ട്. മേൽ പദ്ധതിക്കായി 163323/- രൂപ ഓഡിറ്റ് വർഷം ക്ലീൻ കേരള കമ്പനി ലിമിറ്റഡിന് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തിയ്യതി വരെയും (19.12.2022) മെഷീൻ സപ്ലൈ ചെയ്തതായി കാണുന്നില്ല.
2017-18 ൽ തന്നെ പദ്ധതി ചെലവിന്റെ (ഷ്രെഡ്ഡിംഗ് മെഷീൻ + ബെയ്‌ലിംഗ് യൂണിറ്റ്) 40% അഡ്വാൻസായി നൽകിയിട്ടും 2021-22 (26.03.2022) ൽ മുഴുവൻ തുകയും നൽകിയിട്ടും മെഷീൻ ലഭ്യമാക്കി പ്രവർത്തനം ആരംഭിക്കാത്തതിന് വിശദീകരണം ലഭ്യമാക്കിയത് (ഓഡിറ്റ് എൻക്വയറി 18/19-12-2022) KSWMP പദ്ധതി പ്രകാരം നിലവിലുള്ള എം.സി.എഫിന്റെ അടിസ്ഥാന സൗകര്യവുമായി ബന്ധപ്പെട്ട് പുതിയ പ്രൊജക്റ്റ് തയ്യാറാക്കേണ്ടി വന്നതിനാൽ വിവിധ പ്രവ്യത്തികൾ പൂർത്തീകരിക്കുന്നമുറക്ക് മാത്രമെ ബെയ്‌ലിംഗ് മെഷീൻ സ്ഥാപിക്കുവാൻ സാങ്കേതികമായി സാധിക്കുകയുള്ളൂ എന്നും ആയതിനാലാണ് ബെയ്‌ലിംഗ് യൂണിറ്റ് സ്ഥാപിക്കാൻ വൈകുന്നതെന്നും അറിയിച്ചു. KSWMP മായി ബന്ധപ്പെട്ട പ്രവൃത്തികൾ പൂർത്തീകരിച്ച് എത്രയും വേഗം ബെയ്‌ലിംഗ് യൂണിറ്റ് സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. യൂണിറ്റ് ഇൻസ്റ്റാൾ ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-46 വസ്തുനികുതി നിർണ്ണയം- അപാകത

ശ്രീ. രാജേഷ്, സൗദാമിനി & ശ്രീജ ബിജു അതുല്യ റോയൽ പാർക്ക് , വെസ്റ്റ് ഹിൽ പി.ഒ, കോഴിക്കോട് എന്നവർ നിലമ്പൂർ വില്ലേജിൽ 91/234/2-10 ൽപ്പെട്ട 809 ച.മീ സ്ഥലത്ത് TP-1-TBA(15083)/2020 Dtd.21.01.2021 നമ്പർ പെർമിറ്റ് പ്രകാരം

നിർമ്മാണം പൂർത്തീകരിച്ച 896.08 (GF-455.10, FF- 440.98) ച.മീ വിസ്തൃതിയുള്ള വാണിജ്യ കെട്ടിടത്തിന് കെട്ടിട നമ്പർ ലഭിക്കുന്നതിനായി 06.05.2021 ന് അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ TP1/12350/2020 തി.10.05.2021 നമ്പർ ഒക്യുപൻസി സർട്ടിഫിക്കറ്റ് അനുവദിക്കുകയും വസ്തുനികുതി നിർണ്ണയിച്ച് കെട്ടിടനമ്പർ (3/297 A) അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

| | |
|---|---|
| കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം | 896.08 ച.മീറ്റർ |
| ഉപയോഗക്രമം | വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ മുകളിലുള്ള ഹോട്ടൽ . റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ |
| അടിസ്ഥാന വസ്തുനികുതി നിരക്ക് | 80/ച.മീറ്റർ |
| അടിസ്ഥാന വസ്തുനികുതി | 71686.40 |
| ഇളവ് | ഇല്ല |
| വർദ്ധനവ് 35%( വഴി സൗകര്യം 20% + തറനിർമ്മിതി 15%) | 25090.24 |
| വസ്തുനികുതി | 96777 |
| ലൈബ്രറി സെസ് | 4839 |
| സർവ്വീസ് ചാർജ്ജ് | 9678 |
| ആകെ നികുതി | 1,11,294 |

സൈറ്റ് പരിശോധിച്ച് തയ്യാറാക്കിയ വസ്തുനികുതി നിർണ്ണയ- വിവര ശേഖരണ ഫാറം (ഫാറം 6) ൽ കെട്ടിടത്തിന്റെ ഉപയോഗക്രമത്തിന്റെ വിവരണം എന്നതിൽ GF- Commercial Hall, FF- Commercial Hall ( Kovilakam Super Market ) എന്നും വഴി സൗകര്യം (20%), തറ നിർമ്മിതി (15%), കൂടാതെ കെട്ടിടത്തിൽ കേന്ദ്രീകൃത എയർകണ്ടീഷനിംഗ് സംവിധാനം ഉള്ളതിനാൽ അടിസ്ഥാന വസ്തുനികുതിയിൻമേൽ 10% വർദ്ധനവ് എന്നിങ്ങനെ ആകെ 45% വരുത്താവുന്നതാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 2021-22 വർഷത്തിൽ 3/297 A നമ്പർ വാണിജ്യ കെട്ടിടത്തിൽ കോവിലകം ഹൈപ്പർമാർട്ട് എന്ന സ്ഥാപനം നടത്തുന്നതിനാണ് ശ്രീ.കൃഷ്ണൻകുട്ടി .കെ.എസ്, കോയിപ്പള്ളി ഹൗസ് , മയ്യന്താനി, നിലമ്പൂർ എന്നവർക്ക് ലൈസൻസ് (നം. 131249012100170/06.09.2021) അനുവദിച്ചിട്ടുള്ളത്. 2022-23 ലും മേൽ സ്ഥാപനം പ്രവർത്തിക്കുന്നതിന് ലൈസൻസ് പുതുക്കി നൽകിയിട്ടുണ്ട്. 200 ച.മീറ്റർ മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്നീ ഉപയോഗത്തിലുള്ള കെട്ടിടങ്ങൾക്ക് നിലമ്പൂർ നഗരസഭ അംഗീകരിച്ച അടിസ്ഥാന വസ്തുനികുതി നിരക്ക് 90/ച.മീറ്റർ ആണ്. കെട്ടിടത്തിന്റെ ഉപയോഗക്രമമനുസരിച്ച് നികുതി താഴെപ്പറയും പ്രകാരം നിർണ്ണയിക്കേണ്ടതാണ്.

| | |
|---|---|
| കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം | 896.08 ച.മീറ്റർ |
| ഉപയോഗക്രമം | 200 ച.മീറ്റർ മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ |
| അടിസ്ഥാന വസ്തുനികുതി നിരക്ക് | 90/ച.മീറ്റർ |
| അടിസ്ഥാന വസ്തുനികുതി | 80647.20 |
| ഇളവ് | ഇല്ല |
| വർദ്ധനവ് 45%( വഴി സൗകര്യം 20% + തറനിർമ്മിതി 15% + കേന്ദ്രീകൃത എയർകണ്ടീഷനിംഗ് | 36291.24 |

| | |
|---|---|
| സംവിധാനം 10%) | |
| വസ്തുനികുതി | 116939 |
| ലൈബ്രറി സെസ് | 5847 |
| സർവ്വീസ് ചാർജ് | 11694 |
| ആകെ നികുതി | 1,34,480 |

കെട്ടിടത്തിന്റെ യഥാർത്ഥ ഉപയോഗക്രമം, കെട്ടിടത്തിൽ കേന്ദ്രീകൃത എയർകണ്ടീഷനിംഗ് സംവിധാനം എന്നിവ പരിഗണിക്കാതെ നികുതി നിർണ്ണയിച്ചതുവഴി വസ്തു നികുതി ഇനത്തിൽ 23186/- (1,34,480- 1,11,294) രൂപ കുറവ് വന്നതായി കാണുന്നു. അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി 5/17-12-2022 ) അപാകത പരിഹരിച്ച് വിവരം അറിയിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി. കെട്ടിടത്തിന്റെ നികുതി പുനർ നിർണ്ണയിച്ച് കുടിശ്ശിക അടക്കം ഈടാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കൂട്ടം കോഴിയും പദ്ധതികൾ - അധിക തുക നൽകി -നഷ്ടം 17,13,437 രൂപ

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) പ്രോജക്റ്റ് നം. 54/22

കൂട്ടം കോഴിയും പദ്ധതി (വനിത-ജനറൽ)

വിനിയോഗിച്ച തുക – 11,44,000 രൂപ (പ്ലാൻ ജനറൽ)

ബിൽ നം.6/21-22/ 28.01.22 – 6,50,000രൂപ

ബിൽ നം.9/21-22/ 26.02.22 – 3,90,000രൂപ

ബിൽ നം.13/21-22/ 23.03.22 – 1,04,000രൂപ

2)പ്രോജക്റ്റ് നം. 57/22

കൂട്ടം കോഴിയും പദ്ധതി (എസ് സി )

വിനിയോഗിച്ച തുക – 19,70,000 രൂപ (പ്ലാൻ - എസ് സി പി )

ബിൽ നം.3/21-22/ 06.01.22 – 3,50,000രൂപ

ബിൽ നം.4/21-22/ 06.01.22 – 6,50,000രൂപ

ബിൽ നം.7/21-22/ 19.02.22 – 5,00,000രൂപ

ബിൽ നം.14/21-22/ 23.03.22 – 1,20,000രൂപ

ബിൽ നം.17/21-22/ 27.03.22 – 3,50,000രൂപ

3)പ്രോജക്റ്റ് നം. 63/22

കൂട്ടം കോഴിയും പദ്ധതി (എസ് ടി )

വിനിയോഗിച്ച തുക – 12,77,750 രൂപ (പ്ലാൻ - ടി എസ് പി )

ബിൽ നം.9/21-22/ 05.03.22 – 5,91,800രൂപ

ബിൽ നം.15/21-22/ 23.03.22 – 4,84,200രൂപ

ബിൽ നം.16/21-22/ 27.03.22 – 2,01,750രൂപ

നിർവ്വഹണം - സീനിയർ വെറ്ററിനറി സർജൻ

Vet Amana Pets Medical Traders LLP ,Kottakkal എന്ന സ്ഥാപനത്തിൽ നിന്നും കോഴികുഞ്ഞുങ്ങളെയും , മമ്മു. എ, മച്ചിൻഞ്ചേരി വീട്, എടയൂർ നോർത്ത് (പി ഒ), വളാഞ്ചേരി, മലപ്പുറം എന്ന വ്യക്തിയിൽ നിന്നും ഹൈ ഡെൻസിറ്റി ഫ്രൈയിം കൂട്ടം വാങ്ങിയാണ് മേൽ പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത് .

കൂടും കോഴിയും (വനിത-ജനറൽ) പ്രോജക്റ്റ് പ്രകാരം 155 കൂടും, 1550 കോഴികളെയും , കൂടും കോഴിയും പദ്ധതി (എസ് സി ) പ്രകാരം 197 കൂടും, 1970 കോഴികളെയും, കൂടും കോഴിയും പദ്ധതി (എസ് ടി ) പ്രകാരം 95 കൂടും, 950 കോഴികളെയുമാണ് വിതരണം നടത്തിയിട്ടുള്ളത്. 10 കോഴികൾ വീതം ഒരാൾക്ക് എന്ന ക്രമത്തിലാണ് മൂന്ന് പദ്ധതികളിലും കോഴി വിതരണം നടത്തിയിട്ടുള്ളത്.

സബ്സിഡിമാർഗ്ഗരേഖ സ.ഉ (കൈ) 22/2018/തസ്വഭവ തീ.14.02.2018 പ്രകാരം കൂടിന്റെ വിലയുടെ 25% തുക മാത്രമാണ് സബ്സിഡിയായി അനുവദിക്കാവുന്നത്. കൂടാതെ, കൂടിന്റെ വിലയുൾപ്പെടെ യൂനിറ്റ് കോസ്റ്റും പക്ഷികളുടെ എണ്ണവും ജില്ലാതലത്തിൽ നിശ്ചയിക്കണം എന്നും വ്യക്തമാക്കിയിട്ടുണ്ട്.

17.02.2021 ന് മലപ്പുറം ജില്ലാകളക്ടറുടെ ചേമ്പറിൽ ചേർന്ന വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള യൂനിറ്റ് കോസ്റ്റ് നിശ്ചയിക്കുന്നതിനുള്ള ജില്ലാതല സമിതി 2021-22 വർഷത്തേക്ക് 4x2x2 Ft വലിപ്പമുള്ള കൂടിന് 10,000/- രൂപയാണ് യൂണിറ്റ് കോസ്റ്റായി നിശ്ചയിച്ചിട്ടുള്ളത്. കൂടിന് 25% സബ്സിഡിയാണ് അനുവദിക്കാവുന്നത് . ആയത് പ്രകാരം കൂടിന് അനുവദിക്കാവുന്ന തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റിന്റെ വിവരം | അനുവദിച്ച തുക | അനുവദിക്കാവുന്ന സബ്സിഡി തുക | അധികം അനുവദിച്ച സബ്സിഡി തുക |
|---|---|---|---|
| പ്രോജക്റ്റ് നം. 54/22<br>കൂടും കോഴിയും പദ്ധതി (വനിത-ജനറൽ) | 116 കൂടിന് 3000/- രൂപ നിരക്കിൽ<br>3,48,000/- രൂപ | സബ്സിഡി തുക 116 കൂടിന് 750/- രൂപ നിരക്കിൽ<br>(3,000/- രൂപയുടെ 25%)<br>87,000/- രൂപ | 2,61,000/- |
| | 39 കൂടിന് 6500/- രൂപ നിരക്കിൽ 2,53,500/- രൂപ | 39 കൂടിന് @ 1625/- (6500/- രൂപയുടെ 25 %)<br>63,375/- രൂപ | 1,90,125/- |
| | ആകെ 155 കൂടിന് 6,01,500/- രൂപ | ആകെ 155 കൂടിന് 1,50,375/- രൂപ | 4,51,125/- |
| പ്രോജക്റ്റ് നം. 57/22<br>കൂടും കോഴിയും പദ്ധതി (എസ് സി) | 197 കൂടിന് 6500/- രൂപ നിരക്കിൽ 12,80,500/- രൂപ | 197 കൂടിന് 1625/- രൂപ നിരക്കിൽ<br>(6500/- രൂപയുടെ 25%)<br>3,20,125/- രൂപ | 9,60,375/- |
| പ്രോജക്റ്റ് നം. 63/22<br>കൂടും കോഴിയും പദ്ധതി (എസ് ടി ) | 95 കൂടിന് 9950/- രൂപ നിരക്കിൽ 9,45,250/- രൂപ | 95 കൂടിന് 2487.50 രൂപ നിരക്കിൽ<br>(9950 രൂപയുടെ 25%)<br>2,36,313/- രൂപ | 7,08,937/- |
| ആകെ | 28,27,250 രൂപ | 7,06,813 രൂപ | 21,20,437/- |

നിർമ്മിച്ചിരിക്കുന്ന കൂടുകൾ 4x2x2 Ft വലിപ്പമുള്ള (HDF/Metal)1/2 Inch X 1/2 Inch X 1/2 Inch (G) Mesh മേൽക്കൂര Power Coated Corrugated Sheet കളാണോയെന്നും വ്യക്തമല്ല. കൂടിന്റെ സ്പെസിഫിക്കേഷൻ ഫയലിൽ ലഭ്യമല്ല.ഹൈ ഡെൻസിറ്റി ഫ്രൈയിം കൂട് എന്നു മാത്രമാണ് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. മേൽ സ്പെസിഫിക്കേഷൻ കൂടാണോ സ്ഥാപിച്ചത് എന്ന വസ്തുത പരിശോധിച്ച് ഉറപ്പാക്കേണ്ടതുണ്ട്.

സബ്സിഡിമാർഗ്ഗരേഖ സ.ഉ (കൈ)22/2018/തസ്വഭവ തീ.14.02.2018 ൽ കൂട്ടിച്ചേർക്കലും ഭേദഗതിയും വരുത്തി പുറപ്പെടുവിച്ച സ.ഉ(സാധാ)നം.1009/2020/തസ്വഭവ തീ.29.05.2020 ഉത്തരവ് പ്രകാരം കൂട് സ്വന്തമായി സ്ഥാപിക്കുന്നതിനോ തൊഴിലുറപ്പ പദ്ധതിയിൽ നിർമ്മിക്കുന്നതിനോ കഴിയുന്നില്ലെങ്കിൽ കൂടിന് എല്ലാ വിഭാഗത്തിനും അഞ്ച് കോഴിക്കുഞ്ഞുങ്ങളുള്ള കൂടിന്റെ യൂനിറ്റ് കോസ്റ്റ് ആയ 2000 രൂപയുടെ 25% (500രൂപ) ക്രമത്തിൽ 10 കോഴിക്കുഞ്ഞുങ്ങളുള്ള കൂടിന്റെ യൂനിറ്റ് കോസ്റ്റ് 1000 രൂപ മാത്രമാണ് അനുവദിക്കാൻ കഴിയുക. അപ്രകാരം സ.ഉ(സാധാ)നം.1009/2020/തസ്വഭവ തീ.29.05.2020 'സുഭിക്ഷ കേരളം ' ഉത്തരവിൽ വ്യക്തവരുത്തിയിട്ടുള്ളതിനാൽ പ്രസ്തുത ഇനത്തിന് ജില്ലാതലത്തിൽ വീണ്ടും യൂനിറ്റ് കോസ്റ്റ് നിശ്ചയിച്ചതിന്റെ ആധികാരികത വ്യക്തമല്ല.

അപാകതകൾ പരാമർശിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.39/21-22/21.12.22) മറുപടി ലഭ്യമാക്കിയിട്ടില്ല. കൂട് നിർമ്മാണത്തിന് അധികമായി അനുവദിച്ച 21,20,437/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥന്റെ (സീനിയർ വെറ്ററിനറി സർജൻ) വ്യക്തിപരമായ ബാധ്യതയായി നിർണ്ണയിക്കുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 20.12.2022 മുതൽ 21.12.2022 വരെ | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം.

ഇല്ല.

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ .

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ തീയ്യതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ നീട്ടൽ (ജനറൽ) 235/22 | 22101747/22.03.2022 | 5748410 | 0 | 5748410 |
| | രാമംകുത്ത് ഗാർഹിക കുടിവെള്ള കണക്ഷൻ- 252/22 | 47/21-22 /30.03.2022 | 430000 | 0 | 430000 |
| | പൈപ്പ് ലൈൻ നീട്ടൽ. (ജനറൽ) രണ്ടാം ഘട്ടം 254/22 | 46/21-22 /30.03.2022 | 1309950 | 0 | 1309950 |
| കെ എസ് ഇ ബി | രാമംകുത്ത് സ്ട്രീറ്റ് മെയിൻ വലിക്കൽ. 207/22 | 22101108/11.01.2022 | 462324 | 0 | 462324 |

മേൽ പ്രവൃത്തികളുടെ വിനിയോഗവിവരം അറിയിക്കേണ്ടതാണ്.

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്.

ഇല്ല.

### 4-5 വായ്പ/ വായ്പ തിരിച്ചടവ്

| ക്രമ നം | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തീയ്യതി | തൻ വർഷ വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് (മുതൽ /പലിശ ) | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|
| 1 | ഭവനപദ്ധതി | ലഭ്യമല്ല | 12200000 | 78173333 | 5413333 | 84960000 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ.

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ ലഭിച്ച 51768/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ / തിയ്യതി |
|---|---|---|---|---|
| 2013-14, 2014-15 | -- | 50000 | ശ്രീ.അബ്ദുൽ നാസർ | 121200110801/10.01.2022 |
| 2013-14, 2014-15 | 2-1 | 1768 | ശ്രീമതി.ഉമ.പി.എൻ, റവന്യൂ ഇൻസ്പെക്ടർ | 1212001004191/17.04.2021 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 44,45 | 2001-02 | ........ | മരാമത്ത്- അധികചെലവ് | നടപടി തുടരുന്നു. |
| 2007-08 | 3-13 | 2010-11 | ....... | മുൻകൂർ ക്രമീകരിച്ചില്ല | നടപടി തുടരുന്നു. |
| | | 2012-13 | ....... | ഖരമാലിന്യ പരിപാലനം, പ്രവർത്തനാവലോകന റിപ്പോർട്ട് | നടപടി തുടരുന്നു. |
| 2012-13 | 3-1<br>3-2 | 2012-13 | ........ | 1)നിഷ്ക്രിയ ആസ്തികൾ<br>2)മണൽ വാരൽ | നടപടി തുടരുന്നു. |
| 2013-14, 2014-15 | 2(3) | 2016-17 | ലഭ്യമല്ല | ലഭ്യമല്ല | |
| 2015-16 | 2(8) | 2016-17 | ലഭ്യമല്ല | ലഭ്യമല്ല | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം.

എ) ചാർജ് നടപടികൾ വഴി തുക ഈടാക്കിയ /ഈടാക്കുവാൻ അവശേഷിക്കുന്ന തുക.

ഇല്ല.

ബി) സർചാർജ് നടപടി വഴി ഈടാക്കുവാൻ അവശേഷിക്കുന്ന തുക.

<u>സർചാർജ് നടപടികളുടെ വിവരം.</u>

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ വ്യക്തി | സർചാർജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നമ്പർ/തീയതി | തുക | |
| 1 | 1999-00 | 58 (70, (7), (9) | എം.വി മഹിധരൻ, സെക്രട്ടറി | LF.12622/ സ്പെ.സെൽ/എസ്.സി 5/05/23.12.18/ 01.01.09 | 34,600 | Disposed |
| 2 | 1998-99 | 48(1), (2), 49, 50(16), 65, | എം.വി മഹിധരൻ, | LF.11513/സ്പെ.സെൽ/ എസ് സി 5/04/ | 282674 | Disposed On |

| | | | | | | | |
|---|---|---|---|---|---|---|---|
| | | 76, 77, 81, 85(p), 89(1), 90 (2), (3), 91(1),(3), (4) | സെക്രട്ടറി | 25.09.06/ 01.03.07 | | | 31-08-2015 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | : 207642025 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 196878916 |
| വരവിനങ്ങളിലുള്ള നഷ്ടം | : 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : 21,20,437 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 16,42,180 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 2120437 | ഡോ. ഷൗക്കത്തലി, സീനിയർ വെറ്ററിനറി സർജൻ |
| ആകെ | 0 | 2120437 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 2,50,000 | ശ്രീ.ശ്യാംകുമാർ പി കെ, പ്രോജക്റ്റ് ഓഫീസർ, നഗര ദാരിദ്ര്യ ലഘൂകരണ വിഭാഗം |
| 1-31 | 8,52,198 | ശ്രീ. അഫ്സൽ. സി, മുനിസിപ്പൽ എഞ്ചിനീയർ |
| 1-34 | 4,85,000 | ശ്രീ. ഉമ്മർ കോയ.ടി, കൃഷി ഓഫീസർ. |
| 1-36 | 9,996 | ശ്രീമതി. സ്റ്റെല്ല.കെ, ഹെഡ് മിസ്ട്രസ്, (ജി എൽ പി സ്കൂൾ കരിമ്പുഴ. |
| 1-37 | 34,986 | ശ്രീമതി. സ്റ്റെല്ല.കെ, ഹെഡ് മിസ്ട്രസ്, (ജി എൽ പി സ്കൂൾ കരിമ്പുഴ.) |
| 1-38 | 10,000 | ശ്രീമതി. സ്റ്റെല്ല.കെ, ഹെഡ് മിസ്ട്രസ്,(ജി എൽ പി സ്കൂൾ കരിമ്പുഴ. |
| | 16,42,180 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. ഷൗക്കത്തലി, സീനിയർ വെറ്ററിനറി സർജൻ | സീനിയർ വെറ്ററിനറി സർജൻ, വെറ്ററിനറി ഹോസ്പിറ്റൽ, നിലമ്പൂർ | ഹാഫിസ് വില്ല, ചന്തക്കുന്ന്, നിലമ്പൂർ. പിൻ - 679330, മലപ്പുറം ജില്ല |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2000-01 | എൽ.എഫ്.എം.21/977/2010 തി.10.01.2011 | 7 | |
| 2001-02 | എൽ.എഫ്.എം.21/978/2010 തി.10.01.2011 | 6 | |
| 2002-03 | എൽ.എഫ്.എം.21/979/2010 തി.12.01.2011 | 7 | |
| 2003-04 | എൽ.എഫ്.എം.21/942/2010 തി.14.02.2011 | 16 | |
| 2004-05 | എൽ.എഫ്.എം.21/21(5)/14/2008 തി.17.02.2011 | 22 | |
| 2005-06 | എൽ.എഫ്.എം.21/978/2009തി.03.05.2011 | 10 | |
| 2006-07 | എൽ.എഫ്.എം.21/21(5)/917/2009 തി.03.06.2011 | 13 | |
| 2007-08 | എൽ.എഫ്.എം.21/21(5)/799/2009 തി.03.06.2011 | 25 | |
| 2008-09 | എൽ.എഫ്.എം.21/67/2012 തി.21.02.2012 | 23 | |
| 2009-10 | എൽ.എഫ്.എം.21/68/2012 തി.21.02.2012 | 33 | |
| 2010-11<br>2011-12 | എൽ.എഫ്.എം.21/19/2013 തി.08.02.2013 | 48 | |
| 2012-13 | എൽ.എഫ്.എം.21/3306/2014 തി.14.01.2015 | 39 | |
| 2013-14<br>2014-15 | കെ.എസ്.എ.എം.പി.എം.21/314/2016 തി.27.05.2016 | 44 | |
| 2015-16 | കെ.എസ്.എ.എം.പിഎം21/ 2742/2016 തി. 02.02.2017 | 47 | |
| 2016-17 | കെ.എസ്.എ.എം.പിഎം21/ 2385/2017 തി. 24.11.2017 | 48 | |
| 2017-18 | കെ.എസ്.എ.എം.പിഎം21/ 2824/2018 തി. 17.01.2019/19.02.19 | 30 | |
| 2018-19 | കെ.എസ്.എ.എം.പിഎം21/441/2020 തി. 24.04.2020 | 28 | |
| 2019-20 | കെ.എസ്.എ.എം.പിഎം21/1704/2022 തി. 30.07.2022 | 46 | |
| 2020-21 | കെ.എസ്.എ.എം.പിഎം21/ | -- | |

സീനിയർ ഡെപ്യൂട്ടിഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ നിലമ്പൂർ മുനിസിപ്പാലിറ്റിയുടെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ നിലമ്പൂർ മുനിസിപ്പാലിറ്റിയുടെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്